യുവത
ബുക്ക്ഹൗസ്

# ഗ്വയ്ബ്

ഡോ. എം ഉസ്മാൻ

**വിതരണം:**
**യുവത ബുക്ക്ഹൗസ്,** മർകസുദ്ദഅ്‌വ, കോഴിക്കോട്.

MALAYALAM
TITLE : **GAIB**
AUTHOR : **M USMAN, NILAMBUR**
COVER : MUJEEB KOKKUR
LAYOUT: MUJEEB KOKKUR & K T JEMSHY
FIRST EDITION: 1974
DTP: MICROPRINT, CALICUT-2
PRINTED AT: KAIRALI
PRICE: RS.
YBH
COPYRIGHT RESERVED WITH PUBLISHER

YUVATHA
BOOK HOUSE
P.B NO: 524, R.M.ROAD, KOZHIKODE-2, PHONE: 0495 2701812
email: yuvatha@rediffmail.com

# ഉള്ളടക്കം

● ഗ്വയ്ബ്
അറിവിനും കാഴ്ചയ്ക്കും അതീതം

● വിശ്വാസം
അല്ലാഹുവിന്റെ മാർഗദർശനം

● ഈമാൻ കാര്യങ്ങൾ
വിശ്വസിക്കേണ്ടത് അദൃശ്യങ്ങളിൽ തന്നെ

● ആത്മാവ്
അദൃശ്യ പ്രതിഭാസം

● അദൃശ്യം
ഇസ്ലാമും ഇതരരും

# ഗ്വയ്ബ്

# അറിവിനും കാഴ്ചയ്ക്കും അതീതം

'ഗ്വയ്ബ്' എന്ന അറബി പദത്തിന്റെ അർഥം അദൃശ്യമായത് എന്നാണ്. ഭൂതകാലത്തിന്റെ അന്ധകാരത്തിലും ഭാവിയുടെ ഗർഭത്തിലും പ്രപഞ്ചത്തിന്റെ അനന്തതയിലും ഭൂമിയുടെ അന്തർഭാഗത്തും ആഴിയുടെ അടിത്തട്ടിലും എന്നുവേണ്ട എല്ലായിടത്തും എല്ലാ കാലത്തും ഒളിഞ്ഞിരിക്കുന്ന ഗ്വയ്ബ്, ദൃശ്യപ്രപഞ്ചത്തെ നിസ്സാരമാക്കുമാറ് വിശാലവും വിപുലവുമാണ്. ദൃശ്യപ്രപഞ്ചം തന്നെ ഏറിയ കൂറും മനുഷ്യന്റെ അറിവിനും കാഴ്ചയ്ക്കും അതീതമായിട്ടാണിരിക്കുന്നത്. ശാസ്ത്രോപാധികളുടെ സഹായംകൊണ്ട് മനുഷ്യന്റെ അറിവ് നിത്യേന വികസിച്ചുവരികയാണ്. മുമ്പ് കാണാതിരുന്നത് കാണാനും അറിയാത്തത് അറിയാനും അവന് സാധിക്കുന്നു. ഇനിയും അവന്റെ വിജ്ഞാനമണ്ഡലം വികസിച്ചുകൊണ്ടിരിക്കും. എന്നാൽ എത്രതന്നെ വികസിച്ചാലും ദൃശ്യപ്രപഞ്ചത്തിന്റെ ഒരു നിസ്സാര അംശത്തെപ്പറ്റിയുള്ള ബാഹ്യമായ അറിവുകളല്ലാതെ പ്രപഞ്ച രഹസ്യത്തിലേക്കൊന്നും വെളിച്ചം വീശാൻ മാത്രം അടിസ്ഥാനപരമായ വിജ്ഞാനം ശാസ്ത്രത്തിനു നൽകാൻ സാധ്യമായെന്നുവരില്ല. പ്രപഞ്ചത്തിന്റെ അനന്തമായ വിശാലതയെപ്പറ്റി കുറച്ചെങ്കിലും ബോധമുള്ള ആർക്കും ശാസ്ത്രീയ വിജ്ഞാനത്തിന്റെ ആപേക്ഷികമായ നിസ്സാരത ബോധ്യപ്പെടും. എന്നാൽ ഈ അനന്തവിശാലമായ ദൃശ്യപ്രപഞ്ചം തന്നെ, അതിൽ മറഞ്ഞുകിടക്കുന്ന അദൃശ്യമായതുമായി തുലനംചെയ്യുമ്പോൾ ചെറുതായിപ്പോകുന്നു.

ധ്രുവപ്രദേശങ്ങൾക്കടുത്ത സമുദ്രങ്ങളിൽ പൊങ്ങിക്കിടക്കുന്ന പർവതതുല്യമായ ഹിമക്കട്ടകൾ(മഞ്ഞുമലകൾ) കപ്പലുകൾക്ക് വലിയ നാശം വരുത്താറുണ്ട്. പുറത്തേക്ക് കാണുന്നതിനേക്കാൾ, പത്തിരട്ടി സമുദ്രത്തിൽ ആണ്ടുകിടക്കുന്നുണ്ടാകും. ഇത് മഞ്ഞുമലയുടെ (ICE

BERG) സ്വഭാവമാണ്. ഈ മറഞ്ഞുകിടക്കുന്ന ഭാഗത്തെപ്പറ്റി ധാരണയില്ലാതെ കപ്പലോടിക്കുന്നവർക്ക് നാശം അനിവാര്യമാണ്. പ്രപഞ്ചം ഈ മഞ്ഞുമല പോലെയാണെന്ന് വേണമെങ്കിൽ പറയാം. അതിന്റെ പിന്നിലുള്ള ഗയ്ബിനെപ്പറ്റി ബോധമില്ലാതെ ജീവിതമാകുന്ന നൗകയെ നയിക്കുന്നവൻ നാശത്തിലേക്കാണ് കുതിക്കുന്നത്. ദൃശ്യപ്രപഞ്ചത്തിലും അതിനപ്പുറവും ഭൂത-വർത്തമാന -ഭാവി വ്യത്യാസമന്യെ എക്കാലത്തും മറഞ്ഞുകിടക്കുന്ന ഗയ്ബ് ശാസ്ത്രത്തിന്റെയും മനുഷ്യഗവേഷണത്തിന്റെയും പരിധിക്കപ്പുറത്താണ്. ഈ അദൃശ്യത്തിലുള്ള വിശ്വാസമാണ് മതങ്ങളുടെയെല്ലാം അടിസ്ഥാനം. ഗയ്ബിനെപ്പറ്റിയുള്ള ഊഹങ്ങളും തെറ്റായ ധാരണകളും കെട്ടുകഥകളും മതവിശ്വാസികൾക്കുണ്ടായിരിക്കാമെങ്കിലും അടിസ്ഥാനപരമായി അദൃശ്യലോകത്തെ എല്ലാ മതങ്ങളും അംഗീകരിക്കുന്നു.

എന്നാൽ അദൃശ്യമായതിനെപ്പറ്റിയുള്ള കണിശവും യഥാർഥവുമായ വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലുള്ള മതത്തിനു മാത്രമേ മനുഷ്യനെ ആപത്തിലകപ്പെടാതെ രക്ഷപ്പെടുത്താൻ സാധിക്കൂ. മനുഷ്യന് ഈ നേർമാർഗം ലഭിക്കേണ്ടത് ദൃശ്യവും അദൃശ്യവുമായ എല്ലാ കാര്യങ്ങളും പൂർണമായി അറിയുന്ന അല്ലാഹുവിങ്കൽ നിന്നുതന്നെയായിരിക്കണം. ശാസ്ത്രപുരോഗതിക്കോ, മറ്റു മനുഷ്യ വിജ്ഞാനശാഖകൾക്കോ, ദാർശനികന്മാർക്കോ തത്വജ്ഞാനികൾക്കോ ഈ മാർഗം കാണിച്ചുതരാനാവില്ല, സാധ്യവുമല്ല. മഞ്ഞുമലയുടെ മുകൾ ഭാഗം മാത്രം ഭാഗികമായി കണ്ടുകൊണ്ടാണ് എല്ലാ ദാർശനികരും തത്വജ്ഞാനികളും ശാസ്ത്രജ്ഞരും സിദ്ധാന്തങ്ങൾ രൂപീകരിക്കുന്നത്. മറഞ്ഞുകിടക്കുന്ന ഭാഗത്തെപ്പറ്റി അവർ അശ്രദ്ധരും അജ്ഞരുമാണ്. അവരുടെ കപ്പലുകൾ കുതിക്കുന്നത് നാശത്തിലേക്കുതന്നെ. നാശത്തിലകപ്പെടാതെ രക്ഷപ്പെടാൻ മനുഷ്യർ സൂക്ഷ്മതയോടെ അനുഷ്ഠിക്കേണ്ട മുറകളും നിയമങ്ങളും അല്ലാഹു അവന്റെ ദൂതന്മാർ മുഖേന മനുഷ്യർക്ക് എത്തിച്ചുകൊടുക്കുന്നു. ദൃശ്യവും അദൃശ്യവുമായ എല്ലാറ്റിനെപ്പറ്റിയും പൂർണജ്ഞാനമുള്ള അല്ലാഹുവിനല്ലാതെ എത്ര ഉന്നതനായ സൃഷ്ടിക്കും മതനിയമങ്ങളിൽ വള്ളിപുള്ളിപോലും മാറ്റം വരുത്താൻ അവകാശമില്ല എന്ന് ഇസ്‌ലാം നിർബന്ധിക്കുന്നു. ഇത് മറ്റാർക്കും ഗയ്ബ് അറിയില്ല എന്നതുകൊണ്ടുതന്നെ ആയിരിക്കാം.

അദൃശ്യത്തിന്റെ ഭണ്ഡാരങ്ങൾ അവന്റെ അധീനത്തിലാകുന്നു. അവനല്ലാതെ അതറിയുന്നില്ല. കരയിലും കടലിലും ഉള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇലപോലും വീഴുന്നില്ല. വ്യക്തമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്താത്തതായി ഭൂമിയുടെ അന്തർഭാഗത്ത് ഒരു ധാന്യമണിയോ പച്ചയോ ഉണങ്ങിയതോ ആയ (വല്ല സാധനമോ), യാതൊന്നുമില്ല. (വി.ക്വു.6:59)

## അറിവിന്റെ പരിമിതി

അല്ലാഹുവിന്റെ അറിവ് പരിപൂർണമാകുന്നു. ദൃശ്യവും അദൃശ്യവുമായതെല്ലാം അവൻ പൂർണമായി അറിയുന്നു. എത്ര നിസ്സാരമായി നാം കരുതുന്ന കാര്യങ്ങളും അല്ലാഹുവിന്റെ അറിവിൽ പെടാതെ പോകുന്നില്ല. ദൃശ്യലോകത്തുതന്നെ നടക്കുന്ന കാര്യങ്ങൾ അധികവും മനുഷ്യനെ സംബന്ധിച്ചേടത്തോളം മറഞ്ഞുകിടക്കുന്നു. അത്തരം മറഞ്ഞകാര്യങ്ങൾ ചിലപ്പോൾ ശാസ്ത്രോപാധികൾകൊണ്ട് കണ്ടുപിടിക്കാൻ സാധിക്കുന്നു. പരമാണുവും ബാക്ടീരിയയും വൈറസും മറ്റും മൈക്രോസ്കോപ്പിന്റെയും ഇലക്ട്രോണിക് മൈക്രോസ്കോപ്പിന്റെയും സഹായംകൊണ്ട് ദൃശ്യമാകുന്നതിനു മുമ്പ് മനുഷ്യനെ സംബന്ധിച്ചേടത്തോളം അവ അദൃശ്യജ്ഞാനത്തിൽ പെട്ടതായിരുന്നു. അതുപോലെ തന്നെ ഒരു മുറിയുടെ അകത്തുനടക്കുന്ന കാര്യങ്ങൾ പുറത്തിരിക്കുന്നവന് ഗ്വയ്ബ് ആയിരിക്കും. ഈ നിലക്ക് ദൃശ്യലോകത്തു തന്നെ ഒരുത്തനു ഗ്വയ്ബ് ആയത് മറ്റൊരുവന് അറിയുന്നതായിരിക്കും. ഇരുട്ടിൽ മനുഷ്യന് കാണാത്തത് പൂച്ചയ്ക്ക് കാണാൻ സാധിച്ചേക്കും. ജിന്ന് കാണുന്നത് മനുഷ്യന് കണ്ടില്ലെന്നുവരാം. ഇതൊന്നും സാക്ഷാൽ ഗ്വയ്ബല്ല. മതത്തിന്റെ അടിസ്ഥാനമായ ഗ്വയ്ബിലുള്ള വിശ്വാസം എന്നു പറയുമ്പോൾ നാം ഉദ്ദേശിക്കുന്നത് ഇക്കാണുന്ന ലോകത്തുതന്നെയുള്ള ഈ ആപേക്ഷികമായ ഗ്വയ്ബിനെയല്ല. ദൃശ്യപ്രപഞ്ചത്തിന്റെ പിന്നിൽ മനുഷ്യന് ഒരു വിധത്തിലും കാണാൻകഴിയാത്ത നിലയിൽ മറഞ്ഞിരിക്കുന്ന പ്രപഞ്ചത്തിന്റെ പ്രവർത്തനത്തിനു പിന്നിലുള്ള രഹസ്യമായ ഗ്വയ്ബ് ആണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്.

## വിശ്വസിക്കുന്നത് മറഞ്ഞിരിക്കുന്നതിൽ തന്നെ

'വിശ്വാസം' എന്ന വിഷയം ഉത്ഭവിക്കുന്നതു തന്നെ അദൃശ്യമായത് ഉള്ളപ്പോഴാണ്. ദൃശ്യവും വ്യക്തവുമായതിൽ വിശ്വസിക്കുക എന്ന പ്രശ്നമില്ല. എനിക്ക് രണ്ടു കൈകളും രണ്ടു കണ്ണുകളും ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു എന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ എനിക്ക് ആത്മാവുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു എന്നു പറയുമ്പോൾ അത് അർഥവത്താകുന്നു. ഞാൻ ഒരാളെ വിശ്വസിക്കുന്നു എന്നു പറയുമ്പോഴും അങ്ങനെത്തന്നെ. അയാൾ എന്നെ വഞ്ചിക്കുകയില്ല എന്ന അദൃശ്യത്തിലാണ് ഞാൻ വിശ്വസിക്കുന്നത്. അയാളെപ്പറ്റിയുള്ള പരിചയം കൊണ്ടും അറിവുകൊണ്ടുമാണ് ഈ വിശ്വാസം ഉണ്ടായതെങ്കിലും അയാളിൽ മറഞ്ഞിരിക്കുന്ന ഗുണങ്ങളിലാണ് ഞാൻ വിശ്വസിക്കുന്നത്.

ഏത് ബുദ്ധിയുള്ള, ഭ്രാന്തില്ലാത്ത മനുഷ്യനും പലതിലും വിശ്വസിച്ചുകൊണ്ടാണ് ജീവിക്കുന്നത്. വിശ്വാസം പറ്റെ നശിച്ചാൽ മനുഷ്യന് ഭ്രാന്ത് പിടിക്കുന്നു. ഏത് ഭൗതികവാദിയും യുക്തിവാദിയും തനിക്കറിയാത്ത പലതും വിശ്വസിച്ചുകൊണ്ടാണ് ഈ ലോകത്ത് ജീവിക്കുന്നത്.

അനന്തവിശാലമായ പ്രപഞ്ചത്തിൽ ലക്ഷക്കണക്കിലുള്ള ഗോളങ്ങളുടെ മധ്യത്തിലൂടെ ചലിച്ചുകൊണ്ടിരിക്കുന്ന ഭൂഗോളം ഒന്നിനോടും തട്ടിമുട്ടി നശിച്ചു ചാമ്പലാകാതെ അടുത്ത നിമിഷത്തിലും നിലനില്ക്കുമെന്ന് ഏതറിവിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യൻ വിശ്വസിക്കുന്നത്? ഈ വിശ്വാസം തീരെ നഷ്ടപ്പെട്ട മനുഷ്യൻ ഓരോ നിമിഷവും എത്ര ഭയത്തിലാണ് കഴിച്ചുകൂട്ടേണ്ടി വരിക? ഇങ്ങനെ വിശ്വാസം നഷ്ടപ്പെട്ട ചില ഞരമ്പുരോഗികളെ കാണാം. അവർക്ക് ആകാശം തലയിലേക്ക് വീഴുമോ, ഭൂമിയിലേക്ക് താൻ താണുപോകുമോ എന്നെല്ലാമുള്ള ഭയംകൊണ്ട് ജീവിക്കുകതന്നെ പ്രയാസമായിത്തീർന്നിരിക്കും.

ഓരോരുത്തരുടെയും ആത്മവിശ്വാസം തന്നെ യഥാർഥത്തിൽ മറഞ്ഞുകിടക്കുന്ന കാര്യത്തിലുള്ള വിശ്വാസമാണ്. തനിക്ക് അടുത്ത നിമിഷത്തിലും കാഴ്ചയും കേൾവിയും ബുദ്ധിശക്തിയും ശാരീരികമായ മറ്റു കഴിവുകളും ഉണ്ടായിരിക്കുമെന്ന് ഏത് മനുഷ്യന്നാണ് ഉറപ്പുപറയാൻ സാധിക്കുക. അപ്പോൾ അനിശ്ചിതവും അദൃശ്യവും അജ്ഞാതവുമായ തന്റെ കഴിവിൽ വിശ്വസിച്ചുകൊണ്ടാണ് ഓരോ മനുഷ്യനും ജീവിക്കുന്നത്. ജീവിതം മുന്നോട്ട് പോകണമെങ്കിൽ ആ വിശ്വാസം അത്യാവശ്യവുമാണ്. അങ്ങനെ നോക്കുമ്പോൾ പല തരത്തിലും അദൃശ്യകാരണങ്ങളിൽ വിശ്വസിച്ചുകൊണ്ടാണ് മനുഷ്യൻ ഭൂമിയിൽ ജീവിക്കുന്നത്. ലൗകിക ജീവിതത്തിന്റെ നേട്ടങ്ങളും വിജയങ്ങളും വിശ്വാസത്തെ ആശ്രയിച്ചാണിരിക്കുന്നത്. ജീവിതം തന്നെ അദൃശ്യകാര്യങ്ങളിൽ വിശ്വസിച്ച് ശീലിക്കുവാനുള്ള ഒരു പരിശീലനം പോലെയാണ്. തങ്ങൾ അറിയാത്ത കാര്യങ്ങളിലൊന്നും വിശ്വസിക്കുകയില്ല എന്ന് പറയുന്ന ഭൗതികവാദികളുടെ നിലയും ഇതിൽ നിന്നു വ്യത്യസ്തമല്ല.

## വിശ്വാസത്തിലൂടെ പൂർണതയിലേക്ക്

വിശ്വാസം വിജ്ഞാനത്തിന്റെ അപൂർണതയെ പരിഹരിക്കുന്നു. ഇത് എല്ലാ കാര്യത്തിലും ബാധകമാണെന്നു പറയാം. മനുഷ്യന്റെ സാധാരണ വ്യാപാരങ്ങളിലും, ശാസ്ത്രത്തിന്റെ വളർച്ചയുടെ കാര്യത്തിലുമെല്ലാം അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ പൊതുവായ നിഗമനങ്ങളിൽ എത്തിച്ചേരാൻ മനുഷ്യനെ സഹായിക്കുന്നത് വിശ്വാസമാണ്. വെള്ളം മനുഷ്യന്റെ ദാഹം ശമിപ്പിക്കുന്ന നിരുപദ്രവകരമായ ഒരു ദ്രാവകമാണെന്ന് ഒരു കപ്പ് വെള്ളം കുടിച്ച അനുഭവത്തിൽ നിന്നും ഒരാൾക്ക് മനസ്സിലാകുന്നു. ഈ അറിവ് യഥാർഥത്തിൽ ആ കുടിച്ചുകഴിഞ്ഞ വെള്ളത്തെപ്പറ്റി മാത്രമുള്ളതാണ്. അടുത്ത കപ്പ് വെള്ളം അങ്ങനെ ആയിക്കൊള്ളണമെന്ന് എന്താണ് ഉറപ്പ്? ഒരായിരം പ്രാവശ്യം ഈ അനുഭവം ആവർത്തിച്ചാലും ആയിരത്തി ഒന്നാമത്തേത് ഇങ്ങനെ ആയിരിക്കണമെന്നുണ്ടോ? അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ വെള്ളത്തെപ്പറ്റി പൊതുവിൽ ഒരു നിഗമനത്തിൽ എത്തിച്ചേരാൻ സഹായിക്കുന്നത് വിശ്വാ

സമാണ്. ഈ വിശ്വാസം ഇല്ലാത്ത മനുഷ്യന് തന്റെ അനുഭവജ്ഞാനം കൊണ്ട് ഒരു കാര്യവും ഉണ്ടാകുന്നില്ല. ഒരു കപ്പ് വെള്ളത്തെപ്പറ്റിയുള്ള അനുഭവജ്ഞാനം അതിനു മാത്രമേ ബാധകമാകുന്നുള്ളൂ. വേറെ ഒരു പാത്രം അങ്ങനെ ആകുമെന്ന വിശ്വാസം അയാൾക്കുണ്ടാവില്ല.

ശാസ്ത്രീയ വിജ്ഞാനത്തിന്റെയും പുരോഗതിയുടെയും നില ഇതു തന്നെയാണ്. ഒരു വസ്തുവിന്റെ അംശം കൊണ്ട് നടത്തുന്ന പരീക്ഷണ ത്തിൽ നിന്നു ലഭിക്കുന്ന വിജ്ഞാനം മാത്രമാണത്. ഈ വസ്തുത അതേ വസ്തുവിന്റെ വേറെ ഒരു അംശത്തെ സംബന്ധിച്ചേടത്തോളം ശരിയാ യിരിക്കും എന്ന വിശ്വാസമില്ലെങ്കിൽ ശാസ്ത്രീയഗവേഷണവും പുരോ ഗതിയുമെല്ലാം അസാധ്യമായിത്തീരും. പദാർഥത്തിന്റെ മറഞ്ഞുകിട ക്കുന്ന ഗുണങ്ങളിൽ വിശ്വാസം അർപ്പിച്ചുകൊണ്ടാണ് ശാസ്ത്രകാരൻ പ്രവർത്തിക്കുന്നത്. ഇത് വിശ്വാസമല്ല വിജ്ഞാനമാണ് എന്നു പറ ഞ്ഞേക്കും. പക്ഷേ പ്രസ്തുത പദാർഥത്തെപ്പറ്റി തന്റെ മുമ്പുണ്ടായ അനു ഭവജ്ഞാനം പരീക്ഷണവിധേയമാകുന്ന അംശത്തിനും ബാധകമാ ണെന്നു വിശ്വാസമില്ലെങ്കിൽ ആ വിജ്ഞാനം ഉപയോഗശൂന്യമാണ്. അപ്പോൾ മനുഷ്യന്റെ സാധാരണ വ്യാപാരങ്ങളിലും ശാസ്ത്രീയ ഗവേ ഷണങ്ങളിലുമെല്ലാം അവന്റെ വിജ്ഞാനത്തിന്റെ അപൂർണതയെ പരി ഹരിക്കുന്നത് വിശ്വാസമാണെന്ന് വരുന്നു. പക്ഷേ, ഈ വിശ്വാസം യാഥാർഥ്യവുമായി യോജിച്ചതായിരിക്കണം. യാഥാർഥ്യവുമായി പൊരു ത്തപ്പെടാത്ത വിശ്വാസങ്ങൾ വിജ്ഞാനമണ്ഡലത്തിന്റെ വളർച്ചക്കനുസ രിച്ച് തിരുത്തപ്പെടുന്നു. അറിയാത്ത കാര്യങ്ങളെപ്പറ്റി ശരിയും തെറ്റു മായ പലതരം വിശ്വാസങ്ങളുമായാണ് ഇന്നും മനുഷ്യൻ മുന്നോട്ടുപോകുന്നത്. ചരിത്രം, ശാസ്ത്രം, സാഹിത്യം എന്നീ രംഗങ്ങളി ലെല്ലാം വിജ്ഞാനത്തിന്റെ അപൂർണതകൊണ്ടുണ്ടാകുന്ന ഒഴിവിനെ വിശ്വാസങ്ങൾ പൂരിപ്പിക്കുന്നു.

ലൗകിക ജീവിതത്തെ മാത്രം ബാധിക്കുന്ന ഇത്തരം വിശ്വാസങ്ങ ളിൽ ചിലപ്പോൾ അബദ്ധങ്ങളും തെറ്റുകളും പറ്റിയാലും അവകൊണ്ടുള്ള ആപത്തുകൾക്ക് പരിമിതിയുണ്ട്. സൂര്യൻ ഭൂമിയെ ചുറ്റുകയാണെന്ന് വിശ്വ സിച്ചാലും ഒരു മനുഷ്യന്റെ ജീവിതത്തെ അത് വല്ലാതെയൊന്നും ബാധി ക്കുന്നില്ല. ഇനി പാഷാണം അമൃതാണെന്നു വിശ്വസിച്ച് ഒരാൾ ഭക്ഷി ച്ചാലും, മരിക്കേണ്ട മനുഷ്യൻ പെട്ടെന്ന് മരിച്ചുപോകും എന്ന ഒരാപത്തേ വരാനുള്ളൂ. എന്നാൽ ഈ പ്രപഞ്ചത്തിന്റെയും ആസ്തിക്യത്തിന്റെയും പിന്നിൽ മറഞ്ഞിരിക്കുന്ന രഹസ്യമായ ഗ്വയ്ബിനെപ്പറ്റിയുള്ള വിശ്വാസ ത്തിന്റെ കാര്യത്തിൽ പറ്റുന്ന തെറ്റുകൾക്ക് ദൂരവ്യാപകമായ ഫലങ്ങളുണ്ട്. ഈ ക്ഷണികമായ ലൗകിക ജീവിതത്തെ മാത്രമല്ല, അനശ്വരമായ പര ലോകജീവിതത്തെയും എന്നെന്നേക്കുമായി നാശത്തിലാക്കുവാൻ അതു കാരണമാകും. അതുകൊണ്ട് മഞ്ഞുമലയുടെ മറഞ്ഞുകിടക്കുന്ന ഭാഗ ത്തെപ്പറ്റി കണിശമായ അറിവു ലഭിക്കൽ അത്യാവശ്യമാണ്.

## അദൃശ്യത്തിൽ നിന്ന് അകന്നുമാറുന്നവർ

ഗ്വയ്ബിനെപ്പറ്റി മനുഷ്യൻ പലവിധ വിശ്വാസങ്ങളും വെച്ചുപുലർത്തുന്നു. ഏതെങ്കിലും തരത്തിലുള്ള വിശ്വാസങ്ങൾ കൊണ്ട് വിടവു നികത്തുക എന്നത് ഏതു മനുഷ്യനെ സംബന്ധിച്ചേടത്തോളവും അത്യാവശ്യമാണ്. ചിലർ ദൈവങ്ങളെപ്പറ്റിയും ദേവീദേവന്മാരെപ്പറ്റിയും പലതരം കെട്ടുകഥകളിൽ വിശ്വസിക്കുന്നു. മരിച്ചുപോയ മഹാത്മാക്കളെപ്പറ്റിയും അല്ലാഹുവിന്റെ മേൽ അവർക്കുള്ള സ്വാധീനത്തെപ്പറ്റിയും യാതൊരു തെളിവുകളുമില്ലാത്ത ഐതിഹ്യങ്ങളിലും വിശ്വസിക്കുന്നവരുണ്ട്. ദേവലോകത്തെപ്പറ്റിയും ദേവീ-ദേവന്മാരുടെ മത്സരങ്ങളെപ്പറ്റിയും യുദ്ധങ്ങളെപ്പറ്റിയും എല്ലാം വളരെയധികം കഥകൾ വിശ്വസിച്ചുവരുന്നുണ്ട്.

അദൃശ്യമായ കാര്യങ്ങളിലൊന്നും വിശ്വസിക്കുന്നില്ല എന്നു പറയുന്ന ഭൗതികവാദികളുണ്ട്. അവരുടെ നിലയെന്താണ്? ദൈവമില്ലെന്നും പ്രപഞ്ചത്തിന്റെ പിന്നിൽ അദൃശ്യമായ രഹസ്യങ്ങളൊന്നും ഇല്ലെന്നും അവർ വിശ്വസിക്കുന്നത് വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിലൊന്നുമല്ലല്ലോ. പദാർഥത്തിന്റെ അനാദിത്വത്തിലും കാലാന്തരത്തിലൂടെയുള്ള അതിന്റെ സ്വമേധയായുള്ള പരിണാമങ്ങളിലും വളർച്ചയിലും, ആ വളർച്ചയുടെ ഒരോ ഘട്ടത്തിലുമുള്ള ജീവന്റെ സ്വമേധയായുള്ള പരിണാമത്തിലും വളർച്ചയിലും, അങ്ങനെ മനുഷ്യനെന്ന ഉദ്കൃഷ്ടജീവിയുടെ പരിണാമത്തിലുമെല്ലാം ഭൗതികവാദി വിശ്വസിക്കുക തന്നെ വേണം. ഒരു മതവിശ്വാസിയെക്കാൾ അധികം സങ്കീർണവും അജ്ഞാതവുമായ കാര്യങ്ങളിൽ ഒരു ഭൗതികവാദി വിശ്വസിക്കേണ്ടതുണ്ട്. ഈ ആശ്ചര്യകരമായ പ്രപഞ്ചവും അതിന്റെ ഘടനയും പ്രവർത്തനവുമെല്ലാം സ്വമേധയാ ഉണ്ടായതും നടക്കുന്നതുമാണ് എന്നെല്ലാം പറയുന്നത് പൂർണമായ വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണോ? ഒരിക്കലുമല്ല. ഒരു തരം വിശ്വാസമാണത്. മനുഷ്യമനസ്സിൽ വിശ്വാസത്തിന്റെ വിടവ് സത്യവിശ്വാസം കൊണ്ട് നീക്കുന്നില്ലെങ്കിൽ സത്യവിരുദ്ധമായ വിശ്വാസങ്ങൾ ആ സ്ഥാനം പൂരിപ്പിച്ചിരിക്കും.

'അപ്പോൾ അസത്യത്തിൽ അവർ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തെ (ക്വുർആൻ) അവർ അവിശ്വസിക്കുകയുമാണോ ചെയ്യുന്നത്!' (വി.ക്വു.29:67)

മനുഷ്യന്റെ ദേഹേച്ഛക്ക് യോജിച്ച തരം വിശ്വാസങ്ങൾ പിശാച് അവന്റെ മനസ്സിൽ സുന്ദരവും മഹത്തുമായി തോന്നിപ്പിക്കുകയും ഇത്തരം വിശ്വാസങ്ങൾ അവനെ വഴിതെറ്റിക്കുകയും ചെയ്യുന്നു. അല്ലാഹു അവന്റെ പ്രവാചകന്മാർ മുഖേന മനുഷ്യവർഗത്തിന് സത്യമാർഗം കാണിച്ചുകൊടുത്താലും അതു സ്വീകരിക്കാൻ ഭൂരിപക്ഷവും വിമുഖത കാണിക്കുന്നു. ഗ്വയ്ബിനെപ്പറ്റിയുള്ള അവരുടെ ഭാവനകളെയും ഊഹാപോഹങ്ങളെയും കൈവിടാൻ അവർ തയ്യാറാകുന്നില്ല. അല്ലാഹുവിങ്കൽ

നിന്നും വ്യക്തമായ തെളിവുകളോടെ വരുന്ന പ്രവാചകനെയും ഗ്രന്ഥ ത്തെയും അവർ സ്വീകരിക്കാൻ വൈമനസ്യം കാണിക്കുന്നു.

ഗ്വയ്ബിനെപ്പറ്റി പൂർണ ജ്ഞാനമുള്ള അല്ലാഹുവിൽ നിന്ന് 'വഹ്യ്' മുഖേന വന്ന സത്യം സ്വീകരിക്കാനും വിശ്വസിക്കാനും കൂട്ടാക്കാത്ത മനുഷ്യർക്ക് പരലോകത്തു വെച്ചുണ്ടാകാൻ പോകുന്ന അനുഭവം എത്ര നിരാശാജനകമാണ്. അവിടെ വെച്ചു നേരിൽ കാണുന്നതോടെ, അനുഭ വപ്പെടുന്നതോടെ വിശ്വസിക്കുവാനുള്ള സമയം വിദൂരത്തായിത്തീരുന്നു. വിശ്വാസം അവിടെ നിന്ന് കരസ്ഥമാക്കാൻ സാധ്യമല്ല. നേരിൽ കാണു കയും അനുഭവപ്പെടുകയും ചെയ്യുന്നതിനു മുമ്പു മാത്രമേ വിശ്വാസ ത്തിനു പ്രസക്തിയുള്ളൂ.

പ്രവാചകന്മാർ മുഖേന ഗ്വയ്ബിനെപ്പറ്റി അല്ലാഹു അറിയിച്ചുതന്ന കാര്യങ്ങൾ സ്വീകരിക്കാതെ സ്വന്തം നിഗമനങ്ങളിലും ഭാവനകളിലും വിശ്വസിക്കുകയാണ്, അവിശ്വാസികൾ ഇഹലോകത്തുവെച്ചു ചെയ്യുന്നത്. ബഹുദൈവാരാധകന്മാരും, ഭൗതിക വാദികളുമെല്ലാം ദൈവസന്ദേശങ്ങ ളിൽ കൂടി ലഭിച്ചിട്ടുള്ള അദൃശ്യകാര്യങ്ങളെപ്പറ്റിയുള്ള വിജ്ഞാനത്തെ പുച്ഛിച്ചു തള്ളുകയും പ്രവാചകന്മാരെയും ഗ്രന്ഥങ്ങളെയും കെട്ടുകഥ കളായി ചിത്രീകരിക്കുകയും ചെയ്യുന്നു. എന്നാൽ ഗ്വയ്ബിനെപ്പറ്റി ഒന്നും വിശ്വസിക്കാതിരിക്കുകയല്ല അവർ ചെയ്യുന്നത്. ഒരു തെളിവുമില്ലാത്ത സ്വന്തം ഭാവനകളും ഊഹാപോഹങ്ങളുമാണ് അവർ വിശ്വസിക്കാൻ ഇഷ്ടപ്പെടുന്നത്. ഈ വിശ്വാസങ്ങൾ സത്യവുമായി ഒരു ബന്ധവുമില്ലാ ത്തവയായതിനാൽ പരലോകത്തു സത്യവുമായി നേരിടുമ്പോൾ അവർക്കു പ്രകാശം നല്കുന്നില്ല. 'സത്യവിശ്വാസം' മാത്രമേ അവിടെ പ്രകാശം നല്കുകയുള്ളൂ. അവിടെ വെച്ച് ആ പ്രകാശം നേടുക സാധ്യ വുമല്ല. അവർക്കും പ്രകാശം ലഭിച്ചെങ്കിൽ എന്നവർ ആശിച്ചുപോകും. പക്ഷേ, അവരുടെയും അവർ ആശിക്കുന്നതിന്റെയും ഇടയിൽ അവർക്ക് ഒഴിവാക്കാൻ സാധിക്കാത്ത രീതിയിലുള്ള മറ വീഴുന്നു.

## ശാസ്ത്രത്തിന് അപ്രാപ്യം

മനുഷ്യന്റെ ബുദ്ധിക്കും അറിവിന്നും നേരിട്ട് ഒരിക്കലും അറിയാൻ കഴിയാത്ത, അദൃശ്യകാര്യങ്ങളെപ്പറ്റിയുള്ള വിജ്ഞാനത്തിൽ നിന്ന് അവന്റെ പ്രവാചകന്മാർക്ക് 'വഹ്യ്' മുഖേന അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ എത്തിച്ചുകൊടുക്കുന്നു. പരലോകത്ത് രക്ഷ കിട്ടേണ്ടതിന് ഗ്വയ്ബിനെപ്പറ്റി വിശ്വസിക്കേണ്ടതും സൂക്ഷിക്കേണ്ടതുമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയുവാൻ ഇങ്ങനെ പ്രവാചകന്മാർ മുഖേന ലഭി ച്ചിട്ടുള്ള അറിവു മാത്രമാണ് നമുക്ക് ആധാരം. ശാസ്ത്രീയ പുരോഗതി കൊണ്ടൊന്നും സാക്ഷാൽ അദൃശ്യകാര്യങ്ങളെപ്പറ്റിയുള്ള അറിവ് ലഭി ക്കുക സാധ്യമല്ല. ദൃശ്യലോകത്തു തന്നെയുള്ള ആപേക്ഷികമായ അദൃ ശ്യകാര്യങ്ങൾ മാത്രമാണ് ശാസ്ത്രം കൂടെക്കൂടെ വെളിച്ചത്ത് കൊണ്ടുവ

രുന്നത്. മതത്തിന്റെ അടിസ്ഥാനപരമായ 'ഗ്വയ്ബ്' ശാസ്ത്രീയഗവേഷണങ്ങൾക്ക് അതീതമാണ്. ഒരു മുസ്‌ലിം ബിരുദധാരിയുടേതായി പത്രത്തിൽ വായിക്കാനിടയായ ഒരു കാര്യമാണ്, ഈ വസ്തുത ഒന്നുകൂടി ഊന്നുവാൻ എന്നെ പ്രേരിപ്പിച്ചത്. ശാസ്ത്രം പുരോഗമിക്കുംതോറും 'ഗ്വയ്ബാ'യ കാര്യങ്ങൾ ഓരോന്നായി പുറത്തുവന്നുകൊണ്ടിരിക്കയാണ്. അവസാനം 'ഗ്വയ്ബായി' അവശേഷിക്കുന്നത് അല്ലാഹു മാത്രമായിരിക്കും' എന്നാണ് 'ഗയ്ബ്' എന്ന വിഷയത്തെപ്പറ്റിയുള്ള ഒരു സിമ്പോസിയത്തിൽ അദ്ദേഹം പ്രസ്താവിച്ചുകണ്ടത്! എന്തൊരു വിഡ്ഢിത്തമാണ് ഈ പറഞ്ഞത്! പലരും അത് സത്യമാണെന്ന് ധരിച്ചിട്ടുണ്ടായിരിക്കാം. ഫലത്തിൽ മലക്കുകളെയും സ്വർഗത്തെയും 'വഹ്‌യ്'നെയും കിതാബുകളെയും, പ്രവാചകന്മാരെയും എല്ലാം നിഷേധിക്കുന്നതിനു സമമാണ് ഈ പ്രസ്താവന! ഇവയെല്ലാം ശാസ്ത്രം കണ്ടുപിടിച്ചുകഴിഞ്ഞുവെന്നും, ഇനി അല്ലാഹു മാത്രമാണ് ബാക്കി നില്ക്കുന്നതെന്നുമാണോ ഇതുകൊണ്ടുദ്ദേശിക്കുന്നത്? അതായിരിക്കാൻ സാധ്യതയില്ല. ശാസ്ത്രം ഇവയൊന്നും കണ്ടുപിടിച്ചില്ലല്ലോ. അപ്പോൾ ഇവയൊന്നും 'ഇല്ല' എന്ന് ശാസ്ത്രം കണ്ടുപിടിച്ചുകഴിഞ്ഞുവെന്നായിരിക്കുമോ ഇപ്പറഞ്ഞതിന്റെ ഉദ്ദേശ്യം. ഇനി പൂർണമായി നിഷേധിക്കാതെ അവശേഷിക്കുന്നത്, അല്ലാഹു മാത്രമാണ് എന്നാവുമോ? എന്നാൽ ശാസ്ത്രം ഇവയൊന്നും ഇല്ല എന്ന് കണ്ടുപിടിച്ചിട്ടുണ്ടോ? അതുമില്ല. പിന്നെ എന്താണ് ഈ പറഞ്ഞതുകൊണ്ടുള്ള ഉദ്ദേശ്യം? ശാസ്ത്രത്തിന്റെ പരിമിതിയെപ്പറ്റി ഒട്ടും ധാരണയില്ലാതെ, എല്ലാം ശാസ്ത്രീയ പുരോഗതി കൊണ്ട് സാധിക്കും എന്ന മൂഢത ബാധിച്ച ചിലരുണ്ട്. അവർ ശാസ്ത്രത്തിനു 'ദൈവികത്വം' അനുവദിച്ചുകൊടുക്കുന്നു. ആ മൂഢതയുടെ പാരമ്യത്തിൽ 'ഗ്വയ്ബെല്ലാം ശാസ്ത്രം കണ്ടുപിടിച്ചുകഴിഞ്ഞു'വെന്ന് തോന്നിയതുമായിരിക്കാം,

ഭൗതികവാദികളും യുക്തിവാദികളും മതവിശ്വാസികളുമൊക്കെ ഈ പ്രപഞ്ചത്തെപ്പറ്റിയും അതിന്റെ ഉല്പത്തിയെപ്പറ്റിയുമെല്ലാം എന്തെങ്കിലും തരത്തിലുള്ള വിശ്വാസങ്ങൾ വെച്ചുപുലർത്തുന്നവരാണ്. പ്രപഞ്ചോല്പത്തിയെപ്പറ്റി ശാസ്ത്രകാരന്മാർ പലതരം സിദ്ധാന്തങ്ങളും മാറ്റി മാറ്റി അവതരിപ്പിക്കുന്നുണ്ടെങ്കിലും, അവയെല്ലാം ഏറിയ കൂറും ഊഹങ്ങളുടെയും സങ്കല്പങ്ങളുടെയും അടിസ്ഥാനത്തിലുള്ളവയാണ്. ചിലർ ചില സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നു. മറ്റു ചിലരുടെ വിശ്വാസം വേറെ ഒരു തരത്തിലായിരിക്കും. ചിലരുടെ വിശ്വാസങ്ങൾ വർഷംതോറും മാറിക്കൊണ്ടിരിക്കും. ഈ പ്രപഞ്ചത്തിനു പിന്നിലുള്ള രഹസ്യവും അതിന്റെ സൃഷ്ടിയും ഉല്പത്തിയും എല്ലാം, ശാസ്ത്രീയ ഗവേഷണങ്ങൾ കൊണ്ട്, കണിശമായി കണ്ടുപിടിക്കാൻ എന്നെങ്കിലും സാധിക്കുമോ ആവോ? അതുവരെ അത്തരം കാര്യങ്ങളെപ്പറ്റിയൊന്നും ചിന്തിക്കാതെ, യാതൊന്നിലും വിശ്വസിക്കാതെ, കന്നുകാലികളെപ്പോലെ ഭൂമിയിൽ മേഞ്ഞുനട

ക്കുന്ന ഗതികേടിൽ, മനുഷ്യരെ അവരുടെ സ്രഷ്ടാവായ അല്ലാഹു ആക്കിയിട്ടില്ല എന്നു സമാധാനിക്കാം.

പ്രപഞ്ചത്തിന്റെയും മനുഷ്യജീവിതത്തിന്റെയും ആസ്തികൃത്തിന്റെയുമെല്ലാം അർഥവും ലക്ഷ്യവും പ്രപഞ്ചത്തിന്റെ പിന്നിലുള്ള അദൃശ്യമായ (ഗ്വയ്ബ്) തിനെപ്പറ്റിയുള്ള വിജ്ഞാനവും ശാസ്ത്രീയഗവേഷണ നിരീക്ഷണങ്ങളുടെ പരിധിക്കപ്പുറത്തുള്ള കാര്യങ്ങളുമാണ്. ആദിമ മനുഷ്യർ തൊട്ട് അവസാനത്തെ മനുഷ്യർ വരെ അറിഞ്ഞിരിക്കേണ്ട ഇത്തരം കാര്യങ്ങൾ, ആധുനിക ശാസ്ത്രത്തിന്റെ വളർച്ച കണ്ടുപിടിച്ചു മനസ്സിലാക്കിയിട്ടുവേണം എന്നു വന്നാൽ, അതു വലിയ അക്രമമായിരിക്കും; അപ്രായോഗികവുമായിരിക്കും. അതുകൊണ്ട് മനുഷ്യജീവിതത്തിന്റെ അന്തിമലക്ഷ്യത്തെപ്പറ്റിയും, ആ ലക്ഷ്യം നേടാൻ മനുഷ്യൻ സ്വീകരിക്കേണ്ട മുറകളെപ്പറ്റിയും മനുഷ്യൻ ഭൂമിയിൽ വാസം തുടങ്ങിയതു മുതൽ തന്നെ അല്ലാഹു പ്രവാചകന്മാർ മുഖേന സന്ദേശങ്ങൾ എത്തിച്ചുകൊണ്ടിരുന്നു. മനുഷ്യചരിത്രത്തിൽ എല്ലാ നാടുകളിലും ഇങ്ങനെ പ്രവാചകന്മാർ വരികയും അല്ലാവുവിങ്കൽ നിന്നുള്ള സന്ദേശങ്ങൾ മനുഷ്യർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

## ഗ്വയ്ബിനെക്കുറിച്ച യഥാർഥ ജ്ഞാനം

എന്നാൽ കാലാന്തരത്തിൽ മനുഷ്യന്റെ ഭാവനക്കും ദേഹേച്ഛക്കും അഹന്തക്കും യോജിച്ച തരത്തിലുള്ള പല മാറ്റത്തിരുത്തലുകളും കെട്ടുകഥകളും ഐതിഹ്യങ്ങളും ഈ സന്ദേശത്തിൽ കൂടിക്കലരുകയും, സത്യവും അസത്യവും വേർതിരിച്ചറിയാൻ സാധ്യമല്ലാത്ത നില വരികയും ചെയ്തു. പൂർവിക വേദഗ്രന്ഥങ്ങൾക്കും പ്രവാചകന്മാരുടെ അധ്യാപനങ്ങൾക്കും ഇങ്ങനെ സംഭവിച്ചതിനാൽ, അദൃശ്യലോകത്തെപ്പറ്റി പലതരം വിശ്വാസങ്ങളും മതാനുയായികളുടെ ഇടയിൽ ഇന്ന് നാം കാണുന്നു. കവികളുടെയും സാഹിത്യകാരന്മാരുടെയും ഭാവനകൾ ദേവീദേവന്മാരെപ്പറ്റിയും ദൈവങ്ങളെപ്പറ്റിയും മറ്റും സൃഷ്ടിച്ചിട്ടുള്ള കഥകളും ഐതിഹ്യങ്ങളും, അദൃശ്യലോകത്തെപ്പറ്റിയുള്ള പുരാണങ്ങൾക്ക് കൊഴുപ്പ് കൂട്ടി. പിശാച് ഇതിലേക്കെല്ലാം അവന്റെ സംഭാവനയും നിർലോഭം നല്കിയിട്ടുണ്ട്.

വേദഗ്രന്ഥങ്ങളിൽ യാതൊരു കൈകടത്തലിനും വിധേയമായിട്ടില്ലെന്ന് തീർത്തുപറയാവുന്നതായിട്ട് പരിശുദ്ധ ക്വുർആൻ മാത്രമേയുള്ളൂ. അതുപോലെത്തന്നെ പ്രവാചകന്മാരിൽ, ചരിത്രപുരുഷനായി അവശേഷിക്കുന്നത് മുഹമ്മദ് നബി(സ്വ) മാത്രമാണ്. തിരുനബിയുടെ ചര്യകളും വചനങ്ങളും വളരെ വിശദമായി രേഖപ്പെട്ടിരിക്കുന്നു. ആധുനിക കാലഘട്ടത്തിലുള്ള മഹാപുരുഷന്മാരുടെ ജീവിതചരിത്രങ്ങൾപോലും അത്ര വിശദമായും കണിശമായും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. പരിശുദ്ധ ക്വുർആനും പ്രവാചകന്റെ തിരുവചനങ്ങളും 'ഗ്വയ്ബി'നെപ്പറ്റി തരുന്ന അറിവ്

മാത്രമാണ് സത്യമാണെന്ന ഉറപ്പോടെ നമുക്ക് വിശ്വസിക്കാൻ കൊള്ളാവുന്നത്. ജീവിതത്തിൽ വിജയം നേടി, യഥാർഥമായ ജീവിതലക്ഷ്യം പ്രാപിക്കണമെന്ന് ആശിക്കുന്ന ഏതു മനുഷ്യനും, ക്വുർആനും സുന്നത്തും തരുന്ന 'ഗ്വയ്ബി'നെപ്പറ്റിയുള്ള വിജ്ഞാനത്തെ അവഗണിക്കാൻ പറ്റുകയില്ല. ഇസ്‌ലാമിന്റെ അടിസ്ഥാനം തന്നെ ഗ്വയ്ബിലുള്ള വിശ്വാസമാണ്. ഖുർആനും സുന്നത്തും പഠിപ്പിച്ചുതരുന്ന അദൃശ്യമായ കാര്യങ്ങളിൽ പൂർണമായും വിശ്വസിച്ചുകൊണ്ട് മഞ്ഞുമലയുടെ മറഞ്ഞു കിടക്കുന്ന ഭാഗത്തെപ്പറ്റി വളരെയധികം സൂക്ഷ്മത പാലിച്ചുകൊണ്ട് ജീവിതനൗകയെ നയിക്കുന്നവർക്ക് മാത്രമേ അപകടം പിണയാതെ ലക്ഷ്യത്തിൽ എത്താൻ കഴിയുകയുള്ളൂ.

# വിശ്വാസം

# അല്ലാഹുവിന്റെ മാർഗദർശനം

ഏറ്റവും പ്രധാനപ്പെട്ട കാര്യം അല്ലാഹുവിലുള്ള വിശ്വാസമാണ്. അല്ലാഹുവിൽ വിശ്വസിക്കുക എന്നു പറയുമ്പോൾ വിശ്വസിക്കേണ്ട മുറ പ്രകാരം വിശ്വസിക്കേണ്ടതുണ്ട്. ഇത് ഒരു മനുഷ്യനും അല്ലാഹുവിങ്കൽ നിന്നുള്ള മാർഗനിർദേശം കൂടാതെ സാധിക്കുന്ന കാര്യമല്ല. അല്ലാഹുവിങ്കൽനിന്നുള്ള ഗ്രന്ഥത്തിന്റെയും അവന്റെ പ്രവാചകന്മാരിൽക്കൂടി അവൻ മനുഷ്യർക്കെത്തിച്ച വിജ്ഞാനത്തിന്റെയും വെളിച്ചം ഉൾക്കൊണ്ടുകൊണ്ടല്ലാതെ സ്വന്തമായ മാർഗങ്ങളിൽക്കൂടി ദൈവത്തെ കണ്ടെത്താൻ ശ്രമിച്ചവരെല്ലാം അന്ധകാരത്തിൽ പെടുകയേ ചെയ്തിട്ടുള്ളൂ. ആശ്ചര്യകരമായ ഈ പ്രപഞ്ചം ഏത് ബുദ്ധിയുള്ള മനുഷ്യനിലും സ്രഷ്ടാവിനെപ്പറ്റിയുള്ള ഒരു ബോധം ഉളവാക്കാതിരിക്കുകയില്ല. എന്നാൽ അഹന്തയും സ്വയം പര്യാപ്തതാബോധവും പലരിലും ഈ ബോധത്തിന്ന് നാശം വരുത്താറുണ്ട്. എന്നാലും ബഹുഭൂരിപക്ഷം മനുഷ്യരിലും പ്രകൃത്യാ തന്നെ അടിസ്ഥാനപരമായ ഒരു ദൈവവിശ്വാസമുണ്ട് എന്നു പറയാം. മനുഷ്യത്വത്തിന്റെ ഒരു പ്രാഥമിക സ്വഭാവമായി ഗണിക്കാവുന്ന ഈ ബോധം, മനുഷ്യരെ പലതരം ദൈവസങ്കല്പങ്ങളിലുമെത്തിക്കുന്നു. അവർ തങ്ങളുടെ അഹന്തക്കും ദേഹേച്ഛക്കും ഭാവനക്കും യോജിക്കുന്ന തരത്തിലുള്ള വിവിധ രീതികളിലുള്ള സങ്കല്പങ്ങൾ നിർമിക്കുന്നു. പിശാച് ഈ വിഷയത്തിൽ, മനുഷ്യരെ എല്ലാ കഴിവുമുപയോഗിച്ച് വഴി പിഴപ്പിക്കുകയും ചെയ്യുന്നു. ‘തിന്മയും നീചകൃത്യവും ചെയ്യുവാനും നിങ്ങൾക്ക് അറിവില്ലാത്ത കാര്യം അല്ലാഹുവിനെപ്പറ്റി പറയുവാനും മാത്രമാണ് പിശാച് നിങ്ങളോട് കല്പിക്കുന്നത്.” (വി.ക്വു. 2:169)

യാതൊരു തെളിവുകളുമില്ലാതെ പലതരം ഐതിഹ്യങ്ങളും കളവുകളും ദൈവത്തിന്റെ പേരിൽ നിർമിക്കാൻ പിശാച് മനുഷ്യമനസ്സിൽ സ്വാധീനം ചെലുത്തുന്നു. ദൈവിക ഗ്രന്ഥത്തിന്റെയും ദൈവദൂതന്റെയും മാർഗനിർദേശം സ്വീകരിക്കാതെ, പിശാചിന്റെ പ്രേരണക്ക് വിധേയരായിക്കൊണ്ട് അല്ലാഹുവിനെപ്പറ്റി പലതും ധരിച്ച് വിശ്വസിക്കുന്നവരാണ് മനുഷ്യരിൽ ഭൂരിപക്ഷവും എന്ന് പറയാം. സ്വന്തം ദേഹേച്ഛക്കും അഹന്തക്കും യോജിക്കുന്ന ദൈവങ്ങളെ അവർ നിർമിക്കുന്നു. ചിലർ അവർക്ക് വഞ്ചിക്കാനും തട്ടിപ്പുനടത്താനും പറ്റിയ തരത്തിലുള്ള ദൈവസങ്കല്പങ്ങളെ

പൂജിക്കുന്നു. അളവറ്റ സ്നേഹവും കരുണയും മാത്രമുള്ള, എന്ത് തെമ്മാടിത്തം ചെയ്താലും ഒരിക്കലും ശിക്ഷിക്കാത്ത, എന്തെങ്കിലും തട്ടിപ്പുകാട്ടി വഞ്ചിക്കുവാൻ കൊള്ളാവുന്ന അമ്മയെപ്പോലെയാണ് ദൈവമെന്ന് സങ്കല്പിച്ച് ദേവീപൂജ നടത്തുന്നവരുണ്ട്. മറ്റു ചിലർക്ക് ദൈവം പിതാവാണ്. ചിലർക്ക് അല്ലാഹു ഒരു ശക്തിയാണ്. എല്ലാറ്റിലും വ്യാപിച്ചു കിടക്കുന്ന ഈ ശക്തി, തങ്ങളിലും നിക്ഷിപ്തമായിട്ടുണ്ട്, ആ ശക്തിയെ സ്വായത്തമാക്കിക്കൊണ്ട് ദൈവതുല്യരായി മാറാനുള്ള ശ്രമത്തിലാണവർ. ഭൂമിയിലെ രാജാക്കന്മാരെപ്പോലെയും ഭരണാധികാരികളെപ്പോലെയും സേവകന്മാരെപ്പോലെയും ശിപാർശക്കാരുടെ സ്വാധീനത്തിന്നും ശിപാർശക്കും വിധേയനായിക്കൊണ്ട് പ്രവർത്തിക്കുന്നവനാണ് അല്ലാഹു എന്ന ധാരണയിൽ, സ്വാധീനം ചെലുത്താൻ ഇടയാളന്മാരെ തേടിപ്പിടിക്കുന്ന ശ്രമത്തിലാണ് ഒരു വലിയ വിഭാഗം. ഏതായാലും അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെയും പ്രവാചകന്റെ മാതൃകയുടെയും അടിസ്ഥാനത്തിലല്ലാതെ അല്ലാഹുവിനെ മനസ്സിലാക്കാനും, അല്ലാഹുവിനെപ്പറ്റി ധാരണകൾ പുലർത്താനും പുറപ്പെട്ടാൽ, മനുഷ്യർ പലതരം വഴികേടുകളിലും അകപ്പെടുന്നു. ബിംബാരാധനയും ബഹുദൈവാരാധനയുമെല്ലാം ഇങ്ങനെയുള്ള പാളിച്ചകളുടെ ഫലമായി കാലാന്തരത്തിൽ വളർന്നുവന്ന പ്രതിഭാസങ്ങളാണ്. അങ്ങനെ മനുഷ്യന്ന് പ്രകൃത്യായുള്ള ദൈവബോധത്തെ ബഹുദൈവാരാധനയിലേക്കും അന്ധവിശ്വാസത്തിലേക്കും നയിക്കുന്ന പൈശാചിക പ്രവർത്തനം വളരെ ശക്തിയായി നടക്കുന്നതുകൊണ്ട്, 'യഥാർഥ ദൈവവിശ്വാസം' ശരിയായ ദൈവിക നിർദേശമില്ലാതെ, ലഭിക്കുവാനും നിലനിർത്തുവാനും സാധ്യമല്ലാതായിത്തീരുന്നു.

## അല്ലാഹുവിലുള്ള വിശ്വാസം

പരിശുദ്ധ ക്വുർആൻ, മനുഷ്യരും പിശാചും അല്ലാഹുവിനെപ്പറ്റി കെട്ടിച്ചമച്ചുണ്ടാക്കുന്ന എല്ലാ തെറ്റായ ധാരണകളെയും തച്ചുടച്ച്, അല്ലാഹുവിനെപ്പറ്റി വിശ്വസിക്കേണ്ട സത്യമായ കാര്യങ്ങൾ, മനുഷ്യവർഗത്തിന്റെ മുമ്പിൽ വ്യക്തമായി വെച്ചുകൊടുക്കുന്നു. ഇസ്ലാമിന്റെയും ക്വുർആന്റെയും എതിരാളികൾ പോലും സമ്മതിക്കുന്ന ഒരു കാര്യമാണ് ക്വുർആൻ അല്ലാഹുവിനെപ്പറ്റി നല്കുന്ന വിവരണങ്ങൾ നിസ്തുലമാണ് എന്നത്.

"താനല്ലാതെ യാതൊരു ആരാധ്യനും ഇല്ലാത്തവനാണ് അല്ലാഹു. എന്നെന്നും ജീവിക്കുന്നവനും സർവലോക നിയന്താവുമാണ് അവൻ. മയക്കവും ഉറക്കവും അവനെ ബാധിക്കുന്നില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാകുന്നു. ആരുണ്ട് അവന്റെ അനുവാദമില്ലാതെ അവന്റെയടുക്കൽ ശിപാർശ ചെയ്യാൻ? അവരുടെ മുമ്പിലുള്ളതും പിമ്പിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവർ അറിയുന്നില്ല. അവന്റെ സിംഹാ

സനം ആകാശങ്ങളും ഭൂമിയും വിശാലമായിരിക്കുന്നു. അവയുടെ സംരക്ഷണം അവനൊരു ഭാരമാകുന്നില്ല. അവൻ തന്നെയാണ് ഉന്നതനും വലിയവനും.” (വി.ക്വു. 2:255)

അല്ലാഹുവിനെപ്പറ്റിയുള്ള എന്തെല്ലാം പിഴച്ച ധാരണകളെ ഈ സൂക്തം തിരുത്തുന്നു! അല്ലാഹുവിനെപ്പറ്റിയുള്ള തെറ്റായ ധാരണകളുടെ മൂർത്തീകരണമാണ് അല്ലാഹുവല്ലാത്തവരെ ആരാധിക്കുക എന്നത്. അല്ലാഹു അല്ലാവത്തവരെ വിളിച്ചു പ്രാർഥിക്കുകയും ആരാധിക്കുകയും ചെയ്യുക എന്ന് വെച്ചാൽ അതുപോലെ അല്ലാഹുവിനെപ്പറ്റി ഒരു കളവ് വേറെയുണ്ടാക്കാനില്ല. അല്ലാഹുവിൽ വിശ്വസിക്കുക എന്ന് ക്വുർആൻ പറയുമ്പോൾ, ആരാധനക്ക് അർഹനായിട്ട് അല്ലാഹുവല്ലാതെ മറ്റൊന്നുമില്ല എന്ന തൗഹീദിന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിൽ വിശ്വസിക്കുക എന്നതാണ്. അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർഥിക്കുകയും സഹായം തേടുകയും ചെയ്യുന്നവർ, അല്ലാഹുവിൽ വിശ്വസിക്കുന്നവരാണ് എന്ന് അവകാശപ്പെടുന്നു. പക്ഷേ ആ വിശ്വാസം ക്വുർആൻ നമുക്ക് പഠിപ്പിച്ചുതരുന്ന ഏകദൈവ വിശ്വാസമല്ല എന്നു മാത്രം. അല്ലാഹുവിന്റെ മഹത്വത്തെയും അല്ലാഹുവിന്റെ ഗുണങ്ങളെയും ക്വുർആൻ വിവരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഉൾക്കൊണ്ടുകൊണ്ട്, അല്ലാഹുവിൽ വിശ്വസിക്കേണ്ടതുപോലെ വിശ്വസിക്കുമ്പോൾ, ഗ്വയ്ബിലുള്ള വിശ്വാസത്തിന്റെ ഭാഗമായ, മലക്കുകളിലും കിതാബുകളിലും പ്രവാചകന്മാരിലും അന്ത്യനാളിലും നന്മയും തിന്മയും എല്ലാം അല്ലാഹുവിങ്കൽ നിന്നാണെന്ന കാര്യത്തിലുമെല്ലാമുള്ള വിശ്വാസങ്ങൾ അനായാസേന ഹൃദയത്തിൽ രൂഢമായിത്തീരുന്നു. ഓരോന്നും മറ്റേതിനെ ശക്തിപ്പെടുത്തിക്കൊണ്ട്, പ്രവർത്തനത്തിനും സന്മാർഗ ജീവിതത്തിനും പ്രേരണ നല്കിക്കൊണ്ട് മനുഷ്യഹൃദയത്തെ ആത്മീയമായ ഉന്നതിയിലേക്കും പരിശുദ്ധിയിലേക്കും നയിക്കുന്നു.

## അഹന്ത വിശ്വാസത്തിന് വിഘാതം

‘അല്ലാഹുവിലുള്ള വിശ്വാസം’ എന്നു പറയുമ്പോൾ അതിന്റെ എല്ലാ വശങ്ങളും പ്രതിപാദിക്കുവാൻ കഴിവിന്റെയും അറിവിന്റെയും പരിമിതി അനുവദിക്കുന്നില്ല. മനുഷ്യമനസ്സിൽ പ്രകൃത്യാതന്നെയുള്ള വിശ്വാസത്തിന്റെ ബീജം, മനുഷ്യന്റെ പ്രവർത്തനങ്ങളുടെയും ജീവിതത്തിന്റെയും ചിന്തയുടെയും നിലവാരമനുസരിച്ച് തളരുകയോ വളരുകയോ ചെയ്യുന്നു. ദുഷ്കർമങ്ങളും പാപങ്ങളും, കടിഞ്ഞാണില്ലാത്ത അതിക്രമിച്ചുകൊണ്ടുള്ള ജീവിതവും വിശ്വാസത്തെ നശിപ്പിക്കുന്നു. അഹന്തയും അഹങ്കാരവും ബാധിച്ച മനസ്സിന് ചിന്തിക്കുവാനുള്ള കഴിവില്ലാതായിത്തീരുന്നു. ചിന്തിക്കുകയാണെങ്കിൽ തന്നെ അത് സത്യത്തിന്നെതിരിലായിരിക്കും എത്തിച്ചേരുക. അഹംഭാവം മനുഷ്യചിന്തയെ ശരിയായ അവിശ്വാസത്തിലേക്ക് നയിക്കുന്നു. അദൃശ്യനായ പിശാച് മനുഷ്യനെ ഈ

മാർഗത്തിൽകൂടി കൊണ്ടുപോകാൻ എല്ലാ കഴിവുകളും വിനിയോഗിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ജീവിതത്തിൽ വളരെയധികം സൂക്ഷ്മത പാലിക്കുകയും, അഹംഭാവം മനസ്സിനെ ബാധിക്കാതെ സൂക്ഷിക്കുകയും ചെയ്യുക എന്നത് മനുഷ്യമനസ്സിൽ പ്രകൃത്യാതന്നെയുള്ള വിശ്വാസബീജത്തെ സംരക്ഷിക്കാനും വളർത്തുവാനും അത്യാവശ്യമാണ്. പ്രപഞ്ചത്തിലൊന്നാകെ വ്യാപിച്ചുകിടക്കുന്ന ദൈവീക ദൃഷ്ടാന്തങ്ങളെപ്പറ്റി ചിന്തിക്കാനും, മനുഷ്യനിൽ തന്നെയുള്ള ദൈവിക ദൃഷ്ടാന്തങ്ങളെപ്പറ്റി പഠിക്കാനുമെല്ലാം ഉതകുന്ന തരത്തിലുള്ള അഹന്ത ബാധിക്കാത്ത ഒരു മാനസികനിലപാട് സ്വീകരിക്കണം. അതില്ലെങ്കിൽ എത്ര ദുഷ്ടാന്തങ്ങളുണ്ടായിട്ടും യാതൊരു കാര്യവുമില്ല.

"ഭൂമിയിൽ അന്യായമായി അഹംഭാവം വിചാരിക്കുന്നവരെ എന്റെ ദൃഷ്ടാന്തങ്ങളെ വിട്ട് ഞാൻ തെറ്റിച്ചുകളയുന്നതാകുന്നു. അവർ ഏതു ദൃഷ്ടാന്തം കണ്ടാലും അതിൽ വിശ്വസിക്കുകയില്ല. നേർമാർഗം കണ്ടാൽ അതിനെ അവർ വഴിയായി സ്വീകരിക്കുകയില്ല. പിഴച്ച മാർഗം കണ്ടാൽ അവർ അത് വഴിയായി സ്വീകരിക്കുകയും ചെയ്യും. അത് അവർ നമ്മുടെ ലക്ഷ്യങ്ങളെ നിഷേധിക്കുകയും അവയെ വിട്ട് അശ്രദ്ധരായിരിക്കുകയും ചെയ്തതുകൊണ്ടാണ്." (വി.ക്വു. 7:146)

പരിശുദ്ധ ക്വുർആൻ അല്ലാഹുവിനെപ്പറ്റി നല്കുന്ന വിജ്ഞാനം ശരിക്കും ഉൾക്കൊണ്ടുകൊണ്ട് അല്ലാഹുവിൽ വിശ്വസിക്കുമ്പോൾ മറ്റെല്ലാ വിശ്വാസകാര്യങ്ങളും അതിന്റെ കൂടെത്തന്നെ ശരിപ്പെടുന്നു. പ്രകൃത്യാ തന്നെ മനുഷ്യനിലുള്ള 'ദൈവബോധം', ശരിയായ മാർഗനിർദേശവും വിജ്ഞാനവുമില്ലെങ്കിൽ, മനുഷ്യന്റെ ഭാവനാപരമായ ദൈവകല്പനങ്ങൾക്ക് അടിമപ്പെട്ട് ബഹുദൈവ വിശ്വാസത്തിലേക്കും ആരാധനയിലേക്കും വഴുതിപ്പോകുന്നു. ഇനി പരിശുദ്ധ ക്വുർആൻ തരുന്ന ദൈവിക വിജ്ഞാനമെല്ലാം മനസ്സിലാക്കിയാലും, സൽകർമങ്ങളുടെയും തക്വയുടെയും അഭാവത്തിൽ വിശ്വാസത്തിനു വളർച്ചക്കു പകരം തകർച്ച തന്നെയാണ് സംഭവിക്കുക. സ്വന്തം ഭാവനയുടെയോ യുക്തിയുടെയോ അടിസ്ഥാനത്തിലുള്ള അറിവിൽ അഹങ്കരിക്കാതെ, അഹന്ത കൈവെടിഞ്ഞുകൊണ്ട് പരിശുദ്ധ ക്വുർആൻ തരുന്ന വിജ്ഞാനം അപ്പടി സ്വീകരിക്കുകയും, സ്വന്തം അഭിപ്രായത്തിന്നനുസരിച്ച് അതിനെ ദുർവ്യാഖ്യാനം ചെയ്യാനും വളച്ചൊടിക്കാനും തുനിയാതിരിക്കുകയും അല്ലാഹുവിന്റെ വിധിവിലക്കുകളെപ്പറ്റി അങ്ങേയറ്റത്തെ സൂക്ഷ്മത കൈക്കൊള്ളുകയും സദ്കർമങ്ങളിൽ നിരതരായിരിക്കുകയും ചെയ്യുക. അപ്പോൾ അല്ലഹുവിന്റെ അനുഗ്രഹം കൊണ്ട് അല്ലാഹുവിലുള്ള യഥാർഥ വിശ്വാസം അവരുടെ ഹൃദയങ്ങളിൽ വളർച്ച പ്രാപിക്കുകയും ആ വിശ്വാസത്തിന്റെ രുചി ആസ്വദിക്കാനും അനുഭവിക്കാനും സാധിക്കുകയും ചെയ്യുന്നു. വിജ്ഞാനം കൊണ്ടുമാത്രം നേടാവുന്നതല്ല ഈമാൻ. ഒരു വിധത്തിൽ അതൊരു ദൈവികാനുഗ്രഹമാണ്. മനുഷ്യന്റെ ജീവിതവും, ദോഷബാ

ധയെപ്പറ്റിയുള്ള സൂക്ഷ്മതയും സദ്കർമങ്ങളും നേർമാർഗം പ്രാപിക്കാനുള്ള ആത്മാർഥമായ ആശയും നിഷ്കളങ്കമായ ആരാധനയും, പ്രാർഥനയും എല്ലാം കൂടി ഈ മഹത്തായ അനുഗ്രഹത്തിനു കാരണമാകുന്നു; വിജ്ഞാനം വിശ്വാസത്തിന് മാറ്റുകൂട്ടുകയും ചെയ്യുന്നു.

"നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും അറിവ് നല്കപ്പെട്ടവരെയും അല്ലാഹു പദവികൾ ഉർത്തും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് സൂക്ഷ്മമായി അറിയുന്നവനാണ്." (വി.ഖു. 58:11)

## വിവരവും വിശ്വാസവും

ഈമാനില്ലാത്ത വിജ്ഞാനം, അനുഗ്രഹത്തിനു പകരം ഒരു ശാപമായി മാറുകയാണ് പതിവ്. അതിനു വിജ്ഞാനം എന്നു പറയാൻ തന്നെ പറ്റുകയില്ല. പരിശുദ്ധ ക്വുർആൻ മുഴുവൻ പഠിച്ചിട്ടും, അല്ലാഹുവിലും പരലോകത്തിലും വിശ്വാസം നേടാൻ കഴിയാത്തവൻ, ക്വുർആനിലെ വിജ്ഞാനം ഉൾക്കൊണ്ടിട്ടുണ്ടെന്ന് പറയാൻ പറ്റുമോ? 'അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്' എന്ന് പരിശുദ്ധ ക്വുർആൻ നല്കുന്ന വിജ്ഞാനം അതിൽ വിശ്വസിക്കാത്തവനെ സംബന്ധിച്ചേടത്തോളം ഒരു വിജ്ഞാനമാണെന്ന് പറയാൻപറ്റുമോ? അത് അയാൾ കാണാതെ പഠിച്ചു എന്നതുകൊണ്ട്, ആ വിജ്ഞാനം അയാൾ ഉൾക്കൊണ്ടു എന്നു പറയാൻ പറ്റുകയില്ല. വിശ്വാസമില്ലെങ്കിൽ ആ വിജ്ഞാനവുമില്ല. ആ വിജ്ഞാനം വിശ്വാസപരമാണ്. അത് മനസ്സിലാക്കിയാൽ പോരാ, അത് വിശ്വസിക്കണം. 'വിശ്വസിക്കുക' എന്ന കാര്യം, മനുഷ്യൻ സ്വന്തം തീരുമാനമെടുത്ത് ചെയ്യാൻ പറ്റുന്ന കാര്യമല്ല. 'ഞാൻ വിശ്വസിച്ചു' എന്ന് വെറുതെ പറഞ്ഞതുകൊണ്ടായില്ല.

"ഗ്രാമീണരായ അറബികൾ പറഞ്ഞു: ഞങ്ങൾ വിശ്വസിച്ചു എന്ന്. നീ പറയുക: നിങ്ങൾ വിശ്വസിച്ചിട്ടില്ല, പക്ഷേ, ഞങ്ങൾ കീഴടങ്ങി എന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക. വിശ്വാസം ഇതുവരെയും നിങ്ങളുടെ ഹൃദയങ്ങളിൽ കടന്നിട്ടില്ല. അല്ലാഹുവിനെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുന്നപക്ഷം നിങ്ങളുടെ കർമങ്ങളിൽ യാതൊന്നും അവൻ നിങ്ങൾക്ക് വിഫലമാക്കുകയില്ല. നിശ്ചയം, അല്ലാഹു വളരെയധികം പൊറുത്തുകൊടുക്കുന്നവനും കരുണാനിധിയുമാകുന്നു." (വി.ഖു.49:14)

അഅ്റാബികൾക്ക് അല്ലാഹുവിൽ ഒട്ടും വിശ്വാസമുണ്ടായിരുന്നില്ല എന്നല്ല, വിശ്വാസം അവരുടെ ഹൃദയങ്ങളിൽ പ്രവേശിച്ചിട്ടില്ല എന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അവർ നിരീശ്വരവാദികളൊന്നുമായിരുന്നില്ല. യഥാർഥ വിശ്വാസമാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. വിശ്വാസമില്ലാതെ ചെയ്യുന്ന കർമങ്ങൾക്ക് പ്രതിഫലം ലഭിക്കുകയില്ല എന്നത് ക്വുർആൻ പല സ്ഥലത്തും വ്യക്തമാക്കുന്ന കാര്യമാണ്. എന്നാൽ ഇവിടെ പറയുന്നത് അല്ലാഹുവിനെയും റസൂലിനെയും അവർ അനുസരിച്ചു സദ്കർമങ്ങൾ ചെയ്യുന്നപക്ഷം അവരുടെ കർമങ്ങളെ അല്ലാഹു വൃഥാവിലാക്കു

കയില്ല എന്നാണ്. അല്ലാഹു അവരുടെ തെറ്റുകൾ പൊറുക്കുകയും അവന്റെ കാരുണ്യംകൊണ്ട് അവരുടെ ഹൃദയങ്ങളിൽ 'യഥാർഥ വിശ്വാസം' ഉണ്ടായിത്തീരുകയും ചെയ്യും. അപ്പോൾ അവരുടെ കർമ ങ്ങളൊന്നും വ്യഥാവിലാകുകയില്ല. അല്ലാഹുവിന്റെയും റസൂലിന്റെയും കല്പനകൾ സ്വീകരിച്ചു സദ്കർമങ്ങൾ ചെയ്തുകൊണ്ട് ജീവിക്കുമ്പോൾ, അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് ഹൃദയങ്ങളിൽ, വിശ്വാസം വർധി ച്ചുവരുന്നതാണ്. വിശ്വാസം വർധിക്കുന്നതിന്നനുസരിച്ച് തക്വയും സദ്കർമങ്ങളും പിന്നെയും വർധിക്കുന്നു. ഇങ്ങനെ പരസ്പരം ശക്തി പ്പെടുത്തിക്കൊണ്ടുള്ള വളർച്ചക്ക് വിജ്ഞാനം ശക്തി കൂട്ടുകയും മാറ്റുകൂട്ടുകയും ചെയ്യുന്നു. അവന്റെ അടിമകളിൽ അറിവുള്ളവർ മാത്ര മാണ് അല്ലാഹുവിനെ ഭയപ്പെടുന്നത് (35:28) എന്ന് ക്വുർആൻ പറയു ന്നത് വിജ്ഞാനവും വിശ്വാസവും സമ്മേളിച്ച പണ്ഡിതന്മാരെപ്പറ്റിയാണ്.

യഥാർഥ വിജ്ഞാനമുള്ളവർക്ക്, പരിശുദ്ധ ക്വുർആൻ അല്ലാഹുവി ങ്കൽ നിന്നുള്ളതാണെന്ന കാര്യത്തിൽ പൂർണമായ വിശ്വാസമുണ്ടായി രിക്കും. അല്ലാഹുവെപ്പറ്റിയും പുനരുത്ഥാനത്തെപ്പറ്റിയും പരലോകത്തെ പ്പറ്റിയും മലക്കുകളെപ്പറ്റിയും മറ്റ് അദൃശ്യകാര്യങ്ങളെപ്പറ്റിയും പരിശുദ്ധ ക്വുർആൻ നല്കുന്ന വിജ്ഞാനങ്ങളും മുന്നറിയിപ്പുകളും യാതൊരു സംശയവുമില്ലാതെ അവർ അപ്പടി വിശ്വസിക്കുന്നു. അവരുടെ വിജ്ഞാ നവും വിശ്വാസവും തമ്മിൽ വൈരുധ്യമുണ്ടായിരിക്കയില്ല. നരക ശിക്ഷ യെപ്പറ്റിയും സ്വർഗ ജീവിതത്തെപ്പറ്റിയും ക്വുർആനും സുന്നത്തും നല്കുന്ന മുന്നറിയിപ്പും സുവിശേഷവും മുഴുവൻ അറിഞ്ഞിട്ടും, അവ യിലൊന്നും ഒട്ടും വിശ്വാസമില്ലെങ്കിൽ, അയാൾ ആലിമാണെന്ന് പറയാൻ പറ്റുകയില്ല. ഒരു പഠിച്ച ജാഹിൽ എന്നേ വെക്കാൻ പറ്റൂ. തക്വയും സദ്കർമങ്ങളും വിജ്ഞാനവും സമ്മേളിക്കുമ്പോൾ മാത്രമേ വിശ്വാസം വളർന്ന് ഏറ്റവും ഉയർന്ന നിലവാരത്തിലെത്തുകയുള്ളൂ.

## അല്ലാഹുവിലുള്ള വിശ്വാസം മഹത്തായ അനുഗ്രഹം

അനന്തവിശാലമായ പ്രപഞ്ചത്തിലും അതിന്നപ്പുറവും നാം കാണു ന്നതും കാണാത്തതുമായ എല്ലാ വസ്തുക്കളെയും സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന, എല്ലാ വസ്തുക്കളെപ്പറ്റിയും പൂർണമായ അറിവും എല്ലാറ്റിന്റെയും മേൽ പൂർണമായ നിയന്ത്രണവും കഴിവും അധികാരവുമുള്ള, എല്ലാറ്റിന്റെ മേലും കാരുണ്യം ചൊരിഞ്ഞുകൊണ്ടി രിക്കുന്ന, പരമകാരുണികനും കരുണാനിധിയും സർവശക്തനും സർവ ജ്ഞനും രാജാധിരാജനും പരിശുദ്ധനുമായ അല്ലാഹുവിൽ വിശ്വസിക്കേ ണ്ടതുപോലെ വിശ്വസിക്കുമ്പോൾ, ആദ്യമായി അംഗീകരിക്കേണ്ടത് 'അവ നല്ലാതെ ആരാധനക്ക് അർഹനായി ആരുമില്ല' എന്നതാണ്. ഇത് അംഗീ കരിക്കാത്ത 'ദൈവവിശ്വാസം', എത്ര ദൃഢമാണെന്ന പ്രതീതി ജനങ്ങ ളിൽ ഉണ്ടാക്കിയാലും, യഥാർഥ വിശ്വാസക്കാരനാകുന്നില്ല. ഭക്തിപ്രകട

നവും വിശ്വാസപ്രദർശനവും എല്ലാം ജനങ്ങളെ വഞ്ചിക്കാൻ പര്യാപ്ത മായേക്കും. അല്ലാഹുവിലുള്ള യഥാർഥവിശ്വാസത്തിന്റെ കർമരംഗത്തുള്ള ഒന്നാമത്തെ പ്രതിഫലനമാണ് 'ലാ ഇലാഹ ഇല്ലല്ലാ' എന്ന പ്രഖ്യാപനം. മനസാ വാചാ കർമണാ ഈ പ്രഖ്യാപനത്തിൽ ഉറച്ചു നിന്നുകൊണ്ട് സന്മാർഗജീവിതം നയിച്ചുകൊണ്ടും വളരെയധികം സൂക്ഷ്മത പാലിച്ചു കൊണ്ടും മുന്നോട്ടുപോകുമ്പോൾ, വിശ്വാസത്തിന്ന് അഭിലഷണീയമായ വളർച്ചയുണ്ടാവുന്നു. പഞ്ചേന്ദ്രിയങ്ങളിൽ കണ്ണു നല്കുന്ന കാഴ്ച പോലെയുള്ള ഒരനുഭൂതിയായി, 'വിശ്വാസം' മാറി വരുന്നു. കണ്ണു തുറ ക്കുമ്പോഴേ കാഴ്ചയുണ്ടാകൂ. എന്നാൽ വിശ്വാസം ഉറക്കത്തിലും കൂടി വിട്ടുമാറാത്ത ഒരു ആറാമത്തെ ഇന്ദ്രിയം പോലെയായിത്തീരുന്നു. വിജ്ഞാനവും സദ്കർമങ്ങളും സന്മാർഗജീവിതവും, പാപങ്ങളും തെറ്റു കളും വരാതെയുള്ള സൂക്ഷ്മതയും, നിഷ്കളങ്കമായ പ്രാർഥനയും ആരാ ധനയും എല്ലാം കൂടി ഒത്തുചേരുമ്പോഴുണ്ടാകുന്ന ആ അനുഭൂതി, അല്ലാ ഹുവിന്റെ ഒരു പ്രത്യേക അനുഗ്രഹം തന്നെയാണ്.

# ഈമാൻ കാര്യങ്ങൾ അദൃശ്യങ്ങളിൽ തന്നെ

ഈമാൻ കാര്യങ്ങൾ എന്നു നാം വിശേഷിപ്പിക്കുന്ന ആറ് കാര്യങ്ങളിലും നാം വിശ്വസിക്കുന്നത് അവയിലെ അദൃശ്യമായ വശങ്ങളിലാണ്. അല്ലാഹുവിലും മലക്കുകളിലും അന്ത്യനാളിലും ഉള്ള വിശ്വാസങ്ങൾ പൂർണമായും അദൃശ്യമായ കാര്യങ്ങളിലാണ്. ഗ്രന്ഥങ്ങളും പ്രവാചകന്മാരും നന്മതിന്മകളുമെല്ലാം അദൃശ്യങ്ങളല്ലല്ലോ എന്നു പറഞ്ഞേക്കാം. എന്നാൽ നാം വിശ്വസിക്കുന്നത് ഇവയിലെ അദൃശ്യവശങ്ങളിലാണ്. പ്രവാചകന്മാർക്ക് അദൃശ്യമായ നിലയിൽ അല്ലാഹുവിങ്കൽ നിന്ന് 'വഹ്‌യ്' കിട്ടി എന്ന കാര്യവും അല്ലാഹുവിങ്കൽ നിന്നു ഗ്രന്ഥങ്ങൾ നല്കപ്പെട്ടു എന്ന കാര്യവും നന്മതിന്മകൾ അദൃശ്യനായ അല്ലാഹുവിങ്കൽ നിന്നാണ് എന്ന കാര്യവും നാം വിശ്വസിക്കുമ്പോൾ അദൃശ്യമായതിൽ തന്നെയാണ് വിശ്വസിക്കുന്നത്. തുടക്കത്തിൽ പറഞ്ഞതുപോലെ വിശ്വാസം എന്ന പ്രശ്നം ഉണ്ടാകുന്നതു തന്നെ അദൃശ്യമായത് ഉള്ളതുകൊണ്ടാണ്. ഇതിൽ പരലോകവിശ്വാസത്തിന് ഒരു പ്രത്യേകത കൂടിയുണ്ട്. മറ്റുള്ളതെല്ലാം ഇപ്പോൾ തന്നെയുള്ളതും കഴിഞ്ഞുപോയതുമാണ്. പരലോകം ഇപ്പോൾ നിലവിലുള്ളതല്ല. എല്ലാം അന്ത്യനാളിൽ നശിച്ചതിന്നുശേഷം അല്ലാഹു എല്ലാ മനുഷ്യരെയും ജിന്നുകളെയും മറ്റു ജീവജാലങ്ങളെയും രണ്ടാമതും ഉയിർത്തെഴുന്നേല്പിക്കുമ്പോൾ ഉണ്ടാകുന്നതാണല്ലോ പരലോകം. അത് അദൃശ്യമാണ്. കാലവും സ്ഥലവും വിദൂരം.

ഈ വിദൂരത മാത്രമല്ല, മനുഷ്യരും ജിന്നുകളുമെല്ലാം ഒന്നൊഴിയാതെ, വള്ളിപുള്ളിക്കു വ്യത്യാസമില്ലാതെ രണ്ടാമതും സൃഷ്ടിക്കപ്പെടണം. എല്ലാം കൂടി വളരെയധികം പ്രയാസമുള്ള ഒരു കാര്യമായി മനുഷ്യനു തോന്നാവുന്നതാണ്. 'നിങ്ങൾ മരിച്ചു മണ്ണും എല്ലുമായിത്തീർന്നാൽ, പിന്നെ പുനർജീവിപ്പിക്കപ്പെടുമെന്ന് അദ്ദേഹം നിങ്ങളോട് പറയുന്നുവോ? നിങ്ങളോടു പറയുന്നത് വിദൂരം! വിദൂരം' (വി.ക്വു. 23:35,36)

അല്ലാഹുവിന്റെ കഴിവിലും അല്ലാഹുവിന്റെ വാഗ്ദത്ത നിർവഹണത്തിന്റെ അനിവാര്യതയിലും ക്വുർആനിലും പ്രവാചകന്മാരിലും എല്ലാം വളരെ ദൃഢമായ വിശ്വാസമുള്ളവർക്കു മാത്രമേ പരലോകവിശ്വാസം

സാധ്യമാകുകയുള്ളൂ. അതുപോലെത്തന്നെ ആദ്യം നഷ്ടപ്പെടുന്ന വിശ്വാസവും അതാണ്. ലൗകിക ജീവിതത്തിന്റെ ലഹരിയും സമ്പത്തിന്റെ വളർച്ചയും എല്ലാം  ആദ്യമായി പരലോകവിശ്വാസത്തെയാണ് ബാധിക്കുക. അല്ലാഹുവിന്റെ കഴിവിലുള്ള വിശ്വാസത്തിന്റെ കമ്മി ആദ്യം ബാധിക്കുക പരലോകവിശ്വാസത്തെയാണ്. മനുഷ്യരെല്ലാം മണ്ണായി നശിച്ചതിന്നുശേഷം വളരെക്കാലം കഴിഞ്ഞിട്ട് അല്ലാഹുവിന് എങ്ങനെയാണ് രണ്ടാമതും ഉയിർത്തെഴുന്നേല്പ്പിക്കാൻ കഴിയുക? പരലോകവിശ്വാസത്തിനു കമ്മി വരുമ്പോൾ, അല്ലാഹുവല്ലാത്തവരെ ഈ ലോകജീവിതത്തിലെ കാര്യങ്ങൾ സാധിക്കാൻ വേണ്ടി പൂജിക്കാനും ആരാധിക്കാനും വിളിച്ചു പ്രാർഥിക്കാനും തുടങ്ങുകയായി. പരലോകവിശ്വാസം തൗഹീദുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

യഥാർഥത്തിലുള്ള പരലോകവിശ്വാസം വളരെ അപൂർവമായ ഒരു പ്രതിഭാസമാണ്. ശരിക്കും മരണത്തിനു ശേഷമുള്ള ഉയിർത്തെഴുന്നേല്പിലും, തുടർന്നുള്ള മരണമില്ലാത്ത അനശ്വരവും അനന്തവുമായ ജീവിതത്തിലും പൂർണമായി വിശ്വസിക്കുക എന്നതും പ്രയാസമുള്ള ഒരവസ്ഥയാണ്. ആരോ മുമ്പു പറഞ്ഞിട്ടുണ്ട്: “അധിക വിശ്വാസികളും വിശ്വസിക്കുന്നില്ല, തങ്ങൾ വിശ്വസിക്കുന്നുവെന്ന് വിശ്വസിക്കുകയാണ്” എന്ന്.

ആത്മാർഥമായി ആത്മപരിശോധന ചെയ്യുകയാണെങ്കിൽ, പരലോകവിശ്വാസികളാണെന്ന് അവകാശപ്പെടുന്നവരിൽ വളരെ അധികം പേരുടെ സ്ഥിതിയും ഇതായിരിക്കാം. ‘കപടവിശ്വാസം’ എന്ന രോഗത്തിൽ നിന്ന് തങ്ങൾ മോചിതരാണെന്ന് ആർക്കും വീരവാദം മുഴക്കാൻ സാധ്യമല്ല. മുഹമ്മദ് നബി(സ്വ)യുടെ സ്വഹാബികൾ പോലും ആ ബാധയിൽ നിന്ന് രക്ഷ  തേടുന്നവരായിരുന്നു.

## ഇഹലോകത്തിനു വേണ്ടിയുള്ള പരലോകവിശ്വാസം

പിന്നെ ഒരുതരം പരലോകവിശ്വാസമുണ്ട്. ഇഹലോക ജീവിതത്തെ ആശിച്ചുകൊണ്ടുള്ള പരലോക വിശ്വാസം! ലോകത്ത് സമാധാനവും ധർമവും നീതിയും നിലനില്ക്കാനും, ജീവിതം സുഖകരവും ശാന്തവും സമാധാനപൂർവവും ആയിരിക്കാനും, ‘പരലോക വിശ്വാസം’ അത്യാവശ്യമാണെന്നാണ് ഇവരുടെ പക്ഷം. കളവ്, ചതി, കൈക്കൂലി, സ്വജനപക്ഷപാതം മുതലായ ദോഷങ്ങളിൽ നിന്നെല്ലാം മോചിതരായ ഭരണാധികാരികളെ വാർത്തെടുക്കാൻ ‘പരലോക വിശ്വാസ’ത്തിന്റെ അടിസ്ഥാനത്തിലുള്ള ഇസ്‌ലാമിന്നു മാത്രമേ സാധിക്കുകയുള്ളുവെന്നും. സാധിച്ചിട്ടുള്ളുവെന്നും ഇനിയും മുസ്‌ലിംകൾ പരലോക വിശ്വാസത്തിലേക്ക് മടങ്ങുമ്പോഴേ അവർക്കു നഷ്ടപ്പെട്ട അന്തസ്സും അധികാരവും വീണ്ടെടുക്കാൻ സാധിക്കുകയുള്ളൂവെന്നും മറ്റും എഴുതാറും പ്രസംഗിക്കാറുമുണ്ട്. പരലോക വിശ്വാസികളായ ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങുകയോ അഴിമതി നടത്തുകയോ അനീതി പ്രവർത്തിക്കുകയോ ഇല്ല. താഗൂത്തി

ഗവൺമെന്റിനെ വഞ്ചിച്ചാലും, പരലോകത്ത് അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം പറയേണ്ടതായിവരുമെന്ന വിശ്വാസമുള്ള ഉദ്യോഗസ്ഥനായാൽ അവന് ഏതു പരിതസ്ഥിതിയിലും സത്യവും നീതിയും ഉണ്ടാകുമെന്ന് ഉറപ്പിക്കാം. അതുകൊണ്ട് പരലോകവിശ്വാസം വളരെ നല്ലതാണ്; വേണ്ട താണ്! എന്തിന്? ലോകത്ത് നല്ല ഭരണവും നല്ല ഉദ്യോഗസ്ഥന്മാരും സദാ ചാരബോധമുള്ള സമുദായവും സത്യവും ധർമവും എല്ലാം നില നിൽക്കാൻ! മനുഷ്യരെ പരലോക ശിക്ഷയുടെ ഭീഷണിയും പരലോക രക്ഷയുടെ പ്രലോഭനവും കാണിച്ചു മര്യാദക്ക് ജീവിക്കാൻ പ്രേരിപ്പിക്കാ നുള്ള ഒരു പഴഞ്ചൻ തന്ത്രമാണ് ഈ പരലോകം എന്ന ഇമ്പാച്ചി എന്നു പറയുന്നവർക്ക് ന്യായീകരണം ഉണ്ടാക്കിയെടുക്കാൻ മാത്രമേ ഇത്തരം പ്രബോധനം ഉപകരിക്കുകയുള്ളൂ.

അനശ്വരവും അനന്തവുമായ പരലോക ജീവിതവും, താരതമ്യേന ക്ഷണികമായ ഈ ലോക ജീവിതവും തമ്മിൽ എത്രയെത്ര അന്തരമുണ്ട്.

ഒന്നിന്റെ അടുത്തു വെക്കാൻ പറ്റുമോ മറ്റേത്? എന്നിട്ടും ഈ ലോക ജീവിതം സമാധാനപരമാകാൻ, പരലോക വിശ്വാസം ആവശ്യമാണ് എന്നു പറയാൻ പറ്റുമോ? അവർ വിശ്വസിക്കുന്നില്ല. അവർ വിശ്വസി ക്കുന്നുവെന്നു അവർ ധരിക്കുന്നുണ്ടായിരിക്കാം. പക്ഷേ, അവർ മറ്റുള്ള വരെ വഞ്ചിക്കുന്നതോടൊപ്പം സ്വയം വഞ്ചിതരാവുകയാണ്. “അല്ലാഹു വിനെയും വിശ്വസിച്ചവരെയും അവർ വഞ്ചിക്കുന്നു. എന്നാൽ അവർ അവരെത്തന്നെയല്ലാതെ ആരെയും വഞ്ചിക്കുന്നില്ല; അവർ അറിയുന്നു മില്ല.” (വി.ക്വു. 2:9)

“പക്ഷേ നിങ്ങൾ ഐഹിക ജീവിതത്തെയാണ് തെരഞ്ഞെടുക്കുന്നത്. പരലോകമാണ് ഏറ്റവും നല്ലതും ശ്വാശ്വതവും. തീർച്ചയായും ഈ കാര്യം പൂർവികവേദങ്ങളിൽ ഇബ്റാഹീമിന്റെയും മൂസായുടെയും വേദങ്ങളിൽ ഉള്ളതാണ്.” (വി.ക്വു. 87:16-19)

അനശ്വരമായ പരലോക ജീവിതം ഒരു യാഥാർഥ്യമാണെന്ന് ഉറച്ചു വിശ്വസിക്കുന്നവർക്ക് ആ വിശ്വാസം കൊണ്ട് ഈ ലോകത്തുണ്ടാകുന്ന നേട്ടങ്ങൾ ഒരു പ്രശ്നമായിത്തന്നെ തോന്നുകയില്ല. അവരുടെ ‘പരലോക വിശ്വാസം’ ഈ ലോകം നേടാനല്ല; പരലോകം നേടാനാണ്. എന്നെന്നും നിലനില്ക്കുന്ന പരലോക ജീവിത സൗഭാഗ്യം നേടാനായി അവർ ജീവി ക്കുന്നു, മരിക്കുന്നു. അധികമാളുകളും എങ്ങനെയെങ്കിലും തിരിഞ്ഞു മറിഞ്ഞ് പിന്നെയും ഐഹിക ജീവിതത്തെ തന്നെ ലക്ഷ്യമാക്കുന്നേടത്ത് എത്തിച്ചേരുന്നു. “എന്നാൽ നിങ്ങൾ ഐഹിക ജീവിതത്തെത്തന്നെ തെര ഞ്ഞെടുക്കുന്നു” എന്ന് ക്വുർആൻ പറയുന്നത് എത്ര സത്യമാണ്. പര ലോക വിശ്വാസികളാണെന്ന് അവകാശപ്പെടുന്നവർ തന്നെ രണ്ടു തര ക്കാരാണ്: ‘നിങ്ങളിൽ ചിലർ ഇഹലോകത്തെ ഉദ്ദേശിക്കുന്നവരാണ്, ചിലർ പരലോകത്തെ ഉദ്ദേശിക്കുന്നവരും.” (വി.ക്വു. 3:152)

തങ്ങൾ പരലോകത്ത് പ്രതിഫലം കിട്ടാൻ വേണ്ടി മാത്രമാണ് സദ്കർമങ്ങൾ ചെയ്യുന്നതും ജനസേവനം നടത്തുന്നതും എന്നെല്ലാം പ്രഖ്യാപിക്കുന്ന ആളുകളിൽ ഒരു വലിയ വിഭാഗത്തിന്റെ സ്ഥിതി, അടുത്തുചെന്ന് നോക്കുമ്പോൾ മറിച്ചാണെന്ന് കാണാം. ഇഹലോകത്തോട് വിരക്തി നടിച്ച് ദുൻയാവ് ശവമാണെന്നും ഒന്നിനും കൊള്ളാത്തതാണെന്നും പറഞ്ഞ് വലിയ്യ് ആയി ചമഞ്ഞ് നടക്കുന്നവരും, യഥാർഥത്തിൽ ഉദ്ദേശിക്കുന്നത് ഈ ശവത്തെത്തന്നെ! ജനങ്ങളുടെ ഇടയിൽ ബഹുമാനവും സ്ഥാനവും നേടുകയും അങ്ങനെ ലൗകിക ജീവിതം സുഖപ്രദമാക്കുകയുമാണ് ലക്ഷ്യം. പല രീതിയിലും തിരിഞ്ഞുമറിഞ്ഞ്, പരലോകത്തിന്റെ പേരുപറഞ്ഞ്, ഇഹലോക ജീവിതം ലക്ഷ്യമാക്കുന്ന നിലയിലേക്കുതന്നെ അധികമാളുകളും എത്തുന്നു. കൈയിൽ കിട്ടിയതിനെ വിട്ട് പറക്കുന്നതിനെ പിടിക്കാൻ അധികമാളുകളും തയ്യാറാവുകയില്ല. 'ഐഹിക ജീവിതം' ഇവിടെ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. 'പരലോകം' വളരെ വിദൂരമായ ഒരു കാര്യവും! അതുകൊണ്ട് ഐഹിക ജീവിതത്തിന്റെ ആകർഷകത്വവും പിശാചിന്റെ തന്ത്രവും പ്രേരണയും ബഹുഭൂരിപക്ഷം മനുഷ്യരെയും വഴിപിഴപ്പിക്കുന്നു. അവർക്ക് പരലോകത്തെപ്പറ്റി ചിന്തിക്കാൻ സമയമില്ല. ഈ ജീവിതത്തിന്റെ പ്രശ്നങ്ങൾക്കു തന്നെ സമയം തികയാത്ത മട്ടാണ്. പരിശുദ്ധ ക്വുർആൻ പുനരുത്ഥാനത്തെപ്പറ്റിയും പരലോകത്തെപ്പറ്റിയും ആവർത്തിച്ചാവർത്തിച്ചു മുന്നറിയിപ്പു തരുന്നതും ഇതുകൊണ്ടായിരിക്കാം. എല്ലാതരം ന്യായവാദങ്ങളും യുക്തിവാദങ്ങളും നിരത്തിവെച്ചുകൊണ്ട് പല രൂപത്തിലും ശൈലിയിലും പുനരുത്ഥാനത്തിന്റെ യാഥാർഥ്യം മനുഷ്യരെ ഗ്രഹിപ്പിക്കാൻ ക്വുർആൻ ശ്രമിക്കുന്നു. പരലോക വിശ്വാസത്തിന്റെ മർമം പുനരുത്ഥാനത്തിന്റെ യാഥാർഥ്യം മനസ്സിന് ബോധ്യപ്പെടുന്നതിലാണ്.

## പുനരുത്ഥാനവും അവിശ്വാസികളും

അവിശ്വാസികളായ മനുഷ്യർക്ക് വിശ്വസിക്കാൻ വളരെ പ്രയാസമുള്ള ഒരു കാര്യമാണ് പുനരുത്ഥാനം. അവസാനനാളിൽ എല്ലാം നശിച്ച ശേഷം, അല്ലാഹുവിന്റെ കല്പനയുണ്ടാകുമ്പോൾ, സർവ മനുഷ്യരും ഒന്നൊഴിയാതെ പാറ്റകളെപ്പോലെ ഭൂമിയിൽ നിന്ന് ഉയിർത്തെഴുന്നേറ്റിട്ട് അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നു. ഇതാണ് പുനരുത്ഥാനം!! "കാഹളത്തിൽ ഊതപ്പെടും, അപ്പോൾ അവർ അവരുടെ ക്വബ്റുകളിൽ നിന്ന് അവരുടെ രക്ഷിതാവിന്റെ അടുക്കലേക്ക് വേഗം പുറപ്പെടുന്നു. ഞങ്ങളുടെ നാശമേ! ഞങ്ങളുടെ ഉറക്കത്തിൽ നിന്ന് ഞങ്ങളെ എഴുന്നേല്പിച്ചത് ആരാണ്? ഇതു പരമകാരുണികൻ വാഗ്ദത്തം ചെയ്തതും ദൈവദൂതൻമാർ സത്യപ്പെടുത്തിയതുമായ കാര്യമാണ്. അതൊരു ശബ്ദം മാത്രമായിരിക്കും. അപ്പോൾ അവർ മുഴുവനും നമ്മുടെ മുമ്പിൽ ഹാജരാക്കപ്പെടുന്നതാണ്." (വി.ക്വു. 36: 51-53)

“അവരെ അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം അവർ അന്യോന്യം തിരിച്ചറിയത്തക്കവണ്ണം, പകലിൽ നിന്ന് അല്പസമയം മാത്രമേ അവർ താമസിച്ചിട്ടുള്ളൂ എന്നതുപോലെ-അല്ലാഹുവുമായി കണ്ടുമുട്ടും എന്ന കാര്യം നിഷേധിച്ചവർ നഷ്ടത്തിലായി! അവർ നേർമാർഗത്തിലായിരുന്നുമില്ല....” (വി.ക്വു. 10:45)

ശരിക്കും ഭൗതികമായ ജഡങ്ങളോടുകൂടി തമ്മിൽത്തമ്മിൽ വ്യക്തമായി തിരിച്ചറിയുന്ന മട്ടിൽ, ഭൂമിയിലെ ജീവിത സംഭവങ്ങളൊന്നും മറക്കാത്ത നിലയിൽ, ഒരു ഉറക്കത്തിൽ നിന്ന് ഉണർന്നപോലെ, മനുഷ്യർ ഒന്നൊഴിയാതെ പുനരുജ്ജീവിപ്പിക്കപ്പെടുകയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാക്കപ്പെടുകയും ചെയ്യും. ഇത് അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം വളരെ എളുപ്പമായ കാര്യമാണെന്നും, ഇതു തീർച്ചയായും ഉണ്ടാകുക തന്നെ ചെയ്യുമെന്നും ക്വുർആൻ ആവർത്തിച്ചുറപ്പിക്കുന്നു. എല്ലാ കാലത്തും പ്രവാചകന്മാർക്ക് ഏറ്റവുമധികം എതിർപ്പ് നേരിടേണ്ടിവന്നിട്ടുള്ള ഒരു കാര്യമാണ് ഇത്. ‘അല്ലാഹു അല്ലാത വേറെ ആരാധ്യനില്ല’ എന്ന തൗഹീദിന്റെ സന്ദേശത്തിനും മനുഷ്യരെല്ലാം രണ്ടാമതും പുനർജീവിപ്പിക്കപ്പെടും എന്ന പുനരുത്ഥാനത്തിന്റെ സന്ദേശത്തിനുമാണ് എല്ലാ കാലത്തും ഏറ്റവുമധികം എതിർപ്പ് നേരിട്ടിട്ടുള്ളത്. ‘പരലോകം’ ഒരു തരം അവ്യക്തമായ വെറും ആത്മീയമായ ഒരു ‘പുക’ പോലത്തെ കാര്യമാണെങ്കിൽ, അതു സ്വീകരിക്കാൻ ആളുകൾക്ക് വലിയ മടിയുണ്ടാകുകയില്ല. മരണാനന്തരം എന്തെങ്കിലും തരത്തിലുള്ള ഒരു നിലനില്പിൽ വിശ്വസിച്ചിരുന്ന ജനതകളും ‘പുനരുത്ഥാന’ത്തിൽ വിശ്വസിക്കാൻ കൂട്ടാക്കിയിട്ടില്ല. ആധുനികരും പൗരാണികരുമായ അവിശ്വാസികൾ പുനരുത്ഥാനത്തെ നിഷേധിക്കാൻ കൊണ്ടുവരുന്ന ന്യായങ്ങളെ ക്വുർആൻ ഖണ്ഡിക്കുകയും അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തീകരിക്കപ്പെടുമെന്ന് ആവർത്തിച്ചുറപ്പിക്കുകയും ചെയ്യുന്നു.

‘മരണമടഞ്ഞവരെ അല്ലാഹു പുനരുജ്ജീവിപ്പിക്കുകയില്ല എന്നവർ കഴിയുന്ന വിധത്തിലെല്ലാം ഉറപ്പിച്ച് അല്ലാഹുവിൽ സത്യംചെയ്തു പറഞ്ഞു. അങ്ങനെയല്ല, (പുനരുജ്ജീവിപ്പിക്കുമെന്ന്) അവൻ യഥാർഥമായി അവന്റെ മേൽ ഭരമേറ്റിരിക്കുന്നു. പക്ഷേ, ഭൂരിപക്ഷം ജനങ്ങളും അറിയുന്നില്ല....’ (വി.ക്വു.16:38)

## യുക്തിക്കിണങ്ങും അഹന്തക്കിണങ്ങില്ല

‘പുനരുത്ഥാനം’ ഉറപ്പായും ഉണ്ടാകാൻ പോകുന്നതാണെന്നു പൂർണമായും ബോധ്യപ്പെടുക എന്നതാണ് പരലോക വിശ്വാസത്തിന്റെ മർമം. ഞാൻ മരിക്കുമെന്ന് എത്ര ഉറപ്പാണോ, അത്രയും ഉറപ്പായ കാര്യമാണ് ഞാൻ ഭൗതിക ജഡത്തോടെ ഭൂമിയിൽ നിന്ന് രണ്ടാമതും ഉയിർത്തെഴുന്നേല്പിക്കപ്പെടുമെന്നത്. ഈ ‘അദൃശ്യകാര്യം’ ശാസ്ത്രീയഗവേഷണങ്ങളുടെയും പരീക്ഷണങ്ങളുടെയും മേഖലകൾക്കുറപ്പുള്ളതാണ്.

ദൈവിക സന്ദേശങ്ങളിൽ കൂടി, പ്രവാചകന്മാർക്ക് കിട്ടിയ വിജ്ഞാനവും വേദഗ്രന്ഥങ്ങളും ഈ കാര്യത്തെപ്പറ്റി തരുന്ന വിവരണങ്ങൾ അപ്പടി സ്വീകരിക്കുകയല്ലാതെ, ഏതു ശാസ്ത്രീയയുഗത്തിലെ മനുഷ്യർക്കും വേറേ മാർഗങ്ങളില്ല. എന്നാൽ ആധുനിക മനുഷ്യരെപ്പോലെത്തന്നെ പൗരാണികരും സ്വീകരിക്കാൻ കൂട്ടാക്കാതിരുന്ന കാര്യം, മനുഷ്യൻ മരിച്ചു മണ്ണായിത്തീർന്ന ശേഷം രണ്ടാമതും ജഡത്തോടു കൂടി ഉയിർത്തെഴുന്നേല്പിക്കപ്പെടുമെന്ന പ്രഖ്യാപനമാണ്. ആത്മാവിന്റെ നിലനില്പിലും മരണാനന്തരമുള്ള ആത്മാവിന്റെ പുനർജന്മത്തിലും എല്ലാം വിശ്വസിക്കുന്നു എന്നു പറയുന്നവരും ശരീരത്തോടുകൂടിയ പുനരുത്ഥാനത്തെ സ്വീകരിക്കാൻ കൂട്ടാക്കിയില്ല. എന്താണിതിനു കാരണം? മനുഷ്യന്റെ യുക്തിക്കും ബുദ്ധിക്കും യോജിക്കാത്തതുകൊണ്ടാണോ? ഈ പ്രപഞ്ചവും ആസ്തിക്യവും ജീവിതവുമെല്ലാം യുക്തിക്കും ബുദ്ധിക്കും യോജിക്കുന്നതാണെങ്കിൽ, രണ്ടാമത്തെ ജീവിതവും ആസ്തിക്യവും പരലോകവുമെല്ലാം യുക്തിക്കും ബുദ്ധിക്കും യോജിക്കാത്തതാവുന്നത് എങ്ങനെയാണ്?

'നാം നിങ്ങളുടെ ഇടയിൽ മരണം കണക്കാക്കിയിരിക്കുന്നു. നിങ്ങളെപ്പോലുള്ളവരെ പകരമാക്കുകയും നിങ്ങളറിയാത്ത നിലയിൽ നിങ്ങളെ (വീണ്ടും) സൃഷ്ടിക്കുകയും ചെയ്യുന്നതിൽ നാം പരാജിതരാക്കപ്പെടുകയില്ല. നിശ്ചയമായും ആദ്യത്തെ സൃഷ്ടിപ്പ് നിങ്ങൾ അറിഞ്ഞു. എന്നിട്ടും നിങ്ങൾ ചിന്തിക്കാത്തതെന്ത്? (വി.ഖു. 56:60-62)

യഥാർഥത്തിൽ യുക്തിക്കു യോജിക്കാത്തതുകൊണ്ടല്ല, മനുഷ്യന്റെ അഹന്തക്കും ഗർവിനും നിരക്കാത്തതുകൊണ്ടാണ് 'പുനരുത്ഥാനം' അവന് അസ്വീകാര്യമായിത്തീരുന്നത്. അല്ലാഹുവിന്റെ മുമ്പിൽ നിസ്സഹായരായ നിലയിൽ ഹാജരാക്കപ്പെടുമെന്ന കാര്യം മഹാവീരന്മാരായ മനുഷ്യനേതാക്കളെ സംബന്ധിച്ചേടത്തോളം അചിന്ത്യമാണ്. ആ ആശയത്തെത്തന്നെ അവർ പുച്ഛിച്ചുതള്ളിക്കളയും. അതവർക്കു സഹിക്കാൻ സാധിക്കുകയില്ല. പ്രതാപികളും മഹാന്മാരും സമർഥന്മാരും മഹാബുദ്ധിമാന്മാരും എല്ലാം അടങ്ങുന്ന മനുഷ്യസമൂഹം ആകെ, ആദ്യത്തെ മനുഷ്യൻ തൊട്ട് അവസാനത്തെ മനുഷ്യൻ വരെ, ഒന്നൊഴിയാതെ നഗ്നരായിക്കൊണ്ട് നിസ്സഹായരും നിരാലംബരുമായിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടും എന്നു പറഞ്ഞാൽ അഹന്തക്ക് ഒട്ടും യോജിക്കുന്ന കാര്യമല്ല അത്. മഹാരാജാക്കന്മാരും സർവാധിപതികളും സൈന്യാധിപന്മാരും പ്രസിഡന്റുമാരും പ്രധാനമന്ത്രിമാരും ശാസ്ത്രാകരന്മാരും സാഹിത്യകാരന്മാരും എല്ലാ വമ്പന്മാരും കൊമ്പന്മാരും അടങ്ങുന്ന മനുഷ്യസമൂഹം കാഹളത്തിൽ അന്ന് ഊതപ്പെട്ടാൽ ഭൂമിയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് അല്ലാഹുവിന്റെ തിരുസന്നിധിയിലേക്ക് കുതിക്കുകയായി. എന്തൊരു ഭയങ്കര സംഭവമായിരിക്കും അത്! തങ്ങളുടെ ഇഹലോകജീവിതത്തിലെ പ്രവർത്തനങ്ങളുടെ കണക്ക് മനുഷ്യരെല്ലാം

അവരുടെ സ്രഷ്ടാവിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടിരിക്കയാണ്! ഇതുണ്ടാകുമെന്നു വിശ്വസിക്കാൻ, മനുഷ്യന്റെ അഹംഭാവം ഒട്ടും അനുവദിക്കയില്ല. മൂസാനബി(അ) ന്റെ പ്രാർഥന എത്ര അർഥവത്താണ്? “നിശ്ചയമായും ഞാൻ എന്റെയും നിങ്ങളുടെയും രക്ഷിതാവിങ്കൽ, കണക്കുപറയുന്ന ദിവസത്തിൽ വിശ്വസിക്കാത്ത എല്ലാ അഹംഭാവിയിൽ നിന്നും അഭയം തേടിയിരിക്കുന്നു...” (വി.ഖു. 40:27)

അഹംഭാവികൾക്ക് വിശ്വസിക്കാൻ സാധിക്കയില്ല. യുക്തിയും ബുദ്ധിയുമല്ല പുനരുത്ഥാനത്തിന്റെ യാഥാർഥ്യത്തിൽ വിശ്വസിക്കുന്നതിൽ നിന്നു മനുഷ്യനെ തടയുന്നത്. മനുഷ്യജീവിതത്തിനും പ്രപഞ്ചത്തിനു തന്നെയും ലക്ഷ്യവും ഉദ്ദേശ്യവും നല്കുന്ന ഏറ്റവും മഹത്തായ സൃഷ്ടിയുടെ രഹസ്യമാണ് പുനരുത്ഥാനം. അതില്ലെങ്കിൽ ജീവിതം നിരർഥകമാണ്, പ്രപഞ്ചം യുക്തിഹീനമാണ്. ആസ്തിക്യം അർഥശൂന്യമാണ്. എല്ലാറ്റിന്നും അർഥവും ലക്ഷ്യവും നല്കുന്ന അല്ലാഹുവിന്റെ മഹത്തായ കാരുണ്യമാണ് പുനരുത്ഥാനം!

## എല്ലാം നിരർഥകമെന്ന വിലാപം

ആധുനിക ലോകത്തിലെ ബുദ്ധിജീവികൾ, സാഹിത്യകാരന്മാർ, കവികൾ എല്ലാവരും വിലപിക്കുകയാണ്. ജീവിതം നിരർഥകമാണ്, ആസ്തിക്യം യുക്തിഹീനമാണ്, മനുഷ്യജീവിതത്തിനു ലക്ഷ്യമില്ല എന്നെല്ലാം പറഞ്ഞുകൊണ്ട്! കുറച്ചു കാലത്തെ ഒരു ജീവിതം, പിന്നെ അനന്തമായ ശൂന്യത! എത്ര നിരാശകരമായ ഒരു സ്ഥിതി! അർഥശൂന്യവും യുക്തിഹീനവുമായ ആസ്തിക്യത്തിന്റെ നിരർഥകമായ പര്യവസാനം! ഇതിന് യാതൊരു പരിഹാരവുമില്ല. വിലപിക്കുന്ന സാഹിത്യകാരനെ നമുക്ക് ഒന്നു സമാധാനിപ്പിച്ചു നോക്കാം. ‘താങ്കൾ വിലപിക്കേണ്ട. നിരാശപ്പെടേണ്ട! ജീവിതത്തിന്ന് അർഥമുണ്ട്. ലക്ഷ്യമുണ്ട്. ഈ നശ്വരമായ ഐഹിക ജീവിതമല്ല യഥാർഥ ജീവിതം. മനുഷ്യൻ രണ്ടാമതും ഉയിർത്തെഴുന്നേല്ക്കും. പിന്നെ ശാശ്വതമായ പരലോകജീവിതമുണ്ട്. അതാണ് നശിക്കാത്ത യഥാർഥ ജീവിതം. അതു നേടുവാൻ വേണ്ടി, ഈ നശ്വരമായ ലൗകിക ജീവിതത്തെ ഉപയോഗപ്പെടുത്തുക. ഇതാണ് വേദഗ്രന്ഥങ്ങളുടെ കാതലായ സന്ദേശം. ഇതാണ് സത്യം! അതുകൊണ്ട് ഒട്ടും നിരാശപ്പെടേണ്ട....’ ഇത് അവർ സ്വീകരിക്കുന്നില്ല. അവർ ഈ സന്ദേശത്തെ പുച്ഛിച്ചുതള്ളിക്കളയുന്നു, പിന്നെയും വിലപിക്കുന്നു; ലഹരി കഴിച്ചു സ്വയം നശിക്കുകയും ചെയ്യുന്നു.

പേപ്പട്ടിവിഷം ബാധിച്ചവർ ദാഹം കൊണ്ടു കഷ്ടപ്പെടുന്നു. പക്ഷേ വെള്ളം അടുത്തേക്ക് കൊണ്ടുപോകുമ്പോഴേക്ക്, ഭയങ്കരമായ വേദന കൊണ്ട് അവൻ കൊടുമ്പിരി കൊള്ളുന്നു. വെള്ളത്തെ അവന്നു ഭയമാണ്; വെള്ളം അവന്ന് ഏറ്റവും ആവശ്യവുമാണ്! പുനരുത്ഥാനവും പരലോകവും എല്ലാം വളരെ ആവശ്യമാണ്. അവയില്ലെങ്കിൽ ജീവിത

ത്തിനും പ്രപഞ്ചത്തിനും ഒന്നും യാതൊരർഥവുമില്ല. സോമർ സറ്റ് മോം എന്ന ഇംഗ്ലീഷ് സാഹിത്യകാരൻ പറഞ്ഞു. 'പരലോകം വേണ്ടതായിരുന്നു, പക്ഷേ ഇല്ലല്ലോ, എന്തു ചെയ്യും!' എന്ന്. അഹന്ത എന്ന പേപ്പട്ടി വിഷം 'പരലോകവിശ്വാസം' എന്ന വെള്ളത്തെ സമീപിക്കാൻ പോലും അവരെ അനുവദിക്കുന്നില്ല. അവർ അതിനു വേണ്ടി അങ്ങേയറ്റം ദാഹിക്കുന്നവ രാണെങ്കിലും! മരണത്തോടു കൂടി എന്നെന്നേക്കുമായി ഒന്നുമില്ലാത്ത വണ്ണം ശൂന്യതയിൽ അവസാനിക്കുക എന്ന ഏറ്റവും നിരാശകരമായ സ്ഥിതി, ബുദ്ധിയുള്ള മനുഷ്യർക്ക് ഒട്ടും സഹിക്കാൻ സാധിക്കാത്ത കാര്യ മാണ്. എന്നാൽ മരണാനന്തരം രണ്ടാമതും പുനരുജ്ജീവിപ്പിക്കപ്പെട്ട് അല്ലാ ഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുക എന്ന കാര്യം സ്വീകരിക്കാൻ അഹ ന്തയും അനുവദിക്കുന്നില്ല. മനുഷ്യന്റെ യുക്തിക്കും ബുദ്ധിക്കും നിര ക്കാത്തതുകൊണ്ടല്ല, അഹന്തക്ക് യോജിക്കാത്തതുകൊണ്ടാണ് പുനരു ത്ഥാനത്തെ അവർ നിഷേധിക്കുന്നത്. പരിശുദ്ധഖുർആൻ മനുഷ്യന്റെ അഹന്തയെ നശിപ്പിച്ച് അവനിൽ വിനയം ഉദ്ദീപിപ്പിച്ചു പുനരുത്ഥാന ത്തിന്റെ യാഥാർഥ്യം അവനെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയാണ് ചെയ്യുന്നത്.

## മനുഷ്യൻ വളരെ നിസ്സാരൻ

"മനുഷ്യൻ മനസ്സിലാക്കിയിട്ടില്ലേ, നാം അവനെ ഇന്ദ്രിയത്തിൽ നിന്നു സൃഷ്ടിച്ചുവെന്നത്? ഇപ്പോഴിതാ അവൻ വ്യക്തമായ ഒരു താർക്കികനാ യിരിക്കുന്നു; അവന്റെ സൃഷ്ടിപ്പ് മറന്നുകൊണ്ട്. അവൻ നമുക്ക് ഉപമിച്ചുതന്നിരിക്കുന്നു; ഈ എല്ലുകൾ നുരുമ്പിപ്പോയതായിരിക്കെ അതിനെ ജീവിപ്പിക്കുന്നത് ആരാണ് എന്ന് അവൻ ചോദിക്കുന്നു. നീ പറയുക: ആദ്യതവണ അതു സൃഷ്ടിച്ചവനാരാണോ അവൻ തന്നെ ജീവി പ്പിക്കും. അവൻ എല്ലാ സൃഷ്ടിയെപ്പറ്റിയും അറിയുന്നവനത്രെ! പച്ചവൃ ക്ഷത്തിൽ നിന്ന് നിങ്ങൾക്കു തീയുണ്ടാക്കിത്തന്നവനാണവൻ. അങ്ങനെ നിങ്ങളതാ അതിൽ നിന്നും കത്തിച്ചെടുക്കുന്നു. ആകാശങ്ങളെയും ഭൂമി യെയും സൃഷ്ടിച്ചവൻ ഇവരെപ്പോലെയുള്ളത് സൃഷ്ടിക്കുവാൻ ശക്ത നല്ലേ? അങ്ങനെത്തന്നെ. അവൻ സർവജ്ഞനായ വലിയ സൃഷ്ടി കർത്താവത്രെ! അവന്റെ കാര്യം ഇത്രമാത്രമാണ്: അവൻ വല്ല കാര്യവും ഉദ്ദേശിച്ചാൽ അതിനോട് അവൻ പറയും, 'ഉണ്ടാകുക' എന്ന്. അപ്പോൾ അതുണ്ടാകും." (വി.ഖു. 36: 77-82)

മനുഷ്യന്റെ നിസ്സാരത അവനെ ബോധ്യപ്പെടുത്താൻ, അവന്റെ സൃഷ്ടിയുടെ ആരംഭത്തെപ്പറ്റി അവനെ ഓർമിപ്പിക്കുകയാണ്. ഏത് മഹാ നായ മനുഷ്യനും, ഏതു വമ്പനും, നിസ്സാരമായ ഇന്ദ്രിയ ബീജത്തിൽ നിന്നാണ് സൃഷ്ടിക്കപ്പെടുന്നത് എന്ന കാര്യം അല്ലാഹു ഓർമിപ്പിക്കുന്നത് മനുഷ്യന്റെ 'അഹന്ത'യെ ഒന്ന് പാകപ്പെടുത്താനാണ്. മനുഷ്യന്റെ നിസ്സാ രതയും കഴിവുകേടും എടുത്തുകാട്ടുകയും സ്രഷ്ടാവായ അല്ലാഹു

വിന്റെ മഹത്വവും കഴിവും ശക്തിയും വിജ്ഞാനവും എല്ലാം ഓർമിപ്പിക്കുകയും ചെയ്തുകൊണ്ട് അഹന്തയെ ദൂരീകരിച്ച് മനുഷ്യനിൽ വിനയവും ഉദ്ദീപിപ്പിച്ച്, വിനയത്തോടെ ചിന്തിക്കാൻ 'പുനരുത്ഥാനം' അനിവാര്യമാണെന്നും അല്ലാഹുവിന്റെ വാഗ്ദത്തം ഉറപ്പായും നടപ്പിൽവരിക തന്നെ ചെയ്യുമെന്നും ബുദ്ധിയുള്ള മനുഷ്യർക്കെല്ലാം ബോധ്യപ്പെടാതിരിക്കയില്ല.

"അവിശ്വാസികൾ ജല്പിച്ചു: അവർ പുനരുജ്ജീവിപ്പിക്കപ്പെടുകയില്ലെന്ന്. പറയുക: അങ്ങനെയല്ല എന്റെ റബ്ബിനെ തന്നെ സത്യം. നിശ്ചയം, നിങ്ങൾ പുനർജീവിപ്പിക്കപ്പെടുന്നതും പിന്നെ നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങളോട് വർത്തമാനം പറയപ്പെടുന്നതുമാകുന്നു. അത് അല്ലാഹുവിന് എളുപ്പമാണ്." (വി. 64:7)

പുനരുത്ഥാനം വളരെ വിദൂരമായ കാര്യമല്ല, മരണം ഏതു മനുഷ്യനും ഏതു നിമിഷത്തിലുമുണ്ടാകാം. 'പുനരുത്ഥാനം' എന്നത് ഉറങ്ങി ഉണരുന്നതുപോലെ അത്ര എളുപ്പത്തിൽ വന്നുചേരാൻ പോകുന്ന കാര്യമാണ്. കാലം ആപേക്ഷികമാണ്. ഒരു നിമിഷത്തെ യുഗങ്ങളായി തോന്നിപ്പിക്കാനും, യുഗങ്ങളെ നിമിഷങ്ങളായി തോന്നിപ്പിക്കാനും അല്ലാഹുവിന് പ്രയാസമില്ലാത്തതാണ്. പരലോകത്ത് ഹാജരാക്കപ്പെടുമ്പോൾ, ഇന്നലെ കഴിഞ്ഞതുപോലെ സംഗതികളെല്ലാം ഓർമയുള്ള സ്ഥിതിയും. വളരെ കുറഞ്ഞ സമയമേ കഴിഞ്ഞിട്ടുള്ളൂ എന്ന തോന്നലും ഉണ്ടാകും എന്ന് ക്വുർആൻ നമ്മെ പഠിപ്പിക്കുന്നതിൽ നിന്ന് ഒരു കാര്യം ഗ്രഹിക്കാനുള്ളത്. സംഗതി വളരെ വിദൂരമാണെന്ന് നാം ധരിച്ചുപോകരുത് എന്നതാണ്. നാളെ നേരംവെളുത്ത് ഉറക്കമുണരുന്നതുപോലെ, അത്രയും അടുത്തു തന്നെയാണ് 'പരലോകം' എന്ന കാര്യം നമ്മളാരും ഗൗനിക്കുന്നില്ല. "നിശ്ചയം, അത് വിദൂരമാണെന്ന് അവർ വിചാരിക്കുന്നു. നാം അതു ആസന്നമാണെന്ന് കാണുന്നു" (വി. ക്വു. 70:6,7)

## മഹ്ശറയും വിചാരണയും

പുനരുത്ഥാനത്തെപ്പറ്റി ക്വുർആൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം പ്രതിപാദിക്കുക വളരെ പ്രയാസമാണ്. പരലോക വിശ്വാസത്തിന്റെ മർമപ്രധാനമായ ഭാഗമാണ് 'പുനരുത്ഥാന'ത്തിലുള്ള വിശ്വാസം. ഇതു ശരിക്കും മനസ്സിനു ബോധ്യപ്പെട്ട് വിശ്വസിക്കാൻ കഴിഞ്ഞാൽ, മറ്റുള്ള വിശ്വാസകാര്യങ്ങളെല്ലാം ശരിപ്പെട്ട് വരുമെന്ന് ഉറപ്പിക്കാം. അതുകൊണ്ടായിരിക്കാം, അല്ലാഹു ക്വുർആനിൽ മനുഷ്യന്റെ മനസ്സിനു ബോധ്യപ്പെടത്തക്കവണ്ണം പല നിലക്കും യുക്തിവാദങ്ങളും ന്യായവാദങ്ങളും നടത്തിക്കൊണ്ട്, പുനരുത്ഥാനത്തിന്റെ യാഥാർഥ്യം വീണ്ടും വീണ്ടും സ്ഥാപിക്കുന്നത്.

"അവനല്ലാതെ വേറെ യാതൊരു ആരാധ്യനുമില്ലാത്ത, ഏക ആരാധ്യനാണ് അല്ലാഹു. അന്ത്യനാളിൽ അവൻ തീർച്ചയായും നിങ്ങളെ ഒരു

മിച്ചുകൂട്ടും. അതിൽ യാതൊരു സംശയവുമില്ല. അല്ലാഹുവെക്കാൾ സത്യം പറയുന്നവനായി ആരുണ്ട്?" (വി.ക്വു. 4:87)

"നാം പർവതങ്ങളെ നടത്തുകയും, ഭൂമിയെ നിരന്ന സമതലമായി നീ കാണുകയും, അവരെ നാം ഒരുമിച്ചുകൂട്ടുകയും ചെയ്യുന്ന ദിവസം! അവരിൽ ഒരാളെയും നാം വിട്ടുകളയുകയുമില്ല! നിരയായി നിന്റെ രക്ഷിതാവിന്റെ മുമ്പിൽ അവർ പ്രദർശിപ്പിക്കപ്പെടും. (അല്ലാഹു അവരോട് പറയും) ആദ്യത്തെ പ്രാവശ്യം നാം നിങ്ങളെ സൃഷ്ടിച്ചതുപോലെ നിങ്ങൾ നമ്മുടെ അടുത്തുവന്നിരിക്കുന്നു. എന്നാൽ നിങ്ങൾക്ക് ഒരു നിശ്ചിത സമയം നാം വെച്ചിട്ടില്ല എന്ന് നിങ്ങൾ ജല്പിച്ചു. ഗ്രന്ഥം വെക്കപ്പെടും. അപ്പോൾ അതിലുള്ളതിനെപ്പറ്റി ഭയപ്പട്ടവരായി കുറ്റവാളികളെ നിനക്ക് കാണാം. 'ഹാ ഞങ്ങളുടെ കഷ്ടമേ! എന്താണ് ഈ ഗ്രന്ഥത്തിന്ന്? ചെറിയതാകട്ടെ, വലിയതാകട്ടെ, ഒന്നും ക്ലിപ്തമായി രേഖപ്പെടുത്താതെ ഇതു വിടുന്നില്ലല്ലോ!' എന്നു അവർ പറയുകയും ചെയ്യും. അവർ പ്രവർത്തിച്ചത് എന്തും അതിലുള്ളതായി അവർ കാണും. നിന്റെ റബ്ബ് ഒരാളോടും അക്രമം ചെയ്യുകയില്ല." (വി.ക്വു. 18:47-49)

അവസാനനാളിനെപ്പറ്റിയും പരലോകത്തെപ്പറ്റിയും പുനരുത്ഥാനത്തെപ്പറ്റിയും ക്വുർആൻ തരുന്ന വിവരണങ്ങൾ, അതിന്റെ ദൈവികത്വത്തിനുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങൾ കൂടിയാണ്. ക്വുർആന്റെ വലിയ ഒരു ഭാഗം തന്നെ ഈ വിഷയങ്ങൾ പ്രതിപാദിക്കുന്നതാണ്. സർവജ്ഞനും സർവശക്തനുമായ അല്ലാഹുവിനല്ലാതെ, അത്തരം വിവരണങ്ങൾ ആർക്കും തരിക സാധ്യമല്ല എന്ന് ഏത് സത്യാന്വേഷിയായ മനുഷ്യനും ബോധ്യപ്പെടും. ആദ്യത്തെ മനുഷ്യൻ തൊട്ട്, അവസാനത്തെ മനുഷ്യൻ വരെ ഒരാളെയും വിട്ടുപോകാതെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാക്കുന്ന ആ രംഗം എത്ര ഭയങ്കരം! മഹാചക്രവർത്തിമാരും രാജാക്കന്മാരും പ്രസിഡന്റുമാരും പ്രമാണിമാരും സേനാധിപതികളും പട്ടാളക്കാരും ശാസ്ത്രജ്ഞന്മാരും തത്വജ്ഞാനികളും സാഹിത്യകാരന്മാരും കലാകാരന്മാരും ശക്തന്മാരും ബലഹീനരും മുതലാളിമാരും തൊഴിലാളികളും എല്ലാവരും അണിയണിയായി ദൈവസന്നിധിയിൽ നിലകൊള്ളുന്ന ആ ദിനം! മനുഷ്യർ വിശ്വസിച്ചാലും വിശ്വസിച്ചില്ലെങ്കിലും ആ ദിനം വരിക തന്നെ ചെയ്യും! ഓരോ മനുഷ്യന്റെയും ഈ ജീവിതത്തിലെ പ്രവർത്തനങ്ങൾ വ്യക്തമായും രേഖപ്പെടുത്തപ്പെട്ട ഗ്രന്ഥം ഓരോരുത്തർക്കും നല്കപ്പെടും. ഒരു മണിത്തൂക്കം വിട്ടുപോകാതെ എല്ലാ കാര്യങ്ങളും റിക്കാർഡ് ചെയ്യപ്പെട്ട ഗ്രന്ഥങ്ങൾ! മനുഷ്യന്റെ വാക്കുകളും പ്രവൃത്തികളും കണിശമായി രേഖപ്പെടുത്തപ്പെടുന്നുണ്ട് എന്ന യാഥാർഥ്യം മനുഷ്യരിൽ അധിക പേരും ഗൗനിക്കുന്നില്ല. ഓരോ മനുഷ്യന്റെയും കൂടെതന്നെയുള്ള അല്ലാഹുവിന്റെ മലക്കുകൾ. അവരുടെ പ്രവർത്തനം, വള്ളിപുള്ളി വ്യത്യാസമില്ലാതെ, കണിശമായി രേഖപ്പെടുത്തുന്നു. ശാസ്ത്രീയ ഗവേഷണങ്ങൾക്കോ മറ്റ് ഉപാധികൾക്കോ ഒരി

ക്കലും കണ്ടുപിടിക്കാൻ സാധിക്കാത്ത നിലയിൽ 'അദൃശ്യമായി' നടക്കുന്ന ഈ കാര്യത്തെപ്പറ്റി ക്വുർആൻ പല സ്ഥലങ്ങളിലും മുന്നറിയിപ്പ് നല്കുന്നുണ്ട്.

'ഓരോ സമുദായവും അല്ലാഹുവിന്റെ മുമ്പിൽ മുട്ടുകുത്തി നില്ക്കുന്നതായിട്ടു നീ കാണുന്നതാണ്. ഓരോ സമുദായവും അതിന്റെ ഗ്രന്ഥത്തിലേക്കു വിളിക്കപ്പെടുന്നതും -ഇന്നാണ് നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന് നിങ്ങൾക്കു പ്രതിഫലം നല്കപ്പെടുന്നത്. നമ്മുടെ ഗ്രന്ഥമാണിത്. നിങ്ങൾക്കെതിരിൽ അതു സത്യപ്രകാരം തെളിവു നല്കുന്നു. നിശ്ചയം, നിങ്ങൾ പ്രവർത്തിച്ചിരുന്നത് നാം രേഖപ്പെടുത്തുകയായിരുന്നു.' (വി.ക്വു. 45: 28,29)

'അവർ ചെയ്ത എല്ലാ സംഗതികളും ഏടുകളിലുണ്ട്. എല്ലാ ചെറുതും വലുതും അടുക്കിവെക്കപ്പെട്ടും.' (വി.ക്വു. 54:52,53)

'നിശ്ചയം, നിങ്ങളുടെ മേൽ കാവൽക്കാരുണ്ട്; മാന്യന്മാരായ എഴുത്തുകാർ! നിങ്ങൾ പ്രവർത്തിക്കുന്നത് അവർ അറിയുന്നു. (വി.ക്വു 82:10 -12)

സമുദായത്തിന്റെ പൊതുവായ പ്രവർത്തനങ്ങളും വ്യക്തിയുടെ പ്രവർത്തനങ്ങളും അദൃശ്യമായ നിലയിൽ രേഖപ്പെടുത്തപ്പെടുന്നു. ഒന്നും വിട്ടുപോകുന്നില്ല, മറക്കപ്പെടുന്നില്ല, മാഞ്ഞുപോകുന്നില്ല. ആശ്ചര്യകരമായ മനഷ്യജീവിതവും അതിലും ആശ്ചര്യകരമായ പ്രപഞ്ചവും, അവയുടെ പിന്നിൽ ഒരു പ്ളാനിംഗും യുക്തിയുമില്ലാത്ത, ആകസ്മിക സംഭവങ്ങളാണ് എന്നു ധരിച്ചവർക്കു വമ്പിച്ച അബദ്ധം പറ്റിയിരിക്കുന്നു. ഈ കാണുന്ന ദൃശ്യപ്രപഞ്ചത്തിന്റെ പിന്നിൽ ഒളിഞ്ഞുകിടക്കുന്ന അദൃശ്യമായത് ഇതിനേക്കാൾ പതിന്മടങ്ങ് ആശ്ചര്യകരവും സങ്കീർണവുമാണ്. മനുഷ്യവിജ്ഞാനത്തിന് ദൈവിക സന്ദേശങ്ങളുടെ സഹായം കൂടാതെ ഇവിടെ യാതൊരു എത്തും പിടിയും കിട്ടുകയില്ല. ആദ്യം പറഞ്ഞതുപോലെ ധ്രുവപ്രദേശങ്ങളിൽ സമുദ്രത്തിൽ കാണുന്ന 'മഞ്ഞുമലകൾ' പോലെയാണ് പ്രപഞ്ചം. പുറത്തേക്കു കാണുന്ന ഭാഗത്തെക്കാൾ പതിന്മടങ്ങു വെള്ളത്തിന്നടിയിലായിരിക്കും. മുകൾഭാഗം മാത്രം കണ്ടു കപ്പലോടിച്ചാൽ കപ്പൽ തകർന്നതുതന്നെ. പ്രപഞ്ചത്തിനു പിന്നിൽ മറഞ്ഞു കിടക്കുന്ന, (മഞ്ഞുമലയുടെ വെള്ളത്തിന്നടിയിലുള്ള ഭാഗം പോലെ) അദൃശ്യമായതിനെപ്പറ്റിയുള്ള അറിവ് അല്ലാഹുവിങ്കൽ നിന്ന് പ്രവാചകൻമാർ വഴി തന്നെ കിട്ടണം. ശാസ്ത്രീയ ഗവേഷണങ്ങളുടെ പരിധിക്കപ്പുറമുള്ള അറിവാണത്. മനുഷ്യന്റെ എല്ലാ വാക്കുകളും പ്രവൃത്തികളും കണിശമായി രേഖപ്പെടുത്തപ്പെടുന്നുണ്ട് എന്നു ക്വുർആൻ തരുന്ന മുന്നറിയിപ്പ് അവഗണിച്ചവർ ഖേദിക്കുക തന്നെ വേണ്ടി വരും. പുനരുത്ഥാനനാളിൽ ഗ്രന്ഥം കൈയിൽ നല്കപ്പെടുമ്പോൾ അന്ധാളിച്ച് അവൻ ചോദിക്കും: എന്താണ് ഈ ഗ്രന്ഥത്തിന്ന്; ചെറിയതാകട്ടെ, വലിയതാകട്ടെ, ഒന്നും

ക്ലിപ്തമായി രേഖപ്പെടുത്താതെ ഇത് വിടുന്നില്ലല്ലോ' എന്ന്. മരണത്തോട് കൂടി എല്ലാം കഴിഞ്ഞു എന്ന് ധരിക്കുന്നതാണ് മനുഷ്യജീവിതത്തിലെ ഏറ്റവുംവലിയ അപകടംപിടിച്ച തെറ്റിദ്ധാരണ. ഈ ധാരണക്ക് കൊടുക്കേണ്ട വില മനുഷ്യന്ന് താങ്ങാനാവാത്തതാണ്. അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടും എന്ന ബോധം ഒട്ടുമില്ലാതെ, മരണത്തോടുകൂടി എല്ലാം കഴിഞ്ഞു എന്ന് ധരിക്കുന്നവനെപ്പോലെ വിഡ്ഢിത്തത്തിൽ പെട്ടവരാരുമില്ല. 'നിങ്ങൾക്ക് ഒരു നിശ്ചിത സമയം നാം വെച്ചിട്ടില്ല എന്ന് നിങ്ങൾ ജല്പിച്ചിരുന്നല്ലോ' എന്ന് അല്ലാഹു അവരോട് പറയുമ്പോൾ അവരുടെ ഖേദവും അന്ധാളിപ്പും എത്ര ഭയങ്കരമായിരിക്കും!

## കർമഫലത്തെക്കുറിച്ച് വാഗ്ദാനം

പ്രവാചകന്മാർ മുഖേന മനുഷ്യവർഗത്തിന്ന് അല്ലാഹു തന്നിട്ടുള്ള മുന്നറിയിപ്പുകളെ അവഗണിക്കുന്നവർക്ക് ഭയങ്കരമായ വിചാരണയും കഠിനമായ ശിക്ഷയും അനുഭവിക്കേണ്ടിവരും. ഇത് അവരുടെ കർമഫലം മാത്രമാണ്. അല്ലാഹു അവരോട് അക്രമം ചെയ്തിട്ടില്ല. അവർ തന്നെയാണ് അവരോട് അക്രമം പ്രവർത്തിച്ചിട്ടുള്ളത്.

"അതുകൊണ്ട് അല്ലാഹുവിനെപ്പറ്റി, അവൻ അവന്റെ പ്രവാചകന്മാരോട് ചെയ്ത വാഗ്ദത്തം ലംഘിക്കുന്നവനാണെന്ന് ഒരിക്കലും നീ വിചാരിക്കരുത്. നിശ്ചയം, അല്ലാഹു പ്രതാപശാലിയും ശിക്ഷിക്കുന്നവനുമാണ്. ഈ ഭൂമി, ഇതല്ലാതെ വേറെ ഭൂമിയായും ഈ ആകാശങ്ങൾ, ഇതല്ലാതെ വേറെ ആകാശങ്ങളായും മാറ്റപ്പെടുകയും അവരെല്ലാവരും ഏകനായ, സർവത്തെയും അടക്കി ഭരിക്കുന്ന അല്ലാഹുവിന്റെ മുമ്പാകെ നിലകൊള്ളുകയും ചെയ്യുന്ന നാളിൽ, ആ നാളിൽ പാപികളെ ചങ്ങലകളിൽ ബന്ധിതരായി നീ കാണും. അവരുടെ കുപ്പായങ്ങൾ പന്തത്തിന്റേതാണ്. തീ അവരുടെ മുഖങ്ങളെ മൂടിക്കളയുന്നു. ഓരോ ആൾക്കും അവരവർ പ്രവർത്തിച്ചതിന് പ്രതിഫലം കൊടുക്കാനായിട്ട്. നിശ്ചയം, അല്ലാഹു വേഗത്തിൽ കണക്കു നോക്കുന്നവനാണ്. ഇത് ജനങ്ങൾക്ക് ഒരു ഉദ്ബോധനമാകുന്നു. അവരെ ഇതുമൂലം താക്കീത് ചെയ്യുവാൻ വേണ്ടിയും, അവൻ മാത്രമാണ് ഏക ആരാധ്യൻ എന്ന് അവർ അറിയുവാൻ വേണ്ടിയും; ബുദ്ധിമാന്മാരെ ഓർമിപ്പിക്കാൻ വേണ്ടിയും." (വി. ക്വു. 14:47-52)

ഓരോ മനുഷ്യന്റെയും ഈ ലൗകിക ജീവിതത്തിലെ കർമങ്ങളുടെ ഫലം അവൻ പരലോകത്ത് അനുഭവിക്കേണ്ടിവരുന്നു. അല്ലാഹുവിന്റെ ശിക്ഷ എന്ന് പറയുമ്പോൾ, അത് മനുഷ്യർ പ്രവർത്തിച്ച് സമ്പാദിച്ച തിന്മകളുടെ തിരിച്ചടി തന്നെയാണ്. ഒരു വിധത്തിൽ കാര്യകാരണ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ പ്രവൃത്തികളുടെ ഫലം അനുഭവിക്കുക മാത്രമാണ് അവർ ചെയ്യുന്നത്. അല്ലാഹു അക്രമമായിട്ടൊന്നും ചെയ്യുന്നില്ല. അല്ലാഹു പ്രവാചകന്മാർ മുഖേന നല്കിയ താക്കീതുകൾ മനുഷ്യർ വകവെക്കാതെ ജീവിച്ചതു കാരണം സ്വയം സമ്പാദിച്ച ശിക്ഷ

യാണ് അനുഭവിക്കേണ്ടിവരുന്നത്. ഓരോ കർമത്തിന്റെയും അദൃശ്യമായ പ്രത്യാഘാതത്തെപ്പറ്റി ദൈവിക ഗ്രന്ഥങ്ങളും പ്രവാചകന്മാരും നല്കിയ താക്കീതുകൾ വകവെക്കാതെ മനുഷ്യർ ദേഹേച്ഛകൾക്ക് കീഴ്പ്പെട്ട് ജീവിക്കുക കാരണം തീ അവരുടെ മുഖങ്ങളെ മൂടിക്കളയുന്ന തരത്തിലുള്ള ശിക്ഷ അവർ അനുഭവിക്കേണ്ടിവരുന്നു. ഓരോ മനുഷ്യന്റെയും നന്മതിന്മകളുടെ കണക്കുനോക്കി സ്വർഗത്തിലേക്കോ നകരത്തിലേക്കോ വക തിരിക്കുന്നതിനു മുമ്പുതന്നെ, തങ്ങളുടെ ദുഷ്കർമങ്ങളുടെ ഫലമുണ്ടാകുന്ന തിന്മകളുടെ തിരിച്ചടി, അല്ലെങ്കിൽ ശിക്ഷയുടെ സ്വാദ്, അനുഭവിക്കേണ്ടിവരുന്നു. വിചാരണ കഴിയുന്നതിനു മുമ്പുതന്നെ ശിക്ഷ അനുഭവിക്കേണ്ടിവരുന്നു. ക്വബ്റിലെ ശിക്ഷ 'ലോക്കപ്പ് മർദന'മാണ് എന്ന് പറയുന്നവർ ഇതിനെപ്പറ്റി എന്തു പറയും ആവോ?

"ഒരാൾക്കും ഒരാളും ഒരു പ്രകാരത്തിലും ഉപകരിക്കാത്തതും, ഒരാളിൽ നിന്നും ശിപാർശ സ്വീകരിക്കാത്തതും, ഒരാളിൽ നിന്നും പ്രായശ്ചിത്തം സ്വീകരിക്കാത്തതും അവർക്ക് സഹായം ലഭിക്കാത്തതുമായ ദിവസത്തെ നിങ്ങൾ സൂക്ഷിക്കുവീൻ" (വി.ക്വു. 2:48)

ഒരു മനുഷ്യന്നും അവന്റെ സദ്കർമങ്ങളല്ലാതെ അവനെ സഹായിക്കാൻ വേറെ യാതൊന്നുമില്ലാത്ത പുനരുത്ഥാനനാളിലെ ആ ഭയങ്കര നിസ്സഹായാവസ്ഥയെ ക്വുർആൻ പല സ്ഥലങ്ങളിലും വിവരിക്കുന്നു. ഓരോ വ്യക്തിയും അവന്റെ സ്വന്തം ശിക്ഷയെപ്പറ്റി മാത്രം ഭയപ്പെട്ടുകൊണ്ട്, സ്നേഹബന്ധങ്ങളും കുടുംബ ബന്ധങ്ങളുമെല്ലാം മറന്നുപോകുന്ന അത്രയും ഭയങ്കരവും വേദനാജനകവുമായിരിക്കും അവിടത്തെ നില. ഏറ്റവും ഭയങ്കരമായ ആപത്ഘട്ടങ്ങളിൽ മനുഷ്യർ മറ്റെല്ലാവരെയും മറന്നുപോകും. സ്വന്തം രക്ഷ മാത്രമായിത്തീരും അവന്റെ ലക്ഷ്യം.

'സുഹൃത്തുക്കൾ പരസ്പരം അന്വേഷിക്കാത്ത ദിവസം; അവരെ പരസ്പരം കാണിച്ചുകൊടുക്കപ്പെടും. ദുർമാർഗി ആ ദിവസത്തെ ശിക്ഷയിൽ നിന്ന് (രക്ഷപ്പെടാൻ) തന്റെ മക്കളെയും ഭാര്യയെയും സഹോദരനെയും തനിക്ക് രക്ഷ നല്കുന്ന കുടുംബത്തെയും ഭൂമിയിലുള്ള എല്ലാവരെയും പ്രായശ്ചിത്തം കൊടുക്കാനും അങ്ങനെ തന്നെ രക്ഷപ്പെടുത്താനും ആഗ്രഹിക്കുന്നതാണ്." (വി.ക്വു. 70:10-14)

"അക്രമം ചെയ്തവർക്ക് ഈ ഭൂമിയിലുള്ളത് മുഴുവനും അതിന്റെ കൂടെ അത്രതന്നെ വേറെയും ഉണ്ടായിരുന്നുവെങ്കിൽ, അന്ത്യനാളിലെ ദുഃഖകരമായ ശിക്ഷയിൽ നിന്ന് (രക്ഷപ്പെടാൻ) അതുകൊണ്ട് അവർ പ്രായശ്ചിത്തം ചെയ്യുമായിരുന്നു. അവർ ഒട്ടും ഊഹിക്കാത്തത് അല്ലാഹുവിങ്കൽ നിന്ന് അവർക്ക് വെളിപ്പെട്ടു. അവർ പ്രവർത്തിച്ചിരുന്നതിന്റെ ദുഷ്ഫലങ്ങൾ അവർക്ക് വെളിപ്പെട്ടു. അവർ പരിഹസിച്ചുകൊണ്ടിരുന്ന ശിക്ഷ അവരെ ബാധിക്കുകയും ചെയ്തു." (വി.ക്വു. 39:47,48)

അവിശ്വാസികളായ മനുഷ്യർ ഒട്ടും കണക്കുകൂട്ടാത്ത ഒരു സ്ഥിതി

വിശേഷമായിരിക്കും അത്. പുനരുത്ഥാനത്തെയും പരലോകത്തെയുമെല്ലാം നിഷേധിക്കുകയും അത്തരം വിശ്വാസങ്ങളെ പരിഹസിക്കുകയും ചെയ്യുന്നവർക്ക് എത്ര ഖേദകരമായ അനുഭവമായിരിക്കും ആ ദിവസം! അദൃശ്യകാര്യങ്ങളെപ്പറ്റി ക്വുർആൻ തരുന്ന മുന്നറിയിപ്പുകൾ അവഗണിച്ച്, വെറും ശാസ്ത്രത്തിന്റെയും യുക്തിവാദത്തിന്റെയും ഭൗതികവാദത്തിന്റെയും സങ്കല്പങ്ങളിലും ഭാവനകളിലും വിശ്വാസമർപ്പിച്ചിട്ടുള്ളവർ അന്ധാളിക്കുന്ന ദിവസമാണത്!

മനുഷ്യന്റെ ദുഷ്കർമങ്ങൾക്കുള്ള ഫലം ദൂരവ്യാപകമാണ്. അവയുടെ ഫലം വെറും ലൗകികം മാത്രമല്ല; പരലോകജീവിതത്തിൽ അവയുടെ ഫലമായുണ്ടാകുന്ന ശിക്ഷ അതിഭയങ്കരമായിരിക്കും; മനുഷ്യർ ഒട്ടും കണക്കുകൂട്ടാത്ത അത്ര ഭയങ്കരമായിരിക്കും അവരുടെ ദുഷ്കർമങ്ങളുടെ ഫലങ്ങൾ. അല്ലാഹുവിന്റെ ശിക്ഷ പറയുമ്പോൾ മനുഷ്യർ ദുഷ്കർമങ്ങൾ ചെയ്തു സമ്പാദിക്കുന്ന അനന്തരഫലങ്ങൾ മാത്രമാണ് അത്. അല്ലാഹു അക്രമമായി ശിക്ഷിക്കുകയല്ല; മനുഷ്യൻ ശിക്ഷ സമ്പാദിക്കുകയാണ് ചെയ്യുന്നത്. സദ്കർമങ്ങളുടെയും ദുഷ്കർമങ്ങളുടെയും അനന്തര ഫലങ്ങളെക്കുറിച്ച് അല്ലാഹു ദൈവിക ഗ്രന്ഥങ്ങളിൽ കൂടി നല്കിയ മുന്നറിയിപ്പുകൾ അക്ഷരം പ്രതി സത്യമാണെന്ന് വ്യക്തമാകുന്ന നാളാണത്. കർമങ്ങളുടെ ഫലമായുണ്ടാകുന്ന, മനുഷ്യന്ന് കണ്ടുപിടിക്കാനും ഊഹിക്കാനും സാധിക്കാത്ത, അദൃശ്യമായ പ്രതികരണത്തെപ്പറ്റി ക്വുർആൻ തരുന്ന താക്കീതുകൾ അവഗണിക്കുന്നവർക്ക്, നേരിടാനുള്ള ശിക്ഷ അതിഭയങ്കരമായിരിക്കും.

“ആകാശത്തെയും ഭൂമിയെയും അവ രണ്ടിനുമിടയിലുള്ളതിനെയും നിരർഥകമായിട്ടല്ല നാം സൃഷ്ടിച്ചത്. അത് അവിശ്വാസികളുടെ ധാരണയാണ്. അതിനാൽ അവിശ്വാസികൾക്കു നരകം മൂലം നാശം! വിശ്വസിക്കുകയും സദ്കർമങ്ങൾ ചെയ്യുകയും ചെയ്തവരെ ഭൂമിയിൽ കുഴപ്പം ഉണ്ടാക്കിയവരെപ്പോലെ തന്നെ നാം ആക്കുമോ? അഥവാ ഭക്തന്മാരെ, പാപികളെപ്പോലെത്തന്നെയാക്കുമോ?” (വി.ക്വു. 38:27,28)

## സ്വർഗവും നരകവും

“പരമകാരുണികൻ അവന്റെ അടിമകൾക്ക് വാഗ്ദത്തം ചെയ്തിട്ടുള്ള അദൃശ്യലോകത്തുള്ള ശാശ്വതമായ ആരാമങ്ങൾ; നിശ്ചയമായും അവന്റെ വാഗ്ദത്തം നടപ്പിൽവരിക തന്നെ ചെയ്യും! അവർ അവിടെ സമാധാനത്തിന്റെ വാർത്തകളല്ലാതെ ഒരനാവശ്യവും കേൾക്കുകയില്ല. അവർക്ക് അവിടെ രാവിലെയും വൈകുന്നേരവും അവരുടെ ഭക്ഷണമുണ്ട്. നമ്മുടെ അടിമകളിൽ സൂക്ഷ്മതയുള്ളവർക്ക് നാം അവകാശമായി നല്കുന്ന സ്വർഗമാണ് അത്.” (വി.ക്വു. 19:61-63)

ഈലോക ജീവിതത്തിലെ മനുഷ്യന്റെ കർമങ്ങളുടെ ഫലമായി പരമകാരുണികനായ അല്ലാഹു അവന്റെ കാരുണ്യംകൊണ്ടും, അനുഗ്രഹം

കൊണ്ടും, സദ്കർമങ്ങൾക്ക് മുൻതൂക്കം ലഭിക്കുന്ന ഭാഗ്യവാന്മാരെ മഹത്തായ ശാശ്വതമായ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നു. അവനിൽ നിന്ന് പാപമോചനം ലഭിക്കുകയും അവന്റെ മഹത്തായ കാരുണ്യത്തിനും അനുഗ്രഹത്തിനും വിധേയമാകുകയും ചെയ്യുന്ന ഈ മഹാഭാഗ്യവാന്മാരാണ് യഥാർഥത്തിൽ ജീവിതവിജയം നേടിയവർ. ശാശ്വതവും അനശ്വരവും സന്തോഷകരവും സുഖസമ്പൂർണവും ഒരിക്കലും മടുപ്പും വെറുപ്പും ബാധിക്കാത്തതുമായ സ്വർഗജീവിതത്തെപ്പറ്റി ഖുർആൻ നല്കുന്ന വിവരണങ്ങൾ, അത് നേടുവാൻ വേണ്ടി എന്തു ത്യാഗവും വരിക്കുവാൻ മനുഷ്യന് പ്രേരണനല്കത്തക്കതാണ്. ഭൗതികാസ്വാദനങ്ങളുടെയും ആത്മീയാനുഭൂതികളുടെയും മഹത്തായ ഒരു സമ്മേളനമാണ് അത്. മനുഷ്യജീവിതത്തിന്റെ യഥാർഥ ലക്ഷ്യം, അനശ്വരമായ ഈ സ്വർഗജീവിതം നേടലാണ്. അതിൽ കുറഞ്ഞ യാതൊന്നും, മനുഷ്യജീവിതത്തിന്റെ ലക്ഷ്യമാകാൻ, കൊള്ളുകയില്ല. അദൃശ്യലോകത്ത് അല്ലാഹു വാഗ്ദത്തം ചെയ്തിട്ടുള്ള എന്നെന്നും നിലനില്ക്കുന്ന ഈ സ്വർഗജീവിതത്തെ യഥാർഥത്തിൽ പരിപൂർണമായും വിശ്വസിച്ച് അത് നേടുക എന്നത് ജീവിതത്തിന്റെ ലക്ഷ്യമായി സ്വീകരിക്കുന്നവരാണ് ശരിക്കുള്ള ബുദ്ധിജീവികൾ.

ഇഹലോക ജീവിതത്തിന്റെ വഞ്ചനാത്മകമായ ആകർഷകത്വത്തിന്റെയും പുറംപൂച്ചിന്റെയും നശ്വരതയും നിരർഥകതയും കാണാനും മനസ്സിലാക്കാനും സാധിക്കാതെ, അതു തന്നെയാണ് എല്ലാം എന്ന് തെറ്റിദ്ധരിക്കുമ്പോൾ ബുദ്ധിമാന്മാരാണെന്ന് ധരിച്ചാലും, ജീവിത ലക്ഷ്യം സഫലീകരിക്കാൻ സാധിക്കാതെ പരാജിതരാകുന്ന വിഡ്ഢികളാണ് അവർ. എത്ര മഹത്താണെന്ന് തോന്നിപ്പിക്കുന്ന ഭൗതിക നേട്ടങ്ങൾ ഈ ജീവിതത്തിൽ നേടിയാലും, എത്ര പ്രശസ്തിയും ഭൗതിക വിജ്ഞാനങ്ങളും ബഹുമതികളും എല്ലാം സമ്പാദിച്ചാലും മരണത്തോടുകൂടി അവയെല്ലാം അവസാനിക്കുന്നു. പിന്നെ മരണാനന്തര ജീവിതത്തിൽ നരക ശിക്ഷയാണ് അനുഭവിക്കാൻ പോകുന്നതെങ്കിൽ എത്ര വലിയ നഷ്ടമായിരിക്കും അത്!

''നിങ്ങൾക്ക് എന്തൊരു വസ്തു നഷ്ടപ്പെട്ടാലും, അതെല്ലാം ഐഹിക ജീവിതത്തിലെ വിഭവങ്ങളും അതിന്റെ അലങ്കാരങ്ങളുമാണ്. അല്ലാഹുവിന്റെ അടുക്കലുള്ളത് ഉത്തമവും ശാശ്വതവുമാകുന്നു. അപ്പോൾ നിങ്ങൾ ചിന്തിച്ച് ഗ്രഹിക്കുന്നില്ലേ? ഏതൊരുവന്ന് നാം വാഗ്ദാനം (സ്വർഗത്തെപ്പറ്റി) നല്കുകയും തത്ഫലം അവൻ അനുഭവിക്കുന്നവനായിത്തീരുകയും ചെയ്യുന്നുവോ അവൻ, ഐഹിക ജീവിതത്തിൽ നാം സൗഖ്യം നല്കി പിന്നീട് നരകത്തിൽ ഹാജരാക്കപ്പെടുന്നവരിൽ പെട്ടവനായിത്തീരുന്നവനെപ്പോലെയാണോ''?(വി.ക്വു. 28:60,61)

ഈലോക ജീവിതത്തിലെ ഐശ്വര്യവും സുഖസൗകര്യങ്ങളും അന്തസ്സുമെല്ലാം, പരലോക ജീവിതത്തിൽ ശാശ്വതമായ നരകശിക്ഷ അനുഭ

വിക്കുമ്പോൾ യാതനയുടെ കാഠിന്യം വർധിപ്പിക്കാൻ മാത്രമേ ഉതകുക യുള്ളൂ. എന്നാൽ അനശ്വരമായ സ്വർഗ ജീവിതം നേടുന്നവരാണ് യഥാർഥ ത്തിൽ ജീവിതവിജയം നേടുന്നവർ. ഈ കാര്യം പല രീതിയിലും ആവർത്തിച്ചാവർത്തിച്ച് ഖുർആൻ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും മനുഷ്യ രിൽ ബഹുഭൂരിപക്ഷവും ശ്രദ്ധിക്കുന്നില്ല. ഖുർആന്റെ അനുയായികളായി നടക്കുന്നവർ തന്നെ ഈ കാര്യത്തിന്റെ ഗൗരവം ശരിക്കും ഗ്രഹിക്കു ന്നില്ല.

"എല്ലാ ഓരോരുത്തരും മരണത്തെ രുചിച്ചു നോക്കുന്നതാണ്. നിങ്ങ ളുടെ പ്രതിഫലങ്ങൾ അന്ത്യനാളിലേ നിങ്ങൾക്ക് പൂർത്തിയാക്കപ്പെടുക യുള്ളൂ. ആരാണോ നരകത്തെ വിട്ട് അകറ്റപ്പെടുകയും, സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നത്, അവൻ വിജയിച്ചു. ഇഹലോക ജീവിതം വഞ്ചിക്കുന്ന ചരക്കല്ലാതെ മറ്റൊന്നുമല്ല." (വി.ഖു. 3:185)

ഈ ജീവിതത്തിന്റെ വഞ്ചനാത്മകമായ ആകർഷകത്വത്തിൽപ്പെട്ട്, ജീവിതത്തിന്റെ യഥാർഥ ലക്ഷ്യം മറന്ന് മനുഷ്യരിൽ ഭൂരിപക്ഷവും ഖുർ ആൻ തരുന്ന മുന്നറിയിപ്പുകൾ വകവെക്കാതെ നീങ്ങുകയാണ്. സ്വർഗീയ ജീവിതത്തെപ്പറ്റിയും നരക ജീവിതത്തെപ്പറ്റിയും ഖുർആൻ നല്കുന്ന വിവരണങ്ങൾ പലർക്കും പിടിക്കുന്നില്ല. എതിരാളികൾക്ക് മാത്രമല്ല ഖുർ ആന്റെ അനുയായികളാണെന്ന് അവകാശപ്പെടുന്നവരിൽ തന്നെ, പലർക്കും സ്വർഗത്തെപ്പറ്റിയും നരകത്തിലെ അഗ്നിയെപ്പറ്റിയും ശിക്ഷക ളെപ്പറ്റിയും മറ്റുമുള്ള ഖുർആന്റെ പ്രതിപാദനം അത്ര ദഹിക്കുന്നില്ല. ആധു നിക ലോകം പൊതുവിൽ ശിക്ഷാനടപടികളെ ലഘൂകരിക്കാനും മൃദു ലമാക്കാനും വെമ്പൽകൊള്ളുകയാണ്. വധശിക്ഷ എടുത്തുകളയാനും ജയിൽശിക്ഷ സുഖകരമാക്കാനും ശ്രമങ്ങൾ നടക്കുകയാണ്. അങ്ങനെ യിരിക്കെ, അല്ലാഹുവിന്റെ 'അഗ്നി' കൊണ്ടുള്ള ശിക്ഷയെ അംഗീകരി ക്കാൻ ആധുനിക മനുഷ്യർക്ക് പ്രയാസമുണ്ടാകും. പക്ഷേ, എന്തു ചെയ്യാ നാണ്? യാതൊരു സംശയത്തിനും ഇടംകൊടുക്കാത്തവണ്ണം ഖുർആൻ കണിശമായി മുന്നറിയിപ്പ് നല്കുന്ന കാര്യമാണത്.

ഭൗതികജഡത്തോടു കൂടിയ ഉയിർത്തെഴുന്നേല്പിനു ശേഷം അല്ലാ ഹുവിന്റെ തൃപ്തിക്ക് പാത്രീഭൂതരായ, വിചാരണയിൽ നന്മക്കു മുൻതൂക്കം കിട്ടിയ ഭാഗ്യവാന്മാർ, സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നു. വെറും ആത്മീയമായ അനുഭൂതി മാത്രമല്ല സ്വർഗം. ഭൗതിക ജഡത്തോടു കൂ ടിയ സ്വർഗജീവിതത്തിൽ, ഭൗതികവും ആത്മീയവുമായ ഉന്നതമായ അനുഭൂതികളും ആസ്വാദനങ്ങളും എല്ലാം ഉണ്ട്. മനുഷ്യൻ ഇഷ്ടപ്പെടു ന്നതും, ഇച്ഛിക്കുന്നതും, ഇച്ഛിക്കുവാൻ അവന്റെ ഭാവനയിൽ ഇല്ലാത്ത തുമായ ആസ്വാദനങ്ങളും ആനന്ദങ്ങളും അവിടെയുണ്ട്.

'വിശ്വസിച്ചു സദ്കർമങ്ങൾ ചെയ്തവർക്ക്, താഴ്ഭാഗത്തു നദികൾ പ്രവഹിച്ചുകൊണ്ടിരിക്കുന്ന സ്വർഗങ്ങളുണ്ട്' എന്ന സന്തോഷവാർത്ത

അറിയിക്കുക. ആ സ്വർഗത്തിൽ ആഹാരമായി ഏതോ ഒരു പഴം നല്ക പ്പെടുമ്പോഴും അവൻ പറയും: ഇത് ഞങ്ങൾക്ക് മുമ്പ് തന്നതുതന്നെയാണല്ലോ എന്ന്. അത് പരസ്പരം സാദൃശ്യമുള്ളതായി അവർക്ക് കൊടുത്തതാകുന്നു. അവർക്ക് പരിശുദ്ധരായ ഇണകളും അവിടെയുണ്ട്. അവിടെ അവർ സ്ഥിരവാസികളാകുന്നു.' (വി.ക്വു:2:25)

പഴങ്ങളും പാനീയങ്ങളുമെല്ലാം മനുഷ്യർക്ക് ഇഷ്ടമാണ്. ഇഷ്ടമില്ല എന്ന് പറയുന്നവർ കളവാണ് പറയുന്നത്. ലൈംഗികാസ്വാദനവും മനുഷ്യർക്ക് വെറുപ്പുള്ള കാര്യമല്ല. ഏറ്റവും ഉയർന്ന നിലയിലുള്ളവനും താഴ്ന്ന നിലയിലുള്ളവനും ഇഷ്ടപ്പെടുന്ന കാര്യമാണ്. എന്നാലും സ്വർഗത്തിൽ ഇതെല്ലാമുണ്ട് എന്നു പറഞ്ഞാൽ ചിലർക്ക് അത് പിടിക്കുന്നില്ല. വളരെ ഭൗതികവും താഴ്ന്ന നിലവാരത്തിലുള്ളതുമായിപ്പോയി സ്വർഗം എന്നവർക്ക് ഒരു പരാതി. മുമ്പ് വക്കം അബ്ദുൽഖാദിർ മൗലവിയോട് ആരോ ഇങ്ങനെ ആക്ഷേപിച്ചു: 'ക്വുർആൻ സ്വർഗത്തെപ്പറ്റി പറഞ്ഞത് വളരെ ഭൗതികമായിപ്പോയി, താഴ്ന്ന നിലവാരത്തിലായിപ്പോയി' എന്നെല്ലാം പറഞ്ഞു. അദ്ദേഹം മറുപടി പറഞ്ഞത്രെ: 'സാരമില്ല. നിങ്ങൾ പേടിക്കേണ്ട- നിങ്ങൾക്ക് ഇഷ്ടമില്ലെങ്കിൽ നിർബന്ധിച്ച് അതിലാക്കുകയില്ല' എന്ന്.

ഒരു പാശ്ചാത്യ സാഹിത്യകാരൻ അറേബ്യൻ മരുഭൂമിയിൽ വെച്ച് ഒരു വൃദ്ധനായ അറബിഭക്തനെ കണ്ടുമുട്ടി. പ്രാർഥിച്ചുകൊണ്ടിരുന്ന അറബിയുടെ പ്രാർഥന കഴിഞ്ഞശേഷം പാശ്ചാത്യൻ ചോദിച്ചു: അല്ല, ക്വുർആനിൽ സ്വർഗത്തെപ്പറ്റി പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം ഒരു തരം അലങ്കാരപ്രയോഗമല്ലേ? അതെല്ലാം അപ്പടിയുണ്ടാകുമെന്ന് വെക്കാൻ പറ്റുമോ എന്ന്. വൃദ്ധന്ന് ദേഷ്യം വന്നു: 'എന്താണ് നിങ്ങൾ പറയുന്നത്? ഞാൻ ചെറുപ്പകാലം മുതൽ അല്ലാഹുവിന്റെ കല്പനയനുസരിച്ച് ജീവിക്കുകയും അവനെ മാത്രം ആരാധിക്കുകയും, എന്റെ ദേഹേച്ഛകളെ കടിഞ്ഞാണിട്ട് നിയന്ത്രിക്കുകയും എല്ലാം ചെയ്തിട്ടുള്ളത് എന്തിനു വേണ്ടിയാണ്? അല്ലാഹു ക്വുർആനിൽ അറിയിച്ചിട്ടുള്ള തരത്തിലുള്ള സ്വർഗം ലഭിക്കുവാൻ വേണ്ടിയാണ് എന്റെ ജീവിതം ഇങ്ങനെ നിയന്ത്രിച്ചിട്ടുള്ളത്. എന്നിട്ടു അല്ലാഹു വാഗ്ദത്തം ലംഘിക്കുമെന്നോ? അതെല്ലാം അലങ്കാര ഭാഷയായിരുന്നു എന്ന് പറയുമെന്നോ? ഒരിക്കലുമില്ല. അല്ലാഹുവിന്റെ വാഗ്ദത്തം നടപ്പിൽവരിക തന്നെ ചെയ്യും' എന്ന് വളരെ ക്ഷോഭിച്ച് ഉത്തരം പറഞ്ഞുവത്രെ!

## മടുപ്പും വിരസതയുമില്ലാത്ത ലോകം

എന്നെന്നും നിലനില്ക്കുന്ന സ്വർഗജീവിതത്തിലെ ആസ്വാദനങ്ങളിലും അനുഭവങ്ങളിലും മനുഷ്യന്ന് ഒരിക്കലും മടുപ്പ് ബാധിക്കുന്നില്ല. ഈ ജീവിതത്തിൽ എത്ര ഉന്നതമായ ആസ്വാദനങ്ങളും കാലാന്തരത്തിൽ മടുപ്പുണ്ടാക്കുന്നു. കൂടുതൽ ലഹരിയും വൈവിധ്യവും തേടി ആധു

നിക മനുഷ്യർ പല സാഹസങ്ങൾക്കും മുതിരുന്നു. കുറച്ചു കാലംകൊണ്ട് തന്നെ ജീവിതം അവർക്ക് മടുക്കുന്നു. ലഹരിപദാർഥങ്ങൾ കഴിച്ച് അവർ വിസ്മൃതി തേടുന്നു. ഇത്തരം അനുഭവങ്ങൾ മനസ്സിലുള്ളതുകൊണ്ടായിരിക്കാം, ബർണാഡ്ഷായെപ്പോലുള്ള ഭൗതിക തത്വജ്ഞാനികൾ സ്വർഗജീവിതം മനുഷ്യനു മടുത്ത് ബോറായിത്തീരുമെന്നെല്ലാം പറഞ്ഞത്.

സ്വർഗത്തിൽ പ്രവേശിച്ചവർ പറയുന്നതായിട്ട് ക്വുർആനിൽ ഇങ്ങനെ കാണാം: "അവർ പറയും, ദുഃഖത്തെ നമ്മിൽനിന്ന് ദൂരീകരിച്ച അല്ലാഹുവിന്നാണ് സർവസ്തുതിയും. നിശ്ചയം, നമ്മുടെ നാഥൻ വളരെ പൊറുക്കുന്നവനും നന്ദിയുള്ളവനും തന്നെയാണ്, അവന്റെ അനുഗ്രഹത്താൽ, ഈ ശാശ്വത ഭവനത്തിൽ നമ്മെ കുടിയിരുത്തിയവനാണ് അവൻ! ഒരു ബുദ്ധിമുട്ടും ഞങ്ങളെ അതിൽ സ്പർശിക്കുന്നില്ല; യാതൊരു മടുപ്പും അതിൽ ഞങ്ങളെ ബാധിക്കുന്നില്ല." (വി.ക്വു.35:34,35)

"ആദ്യത്തെ മരണമല്ലാതെ, ഇനി നമുക്കൊന്ന് മരിക്കാനില്ലല്ലോ; നമ്മൾ ശിക്ഷിക്കപ്പെടുന്നവരുമല്ല. ഇത് തന്നെയാണ് മഹത്തായ വിജയം. അധ്വാനിക്കുന്നവർ അധ്വാനിക്കേണ്ടത് ഇതുപോലെയുള്ളതിനു വേണ്ടിയാണ്." (വി.ക്വു. 37:58-61)

"നിശ്ചയം, പുണ്യവാന്മാർ സൗഖ്യത്തിൽ തന്നെയാണ്-സോഫകളിൽ (കിടന്ന്) അവർ നോക്കിക്കൊണ്ടിരിക്കും. അവരുടെ മുഖങ്ങളിൽ സൗഖ്യത്തിന്റെ ഓജസ്സ് നിനക്കു നോക്കി മനസ്സിലാക്കാം- സീൽ വെക്കപ്പെട്ട വീഞ്ഞ് അവർക്ക് കുടിപ്പിക്കപ്പെടും, അതിന്റെ സീൽ കസ്തൂരിയാകുന്നു. മത്സരിക്കുന്നവർ മത്സരിക്കേണ്ടത് അതിനു തന്നെയാണ്." (വി.ക്വു. 83:22-26)

മനുഷ്യർ അധ്വാനിക്കേണ്ടതും മത്സരിക്കേണ്ടതുമെല്ലാം ആ മഹത്തായ സ്വർഗജീവിതം നേടാനാണ്, അത് മാത്രമാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യമായി സ്വീകരിക്കാൻ കൊള്ളാവുന്ന കാര്യം. മരണമില്ലാത്ത മടുപ്പ് ബാധിക്കാത്ത, അനശ്വരമായ നിത്യ യുവത്വത്തിന്റേതായ മഹത്തായ ആ സ്വർഗജീവിതം നേടാൻ വേണ്ടി പ്രവർത്തിക്കുക! അതാണ് ഈ ജീവിതത്തിന്റെ ലക്ഷ്യം. അതു കൊള്ളാവുന്ന ഒരു ലക്ഷ്യമല്ലേ? വേറെ എന്തൊന്നാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യമാക്കാൻ കൊള്ളുക? സ്വർഗീയ ജീവിതത്തെപ്പറ്റിയും അതിലെ ഭൗതികവും ആത്മീയവുമായ സുഖാനുഭൂതികളെപ്പറ്റിയും ക്വുർആൻ തരുന്ന വിവരങ്ങളുടെ, ഒരു ചെറിയ അംശംപോലും ഫലപ്രദമായി അവതരിപ്പിക്കാൻ എനിക്ക് സാധിച്ചിട്ടില്ല. പ്രപഞ്ചസ്രഷ്ടാവായ അല്ലാഹുവിന്നല്ലാതെ, മനുഷ്യവർഗം മുഴുവനും- അവരെ സഹായിക്കാൻ ജിന്നുകളും- ഒരുമിച്ചുകൂടിയാലും, സ്വർഗത്തെപ്പറ്റിയും നരകത്തെപ്പറ്റിയും ക്വുർആൻ തരുന്ന നിസ്തുലമായ വിവരങ്ങൾ, നിർമിക്കുക സാധ്യമല്ല എന്നു ആത്മാർഥതയുള്ള ഏതു

സത്യാന്വേഷിക്കും ബോധ്യപ്പെടും. എന്നാൽ വിവരങ്ങൾ തന്നെ വരാൻ പോകുന്ന യാഥാർഥ്യങ്ങളുടെ സൂചനകൾ മാത്രമാണ്.

"അവർ പ്രവർത്തിച്ചതിന് പ്രതിഫലമായി അവർക്കുവേണ്ടി മറച്ചു വെക്കപ്പെട്ട കൺകുളിർപ്പിക്കുന്ന വകകൾ, ഒരു മനുഷ്യനും അറിയുക യില്ല." (വി.ക്വു. 32:17)

## ലക്ഷ്യം സ്വർഗം

ലോക സമാധാനത്തിനുള്ള പരിപൂർണ ജീവിതവ്യവസ്ഥയാണ്, സമ്പൂർണ ജീവിതപദ്ധതിയാണ് എന്നെല്ലാം ഇസ്‌ലാമിനെപ്പറ്റി ചിലർ പറ യാറുണ്ട്. ലൗകിക ജീവിതം മാത്രം ലക്ഷ്യം വെക്കുന്നവർക്ക് ഇസ്‌ലാം സ്വീകാര്യമാകണമെങ്കിൽ അതിങ്ങനെയെല്ലാം ആയിരിക്കണം. ഇസ്‌ലാ മിന്റെ ഏറ്റവും മഹത്തായ സുവർണ കാലങ്ങളിൽപോലും യുദ്ധങ്ങൾ ഒഴിവാക്കാൻ സാധിച്ചിട്ടില്ല എന്നത് ഒരു സത്യം മാത്രമാണ്. മഹാന്മാ രായ മുസ്‌ലിംകളിൽ പലരും കൊല്ലപ്പെടുകയും രക്തസാക്ഷികളാകുക യുമാണുണ്ടായിട്ടുള്ളത്. 'ലോക സമാധാനം' നേടിയാൽ തന്നെ, ഒരു മനുഷ്യനെ സംബന്ധിച്ചേടത്തോളം വളരെ കുറഞ്ഞ കാലത്തെ ഒരു സംഗതിയാണത്. ഇസ്‌ലാം ലക്ഷ്യംവെക്കുന്നത് നശ്വരമായ ഈ ലൗകിക ജീവിതമല്ല, അല്ലാഹു നമ്മെ വിളിക്കുന്നത് അനശ്വരവും ശാശ്വതവുമായ സ്വർഗ ജീവിതത്തിലെ ശാന്തവും സമാധാനസമ്പൂർണവുമായ ജീവിത ത്തിലേക്കാണ്.

"അല്ലാഹു സമാധാനത്തിന്റെ ഭവനത്തിലേക്ക് വിളിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിൽ ചേർക്കുകയും ചെയ്യുന്നു." (വി.ക്വു. 10:25)

പരലോക ജീവിതത്തിൽ അനശ്വരമായ ഈ സമാധാനത്തിന്റെ ഭവനം സമ്പാദിക്കാനുള്ള മാർഗമാണ് ഇസ്‌ലാം. നരകശിക്ഷയിൽ നിന്ന് രക്ഷപ്പെട്ട് സ്വർഗത്തിൽ പ്രവേശിക്കാനുള്ള മാർഗം അല്ലാഹു നമുക്ക് അറിയിച്ചുതന്നിരിക്കയാണ്. ഈ ജീവിതത്തിലും ഈ മാർഗം സ്വീകരി ക്കുമ്പോൾ നേട്ടങ്ങളുണ്ടായേക്കാം. ചിലപ്പോൾ കഷ്ടതകളും ബുദ്ധിമു ട്ടുകളും മാത്രമായേക്കാനും സാധ്യതയുണ്ട്. പക്ഷേ, പരലോകത്ത് അല്ലാഹു വാഗ്ദത്തം ചെയ്ത മഹത്തായ സ്വർഗം നേടാനുള്ള മാർഗമാ ണത്.

"ഐഹിക ജീവിതം കളിയും വിനോദവും അലങ്കാരവും പരസ്പരം വമ്പ് നടിക്കലും ധനങ്ങളെയും സന്താനങ്ങളെയും സംബന്ധിച്ച് പൊങ്ങച്ചം കാണിക്കലും, മാത്രമാണെന്ന് നിങ്ങൾ അറിയുക. (അത്) ഒരു മഴ പോലെയാണ്. തന്മൂലമുണ്ടാകുന്ന സസ്യങ്ങൾ കർഷകരെ സന്തോ ഷിപ്പിക്കുന്നു. പിന്നെ അത് വാടിപ്പോകുന്നു. അപ്പോൾ അതു മഞ്ഞയായി നീ കാണും. പിന്നെ അതു ചവറായിത്തീരുന്നു. പരലോക ജീവിതത്തിൽ കഠിനമായ ശിക്ഷയും അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതി

യുമുണ്ട്. ഐഹിക ജീവിതം കേവലം വഞ്ചനയുടെ ചരക്ക് മാത്രമാണ്. നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനത്തിലേക്കും ആകാശ ഭൂമികളുടെ അത്രയും വീതിയുള്ള സ്വർഗത്തിലേക്കും നിങ്ങൾ പരസ്പരം മത്സരിച്ച് മുന്നേറുക. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചവർക്കായി അത് സജ്ജമാക്കപ്പെട്ടിരിക്കുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹമാണ്; അവനുദ്ദേശിച്ചവർക്ക് അവൻ അത് നല്കുന്നു. അല്ലാഹു മഹത്തായ അനുഗ്രഹം നല്കുന്നവനത്രെ.” (വി.ക്വു.57:20,21)

## അഹംഭാവികളുടെ ഭവനം അതിഭീകരം

“നിശ്ചയമായും നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും അവയെ വിട്ട് അഹംഭാവം വിചാരിക്കുകയും ചെയ്തവർ ആരോ അവർക്കുവേണ്ടി ആകാശത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയില്ല. അവർ സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല; ഒട്ടകം സൂചിയുടെ ദ്വാരത്തിൽക്കൂടി കടന്നെങ്കിലല്ലാതെ! ഇപ്രകാരമാണ് പാപികൾക്ക് നാം പ്രതിഫലം നല്കുന്നത്. അവർക്ക് അഗ്നിമെത്തയും, അവരുടെ മേലെ അഗ്നിപ്പുതപ്പുകളുമുണ്ട്. ഇപ്രകാരമാണ് അക്രമികൾക്ക് നാം കൂലി കൊടുക്കുന്നത്.” (വി.ക്വു. 7:40,41)

മനുഷ്യവർഗത്തിന്നു പരിശുദ്ധ ക്വുർആൻ തരുന്ന ഏറ്റവും പ്രധാനപ്പെട്ട മുന്നറിയിപ്പാണ്, അദൃശ്യലോകത്ത് മരണാനന്തര ജീവിതത്തിൽ, അഹംഭാവികളുടെ പാർപ്പിടമായ ജഹന്നമിനെ(നരകത്തെ)പ്പറ്റിയുള്ള വിവരണം. സ്വർഗത്തിന്റെ വാതിലുകൾ അവർക്കുവേണ്ടി തുറക്കപ്പെടുകയില്ല. അവർ കൂട്ടംകൂട്ടമായി നരകത്തിലേക്കാണ് തള്ളപ്പെടുക.

“അവിശ്വാസികളെ സംഘങ്ങളായി നരകത്തിലേക്ക് നയിക്കപ്പെടുന്നതുമാണ്. അങ്ങനെ അവർ അതിനു സമീപത്തെത്തിയാൽ അതിന്റെ കവാടങ്ങൾ തുറക്കപ്പെടും. “നിങ്ങളുടെ നാഥന്റെ വചനങ്ങൾ നിങ്ങൾക്ക് ഓതിത്തരികയും ചെയ്തുകൊണ്ട് നിങ്ങളിൽ നിന്നു തന്നെയുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ വന്നില്ലേ” എന്നു നരകത്തിന്റെ കാവൽക്കാർ അവരോടു ചോദിക്കും. ‘ഉവ്വ്’ എന്നവർ പറയും. പക്ഷേ ശിക്ഷയുടെ വിധി അവിശ്വാസികളുടെ മേൽ സ്ഥിരപ്പെട്ടുകഴിഞ്ഞു. നരക കവാടങ്ങൾ കടന്ന് ശാശ്വതമായി അതിൽ താമസിക്കുവിൻ എന്ന് പറയപ്പെടും. അപ്പോൾ അഹംഭാവികളുടെ പാർപ്പിടം എത്ര ചീത്ത!” (വി.ക്വു. 39:71,72)

ക്വുർആൻ നരകത്തെപ്പറ്റിയും അതിലെ ശിക്ഷയുടെ ഭയങ്കരതയെപ്പറ്റിയും ആവർത്തിച്ചുതരുന്ന വിവരണങ്ങൾ, അദൃശ്യമായതും പ്രത്യക്ഷമായതുമെല്ലാം പൂർണമായി അറിയുന്ന അല്ലാഹുവിനു മാത്രമേ നല്കാൻ സാധിക്കുകയുള്ളൂ. എത്ര പ്രതിഭാശാലിയായ സാഹിത്യകാരനും എത്ര ഭാവനാസമ്പന്നനായ മഹാകവിക്കും അങ്ങനെ ഒരു വിവരണം തരിക ഒരിക്കലും സാധ്യമല്ല. എന്നാലും അതെല്ലാം ആളെ പേടിപ്പിക്കാൻ ‘മുഹമ്മദ്’ നിർമിച്ച ഇമ്പാച്ചിയാണ് എന്നു സത്യനിഷേധികളായ

അവിശ്വാസികൾ പറയും. ബുദ്ധിപരമായ സത്യസന്ധതയും, സത്യം അറിയാനുള്ള ആത്മാർഥമായ വാഞ്ഛയുമുള്ള ഒരു സത്യാന്വേഷിക്കും, ഈ താക്കീതുകളെ അങ്ങനെയങ്ങ് തള്ളിക്കളയുക സാധ്യമല്ല. ജനങ്ങളുടെ വിശ്വാസവും സ്വാധീനവും നേടി ജനങ്ങളെയും നാടിനെയും ലോകത്തെയും താൻ ഉദ്ദേശിക്കുന്ന ആദർശത്തിലേക്കും വ്യവസ്ഥയിലേക്കും നയിക്കണം എന്നെല്ലാം ആഗ്രഹിക്കുന്ന ഒരു സാമൂഹ്യ പരിഷ്കർത്താവിന്നോ, വിപ്ലവകാരിക്കോ കെട്ടിച്ചമച്ചുണ്ടാക്കാൻ പറ്റിയ ആശയങ്ങളല്ല നരകത്തെപ്പറ്റി ക്വുർആൻ തരുന്ന താക്കീതുകളും വിവരണങ്ങളും. 'മരണാനന്തര ജീവിതവും, കോടിക്കണക്കിലുള്ള മനുഷ്യരെ ഒന്നായി നരകത്തിലിട്ട് ചുട്ടുപഴുപ്പിക്കലും എല്ലാം ഉണ്ടാകാൻ പോകുന്നു; അതുകൊണ്ട് ഞാൻ പറയുന്നതു കേട്ട് അനുസരിക്കുവീൻ' എന്ന് ജനങ്ങളോട് പറഞ്ഞ് അവരെ നേർവഴിക്കാക്കിക്കളയാമെന്ന് അല്പമെങ്കിലും ബുദ്ധിയുള്ള ഏതെങ്കിലും 'സമുദായോദ്ധാരകൻ' ധരിക്കുമോ? അല്ലെങ്കിൽ അല്ലാഹുവിന്റെ പേരിൽ അത്രയും ഭയങ്കരമായ കളവുകൾ എല്ലാ പൊടിപ്പും തൊങ്ങലും വെച്ച് നിർഭയം ചമച്ചുണ്ടാക്കാൻ ഒട്ടും മടിയില്ലാത്ത ഒരു തനി നിരീശ്വര നിർമതവാദിയായിരുന്നോ മുഹമ്മദ് നബി(സ്വ)? ഒരു ശത്രുപോലും അങ്ങനെ പറയുകയില്ല. പിന്നെ എന്താണിത്?

യഥാർഥത്തിൽ നരകത്തെപ്പറ്റിയും സ്വർഗത്തെപ്പറ്റിയുമെല്ലാം ക്വുർആൻ തരുന്ന വിവരണങ്ങൾ ക്വുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണ് എന്നതിനുള്ള അനിഷേധ്യമായ തെളിവുകൾ കൂടിയാണ്. അല്ലാഹുവിലും പരലോകത്തിലും മുഹമ്മദ് നബിക്കുള്ള ഉറച്ച വിശ്വാസത്തെപ്പറ്റി ചോദ്യംചെയ്യുവാൻ ലോകത്തുള്ള ഒരു മനുഷ്യനും സാധ്യമല്ല. ക്വുർആൻ ഒരിക്കൽ വായിച്ച ഏതൊരാളും ഒന്ന് സമ്മതിക്കും; അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാത്ത ഒരു സാഹിത്യകാരന്ന് ഇങ്ങനെയൊരു ഗ്രന്ഥം രചിക്കാൻ ഒരിക്കലും സാധിക്കയില്ല എന്ന്. ആ ഗ്രന്ഥം രചിച്ചത് ആരായിരുന്നാലും അല്ലാഹുവിലും പരലോകത്തിലും ഉറച്ച വിശ്വാസമുള്ളവനാകാതെ തരമില്ല. കാരണം അത്രയും ഹൃദയസ്പൃക്കായ നിലയിലാണ് അതിലെ അല്ലാഹുവെപ്പറ്റിയും പരലോകത്തെപ്പറ്റിയുമുള്ള പ്രതിപാദനം. എന്നാൽ അല്ലാഹുവിലും പരലോകത്തിലും വിശ്വാസമുള്ള ഒരു മനുഷ്യന് ഇങ്ങനെ അല്ലാഹുവിന്റെ മേൽ കളവു കെട്ടിയുണ്ടാക്കാൻ കഴിയുമോ? അത് ഒരിക്കലും സാധ്യമല്ല. പിന്നെ എന്താണിത്?

"അപ്പോൾ നിങ്ങൾ എവിടെ പോകുന്നു' എന്നു പരിശുദ്ധ ക്വുർആൻ ചോദിക്കുന്നത് വെറുതെയല്ല. അല്ലാഹുവിൽ നിന്നു തന്നെയാണ് ക്വുർആൻ എന്ന് സമ്മതിച്ചുകൊടുക്കാതെ ഒരു യുക്തിവാദിക്കും രക്ഷപ്പെടാൻ സാധിക്കുകയില്ല. അല്ലാഹുവിങ്കൽ നിന്നുള്ള നിർബന്ധമായ കല്പനകൾ അനുസരിച്ചും, അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെട്ടുമല്ലാതെ, നരകശിക്ഷയെപ്പറ്റിയുള്ള മുന്നറിയിപ്പുകൾ തന്റെ സഹജീവികളോട് പറയാൻ ഒരു മനുഷ്യന് സാധ്യമാകയില്ല. ഇന്ന് ഇസ്‌ലാംമതം പ്രബോധനം

ചെയ്യുന്നവർ, നരകശിക്ഷയുടെ ഭയങ്കരതയെപ്പറ്റി ക്വുർആൻ തരുന്ന വിവരണങ്ങൾ, പ്രബോധനവിഷയമാക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്? തങ്ങൾക്കുതന്നെ അതിലുള്ള വിശ്വാസക്കുറവും, ജനങ്ങൾക്ക് ദഹിക്കില്ല എന്ന ധാരണയും ആയിരിക്കാം അതിനു കാരണം. ആധുനികരെപ്പോലെ തന്നെ പൗരാണികരും 'നരകശിക്ഷ'യെ ഇഷ്ടപ്പെട്ടിരുന്നില്ല. അങ്ങനെയൊന്നുണ്ടാകുമെന്ന് വിശ്വസിക്കാൻ അവർക്കും ഇഷ്ടമുണ്ടായിരുന്നില്ല. മനുഷ്യന്റെ അഹന്തക്ക് ഒട്ടും യോജിക്കാത്ത നിന്ദ്യവും വേദനാജനകവുമായ ആ ശിക്ഷ, ഭാവനയിൽ കൊണ്ടുവരാൻ പോലും മനുഷ്യർക്ക് ഇഷ്ടമല്ല. മനുഷ്യർക്ക് 'ക്വുർആൻ' എത്തിക്കാൻ, അല്ലാഹു മുഹമ്മദ് നബി(സ്വ)യുടെ മേൽ നിർബന്ധമാക്കിയതുകൊണ്ടും, അതിന്റെ വിവരണവും വ്യാഖ്യാനവും മനുഷ്യർക്ക് പഠിപ്പിക്കാൻ അല്ലാഹു ആ ഭാരിച്ച ചുമതല സത്യസന്ധമായും കണിശമായും നിർവഹിച്ചു എന്നല്ലാതെ വേറെ ഒരു നിലക്കും ഒരു മനുഷ്യന്ന് സ്വന്തം നിർമിച്ചുണ്ടാക്കാൻ പറ്റിയ ആശയങ്ങളോ ഭാവനകളോ അല്ല ക്വുർആൻ തരുന്ന നരകത്തെപ്പറ്റിയുള്ള താക്കീതുകൾ.

'നിന്റെ അടുത്ത കുടുംബങ്ങൾക്ക് മുന്നറിയിപ്പ് നല്കുക' എന്ന അല്ലാഹുവിന്റെ കല്പനപ്രകാരം അടുത്ത ബന്ധുക്കളെ നബി(സ്വ) വിളിച്ചുകൂട്ടി മുന്നറിയിപ്പ് നല്കിയ ചരിത്രം പ്രസിദ്ധമാണല്ലോ. 'ഈ മലയുടെ മറുഭാഗത്ത് ഒരു സൈന്യം നിങ്ങളെ ആക്രമിക്കാൻ തയ്യാറായി നില്ക്കുന്നു എന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ' എന്ന ചോദ്യത്തിന് 'ഉറപ്പായും വിശ്വസിക്കും' എന്നുതന്നെ മറുപടി പറഞ്ഞു. പക്ഷേ, പരലോക രക്ഷയെപ്പറ്റിയും നരകശിക്ഷയെപ്പറ്റിയും നബി(സ്വ) മുന്നറിയിപ്പു നല്കിയപ്പോൾ അധിക പേരും അതിനെ പുച്ഛിച്ചുതള്ളി. അബൂലഹബ് വാക്കൗട്ട് തന്നെ നടത്തി! എന്തുകൊണ്ട് അത് വിശ്വസിക്കാൻ സാധിച്ചില്ല? അഹന്തക്ക് യോജിക്കാത്തതുകൊണ്ടു തന്നെ! മാന്യന്മാരെയും ഭേദപ്പെട്ടവരെയും അങ്ങനെ തീയിലിട്ട് ശിക്ഷിക്കുകയോ? ഒരിക്കലും ഉണ്ടാകില്ല. വിശ്വസിക്കാനേ സാധ്യമല്ല.

'അല്ലാഹു അല്ലാതെ വേറെ ആരാധ്യനില്ല' എന്ന ഋജുവും, ലളിതവുമായ കാര്യം ഉപദേശിച്ചിട്ട് തന്നെ സ്വീകരിക്കാത്ത ജനങ്ങളോട്, അവരുടെ അഹന്തക്ക് ഒട്ടും യോജിക്കാത്ത നരകശിക്ഷയെപ്പറ്റി പറയാൻ കുറച്ചു പ്രയാസമുണ്ട്. ഇന്നും ഇതു തന്നെയാണ് നില! മഹാന്മാരും പ്രതാപികളും വിജ്ഞാനികളും കണ്ടുപിടുത്തക്കാരും വ്യവസായികളും പ്രമാണിമാരും പരിഷ്കാരികളും എല്ലാമടങ്ങുന്ന ആധുനിക സമൂഹത്തോട് നരകശിക്ഷയെപ്പറ്റി മുന്നറിയിപ്പ് നല്കാൻ മാത്രം ഉറച്ച വിശ്വാസവും മനക്കരുത്തും നാം ആർജിക്കേണ്ടിയിരിക്കുന്നു.

## ബോധനശൈലിയും എതിരാളികളും

ഇസ്‌ലാം ഒരു പരിപൂർണ ജീവിതപദ്ധതിയാണ്; ലോക സമാധാന

ത്തിന് ഇസ്‌ലാമേ മാർഗമുള്ളു; എല്ലാ രോഗങ്ങൾക്കുമുള്ള പ്രതിവിധി ഇസ്‌ലാമാണ് എന്നെല്ലാം പറഞ്ഞാൽ ആധുനിക സമൂഹം കേട്ടിരിക്കും. ചിലപ്പോൾ തല കുലുക്കി തരക്കേടില്ല എന്നും പറഞ്ഞേക്കും. നല്ല ഭാഷ യിലും ശൈലിയിലും അവതരിപ്പിക്കാൻ കഴിഞ്ഞാൽ 'നല്ല പ്രസംഗം' എന്ന് സർട്ടിഫിക്കറ്റും തന്നേക്കും. 'മഹ്ശറ'യെപ്പറ്റിയും നരകശിക്ഷയെ പ്പറ്റിയും തീയിലിട്ട് ശിക്ഷിക്കുന്നതിനെപ്പറ്റിയും എല്ലാം അർഹിക്കുന്ന ഗൗരവത്തിൽ താക്കീതു ചെയ്തുനോക്കിയാൽ ഫലം വ്യത്യസ്തമായി രിക്കും. എന്തു ഭ്രാന്താണ് ഈ പറയുന്നത്? ആധുനിക ശാസ്ത്രത്തിന്റെ ഈ യുഗത്തിലും ഇത്തരക്കാരുണ്ടോ? ഇത് കാടൻ അറബികളാ ണെന്നാണോ വിചാരം?' എന്നെല്ലാം പുച്ഛരസത്തിൽ പരിഹസിക്കും. എന്നാൽ എല്ലാ കാലത്തും അവിശ്വാസികൾ ഇങ്ങനെത്തന്നെയായി രുന്നു. പ്രവാചകന്മാർക്കെല്ലാം ഇങ്ങനെയുള്ള അനുഭവങ്ങളുണ്ടായി ട്ടുണ്ട്. അവരാരും പ്രബോധനരീതി മാറ്റി, ഇസ്‌ലാമിനെ സമ്പൂർണ ജീവിത പദ്ധതിയായും വ്യവസ്ഥയായും മറ്റും അവതരിപ്പിച്ച്, സമൂഹ ത്തിന്റെ കൈയടി വാങ്ങാൻ തുനിഞ്ഞിട്ടില്ല. കൂടുതൽ ശക്തിയോടെ ശിക്ഷയെപ്പറ്റിയുള്ള താക്കീത് ആവർത്തിക്കുകയായിരുന്നു ചെയ്തത്. ക്വുർആനും അതാണ് ചെയ്യുന്നത്. എല്ലാതരം അഹംഭാവികളായ അവി ശ്വാസികളും, അവർ എത്ര ഉന്നതന്മാരാവട്ടെ, അവർ എത്രതന്നെ വിജ്ഞാ നവും കഴിവും പ്രതാപവും ഉള്ളവരാവട്ടെ, നിന്ദ്യമായ നിലയിൽ അവരെ കുടുമയും കാലും കൂട്ടിപ്പിടിച്ച് നരകത്തിലേക്ക് എറിയപ്പെടും എന്നാണ് ക്വുർആൻ ആവർത്തിച്ചു പ്രഖ്യാപിക്കുന്നത്.

'അവനെ പിടിക്കൂ, നരകത്തിന്റെ നടുവിലേക്ക് അവനെ നിർദയം വലിച്ചിഴക്കൂ. എന്നിട്ട് അവന്റെ തലക്കുമീതെ തീവെള്ളത്തിന്റെ ശിക്ഷ യിൽനിന്നും വീഴ്ത്തൂ! ആസ്വദിച്ചോളൂ. പ്രതാപിയും മാന്യനും നീ തന്നെ. നിശ്ചയം, നിങ്ങൾ സംശയിച്ചുകൊണ്ടിരുന്നത് ഇതു തന്നെയാണ്." (വി.ക്വു. 44:47-50)

"അവിശ്വാസികൾ നരകത്തിൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം! 'ഇത് സത്യം തന്നെയല്ലേ' എന്ന് (അവരോട് ചോദിക്കപ്പെടും). അങ്ങനെ ത്തന്നെ; ഞങ്ങളുടെ രക്ഷിതാവിനെത്തന്നെ സത്യം എന്ന് അവർ പറയും. 'എന്നാൽ നിങ്ങൾ അവിശ്വസിച്ചിരുന്നത് കാരണം, നിങ്ങൾ ശിക്ഷ അനു ഭവിച്ചുകൊള്ളുക' എന്ന് അവൻ പറയും. അതുകൊണ്ട് നിശ്ചയദാർഢ്യ മുള്ള പ്രവാചകന്മാർ സഹിച്ചതുപോലെ നീ സഹിക്കുക. അവർക്കു വേണ്ടി നീ തിരക്കുകൂട്ടരുത്. അവർക്കു മുന്നറിയിപ്പ് നല്കപ്പെട്ടത് അവർ കാണുന്ന ദിവസം, ഒരു പകലിൽ അല്പസമയം മാത്രമേ (ഇഹലോകത്ത്) അവർ താമസിച്ചിട്ടുള്ളു എന്നതു പോലെയിരിക്കും. പാപികളായ ജനത യല്ലാതെ നശിപ്പിക്കപ്പെടുമോ?" (വി.ക്വു. 46:34,35)

ജീവിതത്തിൽ സ്വന്തം കഴിവിലും അറിവിലും അഹങ്കരിച്ചു, ക്വുർ ആൻ തരുന്ന മുന്നറിയിപ്പുകളെ വിലവെക്കാതെ ജീവിച്ച, പ്രതാപശാലി

കളും വമ്പന്മാരും മഹാന്മാരും ചിന്തകന്മാരും ശാസ്ത്രകാരന്മാരും സാഹിത്യകാരന്മാരും ഭരണാധിപരും ആധുനികരും അത്യാധുനികരുമെല്ലാം അവരുടെ അഹന്തയുടെയും നിഷേധത്തിന്റെയും ഫലമായി നിന്ദ്യമായ നരകശിക്ഷയിൽ നിസ്സഹായരായി കഴിയേണ്ടിവരുമെന്ന് ക്വുർആൻ ആവർത്തിച്ചാവർത്തിച്ചു മുന്നറിയിപ്പ് തരുന്നു.

“നാം അവരെ ആക്രമിച്ചില്ല, പക്ഷേ അവർ തന്നെ അക്രമികളായിത്തീർന്നു. അവർ വിളിച്ചുപറയും: ‘മാലിക്കേ (നരകം കാക്കുന്ന മലക്ക്) നിങ്ങളുടെ രക്ഷിതാവ് ഞങ്ങളെ മരണപ്പെടുത്തിത്തരട്ടേ.’ മലക്ക് മറുപടി പറയും: നിശ്ചയം ‘നിങ്ങൾ (ശാശ്വതമായി) കഴിഞ്ഞുകൂടുന്നവരായിരിക്കും,’ തീർച്ചയായും നിങ്ങളുടെ അടുക്കൽ സത്യം നാം കൊണ്ടുവന്നു. പക്ഷെ, നിങ്ങളിൽ ഭൂരിപക്ഷവും സത്യത്തെ വെറുക്കുന്നവരായിരുന്നു.” (വി.ക്വു. 43:76-78)

എത്ര മഹത്തായ ഒരു സത്യം! മനുഷ്യരിൽ ഭൂരിപക്ഷവും അഹന്ത കൊണ്ടും അഹങ്കാരം കൊണ്ടും, സത്യത്തെ സ്വീകരിക്കാൻ കൂട്ടാക്കാതെ, സത്യത്തെ വെറുക്കുന്നവരായിത്തീർന്നിട്ടുണ്ട്. അതിന്റെ ഫലമായി, ശാശ്വതമായ നരകശിക്ഷക്ക് പാത്രീഭൂതരാവുകയും ചെയ്യും. ഞങ്ങൾ മണ്ണായിത്തീർന്നെങ്കിൽ, ഞങ്ങൾ ഇല്ലാതായിത്തീർന്നെങ്കിൽ എന്നു ആശിച്ചുകൊണ്ടുള്ള ഭയങ്കരമായ നിരാശയിലും വേദനയിലും ഖേദത്തിലും അകപ്പെട്ട് ജീവിതവും മരണവുമല്ലാതെ, ആ ശാശ്വതമായ നിലനില്പിനെപ്പറ്റി, അദൃശ്യലോകത്ത് ഉറപ്പായും ഉണ്ടാകാൻ പോകുന്ന ഭയാനകമായ സ്ഥിതിവിശേഷത്തെപ്പറ്റി അല്ലാഹുവിനല്ലാതെ, ആർക്കാണ് സ്പഷ്ടമായും കണിശമായും പ്രതിപാദിക്കാൻ സാധിക്കുക?

‘അഹംഭാവികൾക്കുള്ള പാർപ്പിടം’ എന്ന് ക്വുർആൻ വിശേഷിപ്പിക്കുന്ന നരകത്തെപ്പറ്റിയും അതിലെ ഭീകരമായ ശിക്ഷയെപ്പറ്റിയും അല്ലാഹു നല്കുന്ന വിവരണങ്ങൾ, അഹംഭാവികൾക്ക് ഒട്ടും ഉൾക്കൊള്ളാനോ വിശ്വസിക്കാനോ സാധിക്കയില്ല. നിശ്ചയദാർഢ്യമുള്ള മൂസാനബി(അ), ഏറ്റവുംവലിയ അഹംഭാവി ആയിരുന്ന ഫിർഔനിനോട് നരകശിക്ഷയെപ്പറ്റി എത്രതന്നെ താക്കീതു ചെയ്തിട്ടും വളരെയധികം വ്യക്തമായ തെളിവുകളും ദൃഷ്ടാന്തങ്ങളും കാണിച്ചുകൊടുത്തിട്ടും അവന്റെ ‘അഹന്ത’ വിശ്വാസത്തിനു വിഘാതമായിനിന്നു. മനുഷ്യന് ഒരിക്കലും അഹംഭാവം നടിക്കാൻ അവകാശമില്ല. അവന്റെ എല്ലാ കഴിവുകളും അവന്റെ ആസ്തിക്യവും ജീവിതവും മരണവും ഒന്നും അവന്റെ നിയന്ത്രണത്തിൽപ്പെട്ടതല്ല. ഭൂമി, ആകാശം, അന്തരീക്ഷം, ഗോളങ്ങൾ, സ്വദേഹം, ഹൃദയം ഇവയിൽ വല്ലതിനും അവന് വല്ല കഴിവോ നിയന്ത്രണമോ ഉണ്ടോ? ഉണ്ടെന്നു തോന്നുന്ന ചില്ലറ കഴിവുകൾ പോലും യഥാർഥത്തിൽ മിഥ്യാപരമാണ്, പ്രപഞ്ചത്തിലെ ഈ ചെറിയ ഗോളത്തിൽ നിസ്സഹായനായി കഴിയുന്ന ഈ ചെറിയ ജീവി, താഴ്മയും വിനയവും കാണിക്കുന്നതിനു പകരം അഹംഭാവവും അഹന്തയും പ്രകടിപ്പിച്ചാൽ അതു

സത്യവുമായി ഒട്ടും പൊരുത്തപ്പെടാത്തതാണ്. അല്ലാഹുവിന്നല്ലാതെ ഒരു സൃഷ്ടിക്കും അർഹതയില്ലാത്ത ഈ ഭാവമാണ് പിശാചിന്റെ മൂലധനം. അവിശ്വാസത്തിന്റെയും, നിഷേധത്തിന്റെയും പാപങ്ങളുടെയുമെല്ലാം അടിസ്ഥാനം അഹംഭാവമാണ്. അത് സത്യം സ്വീകരിക്കാൻ മനുഷ്യനെ അനുവദിക്കയില്ല. ഈ വിഷം കുബേരനെയും കുചേലനെയും ശക്തനേയും അശക്തനെയും എല്ലാം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബാധിച്ചേക്കും. പാവപ്പെട്ട, കഴിവില്ലാത്ത, ദരിദ്രനായ ഒരു മനുഷ്യൻ അവന്റെ പരമ്പരാഗതമായ വിശ്വാസങ്ങളിലും ആചാരങ്ങളിലും അഭിപ്രായങ്ങളിലും ഉറച്ചുനില്ക്കുന്നത് കാണാം. തന്റെ അറിവുതന്നെയാണ് ശരിയെന്ന നിലപാടുകൊണ്ട്, വേറെ എന്തു കേട്ടാലും എത്ര ന്യായവാദങ്ങൾ നടത്തിയാലും ശരി അവന്റെ തന്നിഷ്ടപ്രകാരമുള്ള അഭിപ്രായത്തിൽ നിന്നും വിശ്വാസത്തിൽ നിന്നും അവൻ വ്യതിചലിക്കാൻ കൂട്ടാക്കയില്ല. പ്രമാണിമാരും കഴിവുള്ളവരുമായാൽ പിന്നെ ഈ സ്വഭാവത്തിനു ശക്തി കൂടിയേക്കും. പ്രവാചകന്മാർക്ക് നേരിടേണ്ടിവന്ന ജനതകളുടെ സ്വഭാവവും ഇതു തന്നെയായിരുന്നു. 'അവരുടെ പക്കലുള്ള അറിവിൽ അവർ അഹങ്കരിച്ചു' എന്ന് ഈ തരക്കാരെപ്പറ്റി ഖുർആൻ പറയുന്നു. ഈ 'അഹംഭാവം' ഇബ്‌ലീസിന്റെ സംഭാവനയാണ്. അഹംഭാവത്തിന്റെ അണുമണിത്തൂക്കം ഉള്ളവന് സ്വർഗത്തിൽ സ്ഥാനമില്ല. ആദമിന് സുജൂദ് ചെയ്യാൻ ഇബ്‌ലീസ് കൂട്ടാക്കാതിരിക്കുകയും അവന്റെ മറച്ചുവെച്ചിരുന്ന 'അഹംഭാവം' വെളിപ്പെടുകയും ചെയ്തപ്പോൾ അല്ലാഹു അവനോട് പറഞ്ഞു: അതിനാൽ അതിൽനിന്ന് ഇറങ്ങൂ. നിനക്കിവിടെ അഹങ്കരിക്കാൻ പറ്റില്ല, പുറത്തു പോ, നീ നിന്ദ്യന്മാരിൽപ്പെട്ടവർ തന്നെ." (വി.ക്വു. 7:13)

അല്ലാഹുവിനോട് ധിക്കാരം കാണിക്കാൻ ഇബ്‌ലീസിനെ പ്രേരിപ്പിച്ച അവന്റെ 'അഹന്ത' തന്നെയാണ്, എല്ലാ തെറ്റുകളുടെയും കുറ്റങ്ങളുടെയും അടിസ്ഥാനം. മനുഷ്യരിൽനിന്ന് അവനെയും അവന്റെ കൂട്ടാളികളെയും പിൻപറ്റുന്നവർക്ക് അവൻ സംഭാവനചെയ്യുന്ന മൂലധനവും ഇതുതന്നെ. ഇതിനുള്ള തക്കതായ പ്രതിഫലമായി അല്ലാഹു നീതിപൂർവം നിശ്ചയിച്ചിട്ടുള്ളത് നരകമാണ്. അവൻ പറഞ്ഞു: "തീർച്ചയായും നിന്നെക്കൊണ്ടും അവരിൽ നിന്ന് നിന്നെ പിന്തുടർന്നവരെക്കൊണ്ടും നരകം ഞാൻ നിറയ്ക്കും." (വി.ക്വു. 7:18)

ഇത് അല്ലാഹുവിന്റ നിയമമാണ്. അഹംഭാവികളായ മനുഷ്യരെയും ജിന്നുകളെയും നരകശിക്ഷക്ക് പാത്രീഭൂതരാക്കുക എന്നത് അല്ലാഹു നല്കിയ ആസ്തിക്യവും ജീവിതവും കഴിവുകളും വിഭവങ്ങളും ആസ്വാദനങ്ങളുമെല്ലാം സ്വന്തം വകയാണെന്ന നാട്യത്തിൽ അഹങ്കരിച്ചു അല്ലാഹുവിനെ ധിക്കരിച്ച് നന്ദികേടും അഹന്തയും കാണിച്ചു നടക്കുന്ന മനുഷ്യർ ചെയ്യുന്ന പാതകത്തിന്റെ ഭീകരതയെപ്പറ്റി ശരിയായ ബോധമില്ലാത്തവർക്ക്, 'നരകശിക്ഷ' നീതിവിരുദ്ധമാണെന്നം നിഷ്ഠൂരമാണെന്നും മറ്റും തോന്നിയേക്കും. മനുഷ്യൻ ജീവിതത്തിനു കൊടുക്കേണ്ട വില

ജീവിതത്തെപ്പോലെതന്നെ ആശ്ചര്യകരമാണ്; പക്ഷേ ഭയാനകവും കൂടിയാണ്! ഇത് വെറുതെയങ്ങു ജീവിച്ചു എങ്ങനെയെങ്കിലും അങ്ങ് കഴിച്ചിലായിക്കളയാം എന്നു ധരിക്കുന്നവർ മഹാവിഡ്ഢികളാണ്. ഈ ആശ്ചര്യകരമായ പ്രപഞ്ചത്തിന്റെയും, ആസ്തിക്യത്തിന്റെയും ജീവിതത്തിന്റെയും എല്ലാം  പിന്നിൽ, മറഞ്ഞുകിടക്കുന്ന അത്യാശ്ചര്യകരമായ അദൃശ്യലോകത്തെപ്പറ്റി അല്ലാഹു തരുന്ന താക്കീതുകൾ ശ്രദ്ധിക്കാത്തവരും അവഗണിക്കുന്നവരും നരകവുമായി കണ്ടുമുട്ടുന്ന ആ ദിവസം എത്ര ഭയങ്കരമായ ഖേദത്തിലും നിരാശയിലുമായിരിക്കും!

“പറയുക: അല്ലാഹുവേ, ഒരു മുൻ മാതൃകയില്ലാതെ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനേ, അദൃശ്യമായതും പ്രത്യക്ഷമായതും അറിയുന്നവനേ! നിന്റെ അടിമകളുടെ ഇടയിൽ ഭിന്നാഭിപ്രായമുള്ള കാര്യങ്ങളിൽ നീ തന്നെയാണ് വിധി കല്പിക്കുന്നത്. അക്രമം ചെയ്തവർക്ക് ഈ ഭൂമിയിലുള്ളത് മുഴുവനും അതിന്റെ കൂടെ അത്രതന്നെ വേറെയും ഉണ്ടായിരുന്നുവെങ്കിൽ, അന്ത്യനാളിലെ ദുഃഖകരമായ ശിക്ഷയിൽ നിന്ന് (രക്ഷപ്പെടാൻ) അതുകൊണ്ടെല്ലാം അവർ പ്രായശ്ചിത്തം ചെയ്യുമായിരുന്നു. അവർ ഒട്ടും ഊഹിക്കാത്തത് അല്ലാഹുവിങ്കൽ നിന്ന് അവർക്ക് വെളിപ്പെട്ടു. അവർ പ്രവർത്തിച്ചിരുന്നതിന്റെ ദുഷ്ഫലങ്ങൾ അവർക്ക് പ്രത്യക്ഷപ്പെട്ടു! അവർ പരിഹസിച്ചുകൊണ്ടിരുന്നത് അവരെ ബാധിക്കുകയും ചെയ്തു.” (വി.ക്വു. 39:46-48)

# ആത്മാവ്
# അദൃശ്യപ്രതിഭാസം

'മനുഷ്യാത്മാവ്' അദൃശ്യമായ ഒരു പ്രതിഭാസമാണ്. ശാസ്ത്രീയ ഗവേഷണങ്ങൾ കൊണ്ടോ മറ്റോ അതിനെ കണ്ടുപിടിച്ച് വിലയിരുത്താനോ, പഠിക്കാനോ സാധ്യമല്ല. ആത്മാവിനെപ്പറ്റി മതസാഹിത്യങ്ങളിലും മറ്റും വളരെയധികം എഴുതപ്പെട്ടിട്ടുണ്ടെങ്കിലും, അതെല്ലാം ഒരു തരം 'ഭാവന' എന്നല്ലാതെ കണിശമായ വിജ്ഞാനമായി ഗണിക്കാൻ പറ്റുകയില്ല. പരിശുദ്ധ ക്വുർആൻ പറയുന്നത് ശ്രദ്ധേയമാണ്: "അവർ നിന്നോട് ആത്മാവിനെപ്പറ്റി ചോദിക്കും. പറയുക: ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യത്തിൽ പെട്ടതാണ്; നിങ്ങൾക്ക് അറിവിൽ നിന്ന് കുറച്ചല്ലാതെ നല്കപ്പെട്ടിട്ടില്ല" (ഇസ്റാഅ്: 85). മനുഷ്യർ സ്വന്തമായി നിർമിച്ചുണ്ടാക്കുന്ന വേദങ്ങളും ആത്മീയ സാഹിത്യങ്ങളും, വളരെ വിശദമായി ആത്മാവിനെപ്പറ്റി പ്രതിപാദിക്കുന്നു. ആത്മാവിനെ ദൈവികാംശമായും, ദൈവിക വാഹനമായും മറ്റും ചിത്രീകരിച്ചിട്ടുണ്ട്. ക്വുർആൻ, ആത്മാവിന്റെ കാര്യം മനുഷ്യവിജ്ഞാനത്തിന്നതീതമായ അല്ലാഹുവിന്റെ കാര്യത്തിൽ പെട്ടതാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. പരിശുദ്ധ ക്വുർആനിലും സുന്നത്തിലും ഈ വിഷയകമായി വന്നിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ ഒന്ന് ഉറക്കെ ചിന്തിക്കാൻ മാത്രമാണ് വിലയിരുത്തിയിട്ടുള്ളത്. സത്യത്തിൽ നിന്ന് വ്യതിചലിക്കാതെ മുന്നോട്ടു പോകാൻ അല്ലാഹു സഹായിക്കട്ടെ.

മനുഷ്യശരീരത്തിലെ പഞ്ചേന്ദ്രിയങ്ങളുടെയും മസ്തിഷ്കത്തിന്റെയും മറ്റും പ്രവർത്തനഫലമായുണ്ടാകുന്ന അവന്റെ ബുദ്ധിമണ്ഡലവും ബോധവും അവയെപ്പോലെ ഭൗതിക അടിസ്ഥാനമില്ലാത്ത 'ആത്മാവി'നെ കേന്ദ്രീകരിച്ചുകൊണ്ടാണ് നിലകൊള്ളുന്നത്. മസ്തിഷ്കത്തിലെ അണുക്കളിലുണ്ടാകുന്ന സങ്കീർണങ്ങളായ രാസപരിവർത്തനങ്ങളുടെ ഫലമായി മാത്രമാണ് മനുഷ്യന്റെ ചിന്തകളും വിചാരങ്ങളും ദർശനങ്ങളും ആദർശങ്ങളും എല്ലാം ഉണ്ടാകുന്നത് എന്ന് ശാസ്ത്രം എത്ര ശക്തിയായി സമർഥിച്ചാലും, വെറും ഈ രാസപരിണാമങ്ങൾ കൊണ്ടു സാധൂകരിക്കാൻ അത്ര നിസ്സാരമല്ല മനുഷ്യന്റെ മാനസിക പ്രവർത്തനങ്ങൾ എന്ന് ഏത് സാധാരണ ബുദ്ധിയും സമ്മതിക്കാതിരിക്കയില്ല. ഒരു ചിന്താസരണിയുടെ ആരംഭം ഉണ്ടാക്കാനും, അതിനെ ഒരു മാർഗത്തിൽ നയിക്കാനും കഴിവുള്ള എന്തോ അഭൗതികമായ ഒരു ശക്തി മനുഷ്യനിൽ പ്രവർത്തിക്കുന്നു.

അത് ശാസ്ത്രത്തിന്റെ പരീക്ഷണങ്ങൾക്കും ഗവേഷണങ്ങൾക്കും അതീതമായി നില്ക്കുന്നു.

മനുഷ്യന്റെ സങ്കീർണമായ മാനസിക പ്രവർത്തനങ്ങളെല്ലാം, പഞ്ചേന്ദ്രിയങ്ങളിൽക്കൂടി ഉണ്ടാകുന്ന അനുഭവങ്ങളുടെ നേരെയുള്ള മസ്തിഷ്കത്തിലെ അണുക്കളുടെ പ്രതികരണങ്ങൾ മാത്രമാണെന്നു വെക്കാൻ പറ്റുകയില്ല. മൃഗങ്ങളെ സംബന്ധിച്ച് ഏറെക്കുറെ ഇങ്ങനെയായിരിക്കാം. ശാസ്ത്രവും സാഹിത്യവും ദർശനങ്ങളും തത്വജ്ഞാനങ്ങളുമെല്ലാം തലച്ചോറിലെ അണുക്കളിലുണ്ടാകുന്ന വൈദ്യുതവും രാസപരവുമായ വെറും പരിവർത്തനങ്ങളുടെ ഫലമായി മാത്രമുണ്ടാകുന്ന പ്രതിഭാസങ്ങളാണെന്ന് ശാസ്ത്രത്തിനും അത്ര ഉറപ്പിച്ചുപറയാൻ സാധ്യമല്ല. മനുഷ്യവിജ്ഞാനങ്ങൾക്കും, ശാസ്ത്രീയ ഗവേഷണങ്ങൾക്കും അതീതമായ എന്തോ ഒന്ന്, മനുഷ്യനെ സംബന്ധിച്ചേടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകം, അദൃശ്യമായും ഏറെക്കുറെ അജ്ഞാതമായും നിലകൊ ള്ളുന്നു. മനുഷ്യശരീരത്തിലെ എല്ലാ അണുക്കളെയും കൂലങ്കശമായി പരിശോധിച്ചാലും കണ്ടുപിടിക്കാൻ സാധിക്കാത്ത ആത്മാവിനെ സംബന്ധിച്ച് പലതരത്തിലുള്ള ധാരണകളും മനുഷ്യൻ വെച്ചുപുലർത്തുന്നു. അവയിലേക്കൊന്നും പ്രവേശിക്കാതെ പരിശുദ്ധഖുർആനും സുന്നത്തും ആ വിഷയത്തിൽ തരുന്ന വെളിച്ചം ഉൾക്കൊള്ളാൻ ശ്രമിക്കാം.

“ഓർമിക്കുക, ആദമിന്റെ സന്താനങ്ങളുടെ മുതുകുകളിൽനിന്ന് അവരുടെ സന്താനപരമ്പരകളെ നിന്റെ നാഥൻ പുറത്തെടുത്ത്, അവരെത്തന്നെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. അതായത് ‘നിങ്ങളുടെ രക്ഷിതാവ് ഞാൻ തന്നെയല്ലേ’അങ്ങനെത്തന്നെ ഞങ്ങൾ സാക്ഷ്യം വഹിച്ചു എന്നവർ പറഞ്ഞു.” (വി.ഖു. 7:172)

ആത്മാക്കളുടെ ലോകത്ത് (ആലമുൽ അർവാഹ്) വെച്ച് ഓരോ മനുഷ്യാത്മാവും, അതിന്റെ സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിനോട് ചെയ്ത കരാറാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. ഈ കാര്യം വളരെ വിശദമായി നബിവചനങ്ങളിൽ വന്നിട്ടുണ്ട്. മനുഷ്യൻ ഭൂമിയിൽ ജനിച്ചുണ്ടാകുന്നതിന് മുമ്പുതന്നെ, അവന്റെ ആത്മാവ് സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും, ആത്മാക്കൾ അവരുടേതായ ഒരു ലോകത്ത് നിലനില്ക്കുന്നുവെന്നും ഖുർആനും സുന്നത്തും നമ്മെ പഠിപ്പിക്കുന്നു. മനുഷ്യശരീരത്തിലെ മസ്തിഷ്കത്തിന്റെയോ മറ്റ് ഭാഗങ്ങളുടെയോ പ്രവർത്തനഫലമായുണ്ടാകുന്ന ബുദ്ധിമണ്ഡലവും മനസ്സും എല്ലാം വളർന്നുണ്ടാകുന്നതിന് അടിസ്ഥാനമായ ആത്മാവ്, സ്വയം നിലനില്ക്കാൻ കഴിവുള്ള അഭൗതികമായ ഒരു സൃഷ്ടിയാണ്. മനുഷ്യന്റെ മരണത്തോടുകൂടി, ആത്മാവ് ശരീരത്തിൽ നിന്ന് വിട്ടുപോകുകയും, അല്ലാഹുവിന്റെ പിടിത്തത്തിൽ അവൻ ഉദ്ദേശിച്ച മട്ടിൽ നിലനില്ക്കുകയും ചെയ്യുന്നു.

“അല്ലാഹു ആത്മാക്കളെ അവയുടെ മരണവേളയിലും മരിച്ചിട്ടില്ലാത്തവയെ അവയുടെ ഉറക്കത്തിലും പിടിച്ചെടുക്കുന്നു. അങ്ങനെ അവൻ

മരണം വിധിച്ചവയെ പിടിച്ചുവെക്കുകയും മറ്റേതിനെ ഒരു നിശ്ചിത അവധിവരെ വിട്ടയയ്ക്കുകയും ചെയ്യുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ ദൃഷ്ടാന്തങ്ങളുണ്ട്." (വി.ഖു. 39:42)

## നിദ്രയിലും മരണത്തിലും

ഗാഢമായ നിദ്രയിലും മരണത്തിലും ആത്മാക്കളെ അല്ലാഹു പിടിച്ചെടുക്കുന്നു. ഉണരുമ്പോൾ പിന്നെയും ആത്മാക്കളെ വിട്ടുകൊടുക്കുന്നു എന്ന് പറയുമ്പോൾ, മരണത്തിലും ഉറക്കത്തിലും ആത്മാക്കൾ ഒരുപോലെയാണ് എന്നും, അവർക്ക് മരണശേഷവും ജഡത്തിൽ നിന്ന് വേറിട്ട നിലനില്പുണ്ടെന്നും വരുന്നു. ഉറക്കമെന്താണെന്നും, അതിൽ എന്താണ് യഥാർഥത്തിൽ മനുഷ്യന് സംഭവിക്കുന്നതെന്നും, വ്യക്തമായി കണ്ടെത്താൻ ശാസ്ത്രത്തിനു സാധിച്ചിട്ടില്ല എന്നത് സത്യമാണ്. പല സിദ്ധാന്തങ്ങളും ഈ വിഷയകമായി ഉണ്ടെങ്കിലും കണിശമായി ഒന്നും ശാസ്ത്രത്തിനു പറയാൻ സാധ്യമല്ല. ഉറക്കത്തിലും മരണകാലത്തും ആത്മാവിന്നുണ്ടാകുന്ന അനുഭവങ്ങൾക്ക് ഏറെക്കുറെ സാദൃശ്യമുണ്ടാവാം. ഉറക്കത്തിനു ശേഷം പിന്നെയും ബുദ്ധിമണ്ഡലവുമായി ബന്ധപ്പെട്ടുപോകുന്ന ആത്മാവിന്റെ അനുഭവങ്ങളിൽ ചിലത് ബുദ്ധിമണ്ഡലത്തിലേക്ക് വ്യാപിച്ച്, മനുഷ്യന്റെ ബോധമനസ്സിൽ വ്യക്തമായ സ്വപ്നങ്ങളായി അനുഭവപ്പെടുന്നു-പലതും അവ്യക്തങ്ങളായ അനുഭവങ്ങളായിട്ടാണ് തോന്നുക- ചിലപ്പോൾ ആത്മാവിനുണ്ടായ അനുഭവങ്ങളൊന്നും ബുദ്ധിമണ്ഡലത്തിൽ പ്രതിഫലിച്ചില്ലെന്നും വരാം. പിന്നീട് വല്ലതും സംഭവിക്കുമ്പോൾ, അതല്ലെങ്കിൽ ആരെയെങ്കിലും കണ്ടുമുട്ടുമ്പോൾ, ഇതിനെപ്പറ്റി എന്തോ മുമ്പ് ഒരു അറിവ് തനിക്കു കിട്ടിയിട്ടുണ്ടല്ലോ എന്നൊരു തോന്നൽ മാത്രമായിരിക്കും അവശേഷിക്കുക! സ്വപ്നങ്ങളെപ്പറ്റി, പലതരം മനശ്ശാസ്ത്രങ്ങളുമുണ്ടെങ്കിലും, സത്യമായി പുലരുന്ന, ഭാവിയെ സംബന്ധിച്ച സ്വപ്നങ്ങളെ ഇത്തരം സിദ്ധാന്തങ്ങൾ കൊണ്ട് ന്യായീകരിക്കാൻ സാധിക്കയില്ല. ആത്മാവിന്റെ, അത് അല്ലാഹുവിന്റെ പിടിത്തത്തിലുള്ള ഘട്ടത്തിലുണ്ടാകുന്ന അനുഭവങ്ങളിൽ പെട്ടതായിരിക്കാം ഇത്തരം സ്വപ്നങ്ങൾ! ഏതായാലും മരണത്തിലും ഉറക്കത്തിലും ആത്മാവിന്റെ നില ഒരുപോലെയാണെന്നു വരുമ്പോൾ ഉറക്കത്തിൽ ഉണ്ടാകുന്നതുപോലെയോ അതിലും ശക്തിമത്തോ ആയ അനുഭവങ്ങൾ മരിച്ചതിനുശേഷവും മനുഷ്യാത്മാവിന് ഉണ്ടാകാം.

"നിങ്ങൾ നിർജീവരായിരുന്നു. അങ്ങനെ അവൻ നിങ്ങളെ ജീവിപ്പിച്ചു, ഇനി അവൻ നിങ്ങളെ മരിപ്പിക്കും, പിന്നെയും ജീവിപ്പിക്കും അനന്തരം അവങ്കലേക്ക് മടക്കപ്പെടും; എന്നിരിക്കെ നിങ്ങൾ എങ്ങനെ അല്ലാഹുവിനെ നിഷേധിക്കും." (വി.ഖു. 2:2)

"ഞങ്ങളുടെ നാഥാ, രണ്ടു പ്രാവശ്യം നീ മരിപ്പിച്ചു. രണ്ടു പ്രാവശ്യം ഞങ്ങളെ നീ ജീവിപ്പിക്കുകയും ചെയ്തു." (വി.ഖു. 40:11)

മനുഷ്യാത്മാവ് സൃഷ്ടിക്കപ്പെട്ട ശേഷം ഭൂമിയിൽ മനുഷ്യന്റെ ഒന്നാമത്തെ ജീവിതം തുടങ്ങുന്നതുവരെയുള്ള കാലം അവന്റെ ആദ്യത്തെ മരണകാലമാണ്. ഭൂമിയിലുള്ള ജീവിതം കഴിഞ്ഞ്, പരലോകത്ത് ഹാജരാക്കപ്പെടുന്ന ഘട്ടം വരെയുള്ള രണ്ടാമത്തെ മരണകാലവും, ഈ രണ്ടു കാലഘട്ടങ്ങളിലും ആത്മാവ് ജഡത്തിന്റെ സഹായം കൂടാതെ സ്വയം നിലനില്ക്കുന്നു എന്ന കാര്യം മറന്നുകൂടാ. മനുഷ്യൻ ഭൂമിയിൽ ജനിക്കുന്നതിന് മുമ്പുള്ള അറ്റമില്ലാത്ത കാലമെല്ലാം മനുഷ്യന്റെ ഒന്നാമത്തെ മരണകാലമെന്നു വെക്കുവാൻ പറ്റുകയില്ല. ആത്മാവും ജഡവും തമ്മിൽ വേർപെട്ടുനില്ക്കുന്ന നിലയാണ് മരണം. ആത്മാവ് നിലവിലില്ലെങ്കിൽ അതു വെറും ശൂന്യതയാണ്; ഒന്നുമില്ലായ്മയാണ്. നിങ്ങൾ മരണപ്പെട്ട നിലയിലായിരുന്നു എന്നുപറയുമ്പോൾ നിങ്ങളുടെ എന്തെങ്കിലും ഒന്ന് ഉണ്ടാവേണ്ടിയിരിക്കുന്നു. രണ്ടു മരണകാലങ്ങളിലും ആത്മാവ് സ്വന്തമായി, ഭൗതികജഢമില്ലാതെ നിലനില്ക്കുന്നു. ഒരു വ്യത്യാസമുണ്ട്. ആദ്യഘട്ടത്തിൽ ഒരു ജീവിതാനുഭവം ഉൾക്കൊള്ളാത്ത ആത്മാവാണെങ്കിൽ, രണ്ടാമത്തെ ഘട്ടത്തിൽ ഒരു ജീവിതത്തിന്റെ അനുഭവങ്ങൾ മുഴുവൻ ഉൾക്കൊണ്ടിട്ടുള്ള ആത്മാവാണ്. ഈ ജീവിതത്തിൽ മനുഷ്യൻ പ്രവർത്തിച്ചിട്ടുള്ള നന്മകളും തിന്മകളും ആത്മാവിനെ ബാധിക്കുന്നു. ആത്മാവിന്റെ വളർച്ചക്കും സംസ്കരണത്തിനും ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളും, അതിനെ അധപ്പതിപ്പിക്കുകയും മലിനമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളുമുണ്ട്.

"അതിനെ(ആത്മാവിനെ) ശുദ്ധമാക്കി അഭിവൃദ്ധിപ്പെടുത്തിയവൻ വിജയിച്ചു. അതിനെ മലിനമാക്കി അധപ്പതിപ്പിച്ചവൻ തോല്ക്കുകയും ചെയ്തു." (വി.ക്വു. 91:9,10)

## ആത്മ സംസ്കരണവും വളർച്ചയും

എല്ലാ മനുഷ്യാത്മാക്കളും ഒരേ പ്രകൃതിയിലാണ് സൃഷ്ടിക്കപ്പെടുന്നത് എന്നു ക്വുർആനും സുന്നത്തും നമ്മെ പഠിപ്പിക്കുന്നു. അല്ലാഹു മാത്രമാണ് എന്റെ നാഥനും ആരാധ്യനും എന്ന ബോധം ഓരോ മനുഷ്യാത്മാവിന്റെയും അടിസ്ഥാന സ്വഭാവമാണ്. ഈ അടിസ്ഥാന സ്വഭാവത്തിന്നെതിരായ എല്ലാ നീക്കങ്ങളും ആത്മാവിനെ കളങ്കപ്പെടുത്തുകയും ഞെരുക്കിക്കളയുകയും ചെയ്യുന്നു. ശിർക്ക് ഏറ്റവുംവലിയ അക്രമമാണ് എന്നു പറയുമ്പോൾ അതു സ്വന്തം ആത്മാവിനോടു തന്നെ ചെയ്യുന്ന അക്രമമാണ് എന്നു മനസ്സിലാക്കണം. ആത്മസംസ്കരണത്തിന്റെ പ്രഥമവും പ്രധാനവുമായ നിബന്ധനയും അടിസ്ഥാനവും തൗഹീദാണ്. അതില്ലാത്ത ആത്മസംസ്കരണശ്രമങ്ങളെല്ലാം വൃഥാ വേലയാണ്. 'അല്ലാഹുവല്ലാതെ യാതൊരാരാധ്യനുമില്ല' എന്ന അനശ്വര സത്യത്തിന്റെ അടിസ്ഥാനത്തിലുള്ള വിശ്വാസത്തിന്റെ(ഈമാൻ) വളർച്ചയും ദൃഢീകരണവുമാണ് ആത്മീയ സംസ്കരണത്തിന്റെയും വളർച്ചയുടെയും കാതലായ

ഭാഗം. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള സദ്കർമങ്ങൾ ആത്മാവിനെ പുഷ്ടിപ്പെടുത്തുന്നു; സംസ്കരിക്കുന്നു. വിശ്വാസത്തിന്റെ പിൻബലമില്ലാത്ത പ്രവർത്തനം ആത്മസംസ്കണത്തിന് ഒട്ടും സഹായകമാവില്ല. എന്നാൽ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള സദ്കർമങ്ങൾ (ആരാധനകളും ദാനധർമങ്ങളും ദൈവമാർഗത്തിലുള്ള ജിഹാദും എല്ലാം) ആത്മാവിനെ ശക്തിപ്പെടുത്തുന്നു; ഈമാനിനെ ശക്തിപ്പെടുത്തുന്നു. ഈമാനും സദ്കർമങ്ങളും അന്യോന്യം ബന്ധപ്പെടുന്നതാണ്. ഒന്ന് മറ്റേതിനെ ശക്തിപ്പെടുത്തുന്നു.

അന്യോന്യം മുന്നോട്ടുള്ള ഗതിക്ക് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് 'തക്വ' അഥവാ അല്ലാഹുവിനെപ്പറ്റിയുള്ള ഭയവും സൂക്ഷ്മതയും. "വിശ്വസിക്കുകയും സദ്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവർക്ക്, അവർ സൂക്ഷിക്കുകയും വിശ്വസിക്കുകയും സദ്കർമങ്ങൾ പ്രവർത്തിക്കുകയും, പിന്നെയും അവർ സൂക്ഷിക്കുകയും വിശ്വസിക്കുകയും പിന്നെയും സൂക്ഷിക്കുകയും നിഷ്കളങ്കത പാലിക്കുകയും ചെയ്താൽ അവർ മുമ്പു ഭക്ഷിച്ചതിനെപ്പറ്റി കുറ്റമില്ല. നിഷ്കളങ്കന്മാരെ അല്ലാഹു സ്നേഹിക്കുന്നു.' (വി.ക്വു. 5:93)

ആത്മീയ സംസ്കരണത്തിന്റെയും ആത്മീയ ഉന്നതിയുടെയും മാർഗം ചുരുക്കത്തിൽ ഇവിടെ വിവരിച്ചിരിക്കുന്നു. മുമ്പു തെറ്റുകൾ പ്രവർത്തിച്ചുപോയവർ, പരിശുദ്ധരും സംസ്കൃതരും ആയ മാർഗം ഇവിടെ വരച്ചുകാണിച്ചിരിക്കുന്നു. അവരുടെ ആത്മാക്കളെ ബാധിച്ച മാലിന്യങ്ങളെല്ലാം അകറ്റി ആത്മീയോന്നതിയുടെ പാരമ്യത്തിലെത്തിയ മുഅ്മിനീങ്ങളായി മാറിയ മാർഗവും ക്വുർആൻ നമുക്കു കാണിച്ചുതരികയാണ്, ഇവിടെ ഈമാനും സദ്കർമങ്ങളും തക്വയും ഒന്ന് മറ്റേതിനെ ശക്തിപ്പെടുത്തിക്കൊണ്ടും വർധിപ്പിച്ചുകൊണ്ടുമുള്ള ആത്മീയ പുരോഗതി, മനുഷ്യനെ സംസ്കൃതനും ഉത്തമനുമാക്കിത്തീർക്കുന്നു. ഏതായാലും ഒരു കാര്യമുള്ളത് 'ആത്മാവ്' ബുദ്ധിമണ്ഡലത്തെക്കാൾ ഏറെ ഈമാനുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. യുക്തിയെയും ബുദ്ധിയെയും ശരിയായ മാർഗത്തിൽ നീക്കാനും, അവക്ക് പാളിച്ചകളും വഴികേടുകളും ബാധിക്കുന്നത് തടയാനുമുള്ള അമരം ഈമാനാണ്, അല്ലെങ്കിൽ ആത്മീയ വളർച്ചയാണ്. ഈ അമരം നഷ്ടപ്പെട്ടാൽ, അന്ധകാരത്തിന്റെ സമുദ്രത്തിൽ അവസാനം വരെ വെളിച്ചം കാണാതെ ഉഴലുവാൻ മാത്രമേ അവരുടെ ബുദ്ധിയും യുക്തിയും ഉപയുക്തമാകൂ.

ആത്മാവ് നഷ്ടപ്പെട്ടവർക്ക് യാതൊരു രക്ഷയുമില്ല. ആത്മാക്കൾ നഷ്ടപ്പെട്ടവർ വിശ്വസിക്കുകയില്ല എന്ന് ക്വുർആൻ പറയുന്നതിൽ നിന്ന് ആത്മാവും വിശ്വാസവും തമ്മിലുള്ള ബന്ധം എത്രയാണെന്ന് നമുക്ക് മനസ്സിലാക്കാം. ആത്മാക്കൾ നഷ്ടപ്പെട്ടവർ എന്നു പറയുമ്പോൾ ആത്മാവ് തീരെ ഇല്ലാത്തവൻ എന്നല്ല; ആത്മാവിനെ മലിനപ്പെടുത്തി, അതിന്റെ പ്രകാശത്തെ നശിപ്പിച്ച് അതിനെ അധപ്പതിപ്പിച്ചവർ എന്നാണ്

ഉദ്ദേശിക്കുന്നത്. ഇങ്ങനെ സംസ്കൃതവും വളർന്നതുമായ ആത്മാവിന്റെയും അധപ്പതിച്ചതും തളർന്നതുമായ ആത്മാവിന്റെയും മരണാനന്തര നില എന്താണെന്ന് ഒന്ന് പരിശോധിക്കാം.

## ആത്മാക്കൾ മരണശേഷം

പരിശുദ്ധ ക്വുർആൻ ആത്മാക്കളുടെ മരണാനന്തര നിലയെപ്പറ്റി നമ്മെ പഠിപ്പിക്കാൻ, രണ്ടു പ്രധാനപ്പെട്ട വസ്തുതകൾ പ്രതിപാദിക്കുന്നു. ഒന്ന്, ഏറ്റവും ഉന്നതവും സംസ്കൃതവും പരിശുദ്ധവുമായ ആത്മാവിന്റേത്; മറ്റൊന്ന് ഏറ്റവും നീചവും അധപ്പതിച്ചതുമായ ആത്മാവിന്റേത്. വിശ്വാസത്തിന്റെയും സദ്കർമങ്ങളുടെയും തക്വ്വായുടെയും ഉന്നതിയിൽ എത്തി തങ്ങളുടെ ദേഹത്തെയും ധനത്തെയും കുടുംബത്തെയുമെല്ലാം, അല്ലാഹുവിന്റെ മാർഗത്തിൽ ബലിയർപ്പിച്ച ആത്മാക്കളുടെ മരണാനന്തരനിലയെപ്പറ്റി ക്വുർആൻ പ്രസ്താവിക്കുന്നു:

"അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരെന്ന് ഒരിക്കലും ധരിച്ചുപോകരുത്. എന്നാൽ അവർ അവരുടെ രക്ഷിതാവിങ്കൽ ജീവിച്ചിരിക്കുന്നവരാണ്. അവർക്ക് ഉപജീവനം നല്കപ്പെടുന്നു." (വി.ക്വു. 3:169)

മരണപ്പെട്ടതിനു ശേഷമുള്ള അവരുടെ ആത്മാക്കളുടെ നിലയാണ് ക്വുർആൻ വിവരിച്ചിരിക്കുന്നത്. നബി(സ്വ) ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അവരുടെ ആത്മാക്കൾ പക്ഷികളുടെ മേടകളിലായി സ്വർഗാനുഭൂതികൾ ആസ്വദിച്ചുകൊണ്ട് പാറി നടക്കുകയാണ്. മരണത്തോടുകൂടി അവരുടെ ആത്മാക്കൾക്ക് സ്വർഗീയ സുഖങ്ങളുടെ അനുഭൂതിയാണുണ്ടാകുന്നത്. ശൂന്യമായ, ഒന്നുമില്ലാത്ത അന്ധകാരമല്ല പരിശുദ്ധരായ ആത്മാക്കൾക്ക് മരണാനന്തരമുണ്ടാകുക. ഏറ്റവും മഹത്തായ സ്വർഗീയ ജീവിതത്തിന്റെ രുചി അവർ ആസ്വദിക്കുന്നു.

മൂസാനബി(അ)നെ നിഷേധിക്കുകയും എതിർക്കുകയും ചെയ്ത ഫിർഔനിന്റെ ജനതയെപ്പറ്റി പരിശുദ്ധക്വുർആൻ പറയുന്നത് നോക്കുക:

"രാവിലെയും വൈകുന്നേരവും തീയിന്മേൽ അവർ പ്രദർശിപ്പിക്കപ്പെടുന്നു; അന്ത്യനാൾ നിലനില്ക്കുന്ന ദിവസം ഫിർഔനിന്റെ ജനതയെ അതികഠിനമായ ശിക്ഷയിൽ പ്രവേശിപ്പിക്കുവിൻ (എന്നു അല്ലാഹു കല്പിക്കും.)" (വി.ക്വു. 40:46)

നരകശിക്ഷയുടെ രുചി മരണാനന്തര ജീവിതത്തിൽ പുനരുത്ഥാന നാൾവരെ അവർ അനുഭവിച്ചുകൊണ്ടിരിക്കും. അവരുടെ ആത്മാക്കൾക്കുണ്ടാകുന്ന അനുഭവമാണിത്. അവർ ജഡത്തോടുകൂടി പുനരുത്ഥാന ദിനത്തിൽ പുനർജീവിപ്പിക്കപ്പെടുന്നതുവരെ അവരുടെ ആത്മാക്കൾ ശിക്ഷിക്കപ്പെടുന്നു എന്നാണ് ക്വുർആൻ നമ്മെ പഠിപ്പിക്കുന്നത്. ഇത് ലോക്കപ്പു മർദനമാണ് എന്നൊന്നും മുറവിളികൂട്ടിയിട്ടു കാര്യമില്ല. വിചാരണക്കു ശേഷമേ ശിക്ഷയുണ്ടാകൂ എന്നൊന്നും അല്ലാഹു നിയമമാക്കിയിട്ടില്ല. മനുഷ്യർ പ്രവർത്തിച്ച് സമ്പാദിച്ച തിന്മകളുടെ തിരിച്ചടി, ഈ ജീവിത

ത്തിൽ തന്നെ അവന് ശിക്ഷയായി വരാറുണ്ട്. മരണത്തിനു ശേഷം അവന്റെ ആത്മാവിനെയും ഇത് ബാധിക്കുന്നു. പുനരുത്ഥാനത്തിൽ അത് പൂർണമായും അവൻ അനുഭവിക്കുന്നു. ഫിർഔനിന്റെ ജനതക്കും ശുഹദാക്കൾക്കും മാത്രം പ്രത്യേകതയുള്ള ഒരു നിലയിലല്ല ആത്മാക്കൾക്കുണ്ടാകുന്ന ഈ ശിക്ഷയും രക്ഷയും. ഓരോ മനുഷ്യാത്മാവും അവൻ സമ്പാദിച്ച നന്മതിന്മകളുടെ തോതനുസരിച്ചുള്ള ശിക്ഷയും രക്ഷയും മരണത്തോടു കൂടിത്തന്നെ അനുഭവിക്കാൻ തുടങ്ങും. ക്വബ്ർ ശിക്ഷയെപ്പറ്റിയും ചോദ്യത്തെപ്പറ്റിയുമുള്ള സ്വഹീഹായ നിരവധി നബിവചനങ്ങളെ വെറുതെയങ്ങ് തള്ളിക്കളയാൻ പറ്റുകയില്ല. അദൃശ്യലോകത്തുണ്ടാകാനിരിക്കുന്ന കാര്യങ്ങളെ നാം നമ്മുടെ യുക്തിക്കും ബുദ്ധിക്കും യോജിക്കുന്നില്ല എന്നുവെച്ച് അങ്ങനെ നിഷേധിക്കാൻ മുതിരുന്നത് തനി അവിശ്വാസത്തിലേക്കുള്ള മാർഗമാണ്.

“അക്രമികൾ മരണവെപ്രാളത്തിലായിരിക്കുമ്പോൾ നീ കാണുന്ന പക്ഷം (കാണാൻ സാധ്യതയില്ല) നിങ്ങളുടെ ആത്മാക്കളെ പുറത്തേക്കു വിടുവീൻ (എന്നു പറഞ്ഞുകൊണ്ട്) മലക്കുകൾ കൈ നീട്ടുന്നതാണ്. അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അസത്യം പറഞ്ഞുകൊണ്ടിരുന്നതിനാലും അവന്റെ ദൃഷ്ടാന്തങ്ങളെ വിട്ട് നിങ്ങൾ അഹങ്കരിച്ചുകൊണ്ടിരുന്നിനാലും ഇന്ന് നിങ്ങൾക്ക് നിന്ദ്യമായ ശിക്ഷ പ്രതിഫലം നല്കപ്പെടുന്നതാണ്.” (വി.ക്വു. 6:93)

‘‘അവിശ്വാസികളെ അവരുടെ മുഖത്തും പുറത്തും അടിച്ചുകൊണ്ടും, കരിക്കുന്ന നരകശിക്ഷ രുചിച്ചുകൊള്ളുക (എന്ന് അവരോട് പറഞ്ഞുകൊണ്ടും) മലക്കുകൾ അവരുടെ ആത്മാക്കളെ പിടിക്കുന്ന സമയം നീ കാണുന്നപക്ഷം! നിങ്ങളുടെ കൈകൾ മുൻകൂട്ടി പ്രവർത്തിച്ചതിന്റെയും, അല്ലാഹു അവന്റെ അടിമകളെ ആക്രമിക്കയില്ല എന്നതിന്റെയും ഫലമാണിത്.” (വി.ക്വു. 8:50,51)

“അപ്പോൾ മലക്കുകൾ അവരുടെ മുഖത്തും പുറത്തും അടിച്ചുകൊണ്ട്, അവരുടെ ആത്മാവിനെ പിടിക്കുമ്പോൾ എങ്ങനെയിരിക്കും? അതെന്തുകൊണ്ടെന്നാൽ അവർ അല്ലാഹുവിനെ കോപിപ്പിച്ച കാര്യങ്ങളെ പിന്തുടരുകയും, അവന്റെ പ്രീതിയെ അവർ വെറുക്കുകയും ചെയ്തു. അതിനാൽ അവരുടെ കർമങ്ങൾ അവൻ വിഫലമാക്കുകയും ചെയ്തു.” (വി.ക്വു. 47:27,28)

## ക്വബ്ർ ശിക്ഷയും ആത്മാവും

മരണത്തോടുകൂടി മനുഷ്യാത്മാവിന്നുണ്ടാകുന്ന അനുഭവങ്ങളാണ് ഈ ആയത്തുകളിൽ വിവരിച്ചിട്ടുള്ളത്. അവിശ്വാസികൾക്കും അക്രമികൾക്കും മരണസമയത്തും അതിനു ശേഷവും മലക്കുകൾ ഏല്പിക്കുന്ന ശിക്ഷ, അവരുടെ ആത്മാക്കൾക്കുള്ളതാണ്. പക്ഷേ അവരുടെ ദേഹത്തിൽ ഏല്ക്കുന്നതുപോലെയാണ് അവർക്ക് അനുഭവപ്പെടുക. ആർക്കും

കാണാൻ സാധിക്കാത്ത അദൃശ്യകാര്യങ്ങളിൽപെട്ടതാണ് ആത്മാക്കൾക്കുണ്ടാകുന്ന ഈ അനുഭവം എന്നതുകൊണ്ടാണ് 'നീ കാണുന്നപക്ഷം' എന്നു പറയുന്നത്! 'കരിക്കുന്ന നരകശിക്ഷ രുചിച്ചുനോക്കുക' എന്ന് ആത്മാക്കളോട് മലക്കുകൾ പറയുകയും, നരകശിക്ഷയുടെ അനുഭവത്തിന്റെ സാമ്പിൾ ആത്മാക്കൾക്ക് നല്കുകയും ചെയ്യുന്നു. ഇതെല്ലാം മനുഷ്യൻ ചെയ്ത അക്രമങ്ങളുടെ പ്രത്യാഘാതം മാത്രമാണ്. അല്ലാഹു അക്രമമായി, വിചാരണകൂടാതെ 'ലോക്കപ്പു മർദനം' നടത്തുന്നതല്ല, ക്വബ്റിലെ ശിക്ഷയെപ്പറ്റിയുളള ഹദീസുകളെല്ലാം ക്വുർആനിന് എതിരാണ് എന്നെല്ലാം പറയുന്നത് എത്ര നിരർഥകമാണ്! യഥാർഥത്തിൽ ക്വുർആനിൽ വന്നിട്ടുള്ളതിന്റെ ശരിയായ വ്യാഖ്യാനങ്ങളും വിവരണങ്ങളുമാണ് ഈ വിഷയത്തിലുള്ള ഹദീസുകൾ. പ്രവാചകന്മാരുടെ നിലപാട് അംഗീകരിക്കുന്ന സത്യവിശ്വാസിക്ക് ഇങ്ങനെ വെക്കുകയല്ലാതെ നിവൃത്തിയില്ല.

അല്ലാഹു അതിനെ മനുഷ്യവിജ്ഞാനത്തിന്റെയും ശാസ്ത്രീയ ഗവേഷണങ്ങളുടെയും പരിധിക്കപ്പുറമാണ് നിറുത്തിയിട്ടുള്ളതെന്ന്, ആത്മാവിനെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ ബോധ്യമാകും. ഒരു വൃദ്ധനായ സ്നേഹിതൻ എന്നോട് ഈയിടെ പറയുകയുണ്ടായി: "എനിക്കിപ്പോൾ മരണത്തെപ്പറ്റി ഒരു പേടിയുമില്ല. മുമ്പെല്ലാം കുറച്ചു പേടിയുണ്ടായിരുന്നു. ഇപ്പോൾ പേടി തീരാൻ കാരണമെന്താണെന്നറിയുമോ? കുറച്ചു മുമ്പ് എനിക്കൊരു ഓപ്പറേഷൻ ഉണ്ടായി. അതിന് എന്നെ ബോധം കെടുത്തി. ഞാൻ പിന്നെ ഒന്നും അറിഞ്ഞില്ല. മരിച്ചാലും അങ്ങനെയായിരിക്കുമല്ലോ! പിന്നെ എന്തിന് പേടിക്കണം?"

ക്വബ്ർ ശിക്ഷ നിഷേധിക്കുന്നവരുടെയും വിചാരം ഏകദേശം ഇതു തന്നെയാണ്. മരണാനന്തരം വെറും ശൂന്യതയാണെന്നാണ് അവരും ധരിച്ചിട്ടുള്ളത്. എന്നാൽ ആത്മാവ് ദേഹത്തിൽ നിന്നു വേർപെടുന്ന ഘട്ടം വരികയും, ബുദ്ധിമണ്ഡലവും ബോധവും ശൂന്യമാവുകയും ചെയ്യുമ്പോൾ ആത്മാവ് ബോധവാനാകുകയും ദൈവോന്മുഖനാകുകയും ചെയ്യുന്നു.

"അത്(ആത്മാവ്) തൊണ്ടയിൽ എത്തിയാൽ നിങ്ങൾ അപ്പോൾ നോക്കിനില്ക്കുന്നു. നാം അവനോട് നിങ്ങളെക്കാൾ ഏറ്റവും അടുത്താണ്; പക്ഷേ നിങ്ങൾ കാണുന്നില്ല. എന്നാൽ നമുക്ക് അധീനമല്ല നിങ്ങൾ എങ്കിൽ എന്തുകൊണ്ട് നിങ്ങൾക്ക് അതിനെ(ആത്മാവിനെ) മടക്കി എടുക്കാൻ സാധിക്കുന്നില്ല. നിങ്ങൾ സത്യവാന്മാരാണെങ്കിൽ." (വി.ക്വു. 56:83-87)

ഈ ഘട്ടത്തിൽ മനുഷ്യന്റെ ബുദ്ധിമണ്ഡലവും ബോധവുമെല്ലാം ശൂന്യമാകുമ്പോൾ മാത്രമാണ് ആത്മാവിന്ന്, മനുഷ്യന്റെ ബുദ്ധിമണ്ഡലത്തിൽ നിന്നും പഞ്ചേന്ദ്രിയങ്ങളുടെ അനുഭൂതിയിൽ നിന്നും എല്ലാം സ്വത

ന്ത്രമായ ബോധം ലഭിക്കുന്നത്. “മലക്കുകൾ കൈ നീട്ടിക്കൊണ്ട്, നിങ്ങളുടെ ആത്മാക്കളെ പുറത്തുവിടൂ” എന്നു പറയുന്ന ആ ഘട്ടത്തിലും, പെട്ടെന്നുള്ള മരണത്തിൽ മരണത്തോടുകൂടിയും ആത്മാവ് സ്വയംബോധമുള്ള നില പ്രാപിക്കുന്നു. സാധാരണ നിലക്ക് മനുഷ്യന്റെ ബുദ്ധിമണ്ഡലവും ബോധവും നിശ്ചലമാകുന്ന അബോധാവസ്ഥയിൽ ആത്മാവിന് ഈ സ്വതന്ത്രമായ ബോധം ഉണ്ടാകുന്നില്ല. ഓപ്പറേഷന് വിധേയനായ സ്നേഹിതന് ബോധം കെടുത്തിയപ്പോൾ, ആ ആത്മാവിന്റെ സ്വതന്ത്രബോധം അനുഭവപ്പെട്ടില്ല. അതാണ് ആത്മാവ് അല്ലാഹുവിന്റെ കാര്യത്തിൽ പെട്ടതാണെന്നും, അറിവിൽ നിന്ന് കുറച്ചു മാത്രമേ മനുഷ്യന് നല്കപ്പെട്ടിട്ടുള്ളുവെന്നും ക്വുർആൻ പഠിപ്പിക്കുന്നത്.

പുനരുത്ഥാന നാളിൽ പരലോകത്ത് ആത്മാക്കളും ജഡങ്ങളുമായിണക്കപ്പെടുമ്പോൾ ആത്മാവ് വീണ്ടും മനുഷ്യന്റെ ബുദ്ധിമണ്ഡലവുമായി ബന്ധപ്പെടുന്നു. പഞ്ചേന്ദ്രിയങ്ങളിൽ കൂടിയുള്ള പരിസരത്തെപ്പറ്റിയുള്ള അനുഭൂതികൾ ഉൾക്കൊള്ളാൻ തുടങ്ങുന്നു. പുനരുത്ഥാന നാളിലെ ഭയങ്കരമായ അനുഭവങ്ങളും ബേജാറും കഴിഞ്ഞുപോയതിനെയെല്ലാം നിസ്സാരമാക്കുന്ന തരത്തിലുള്ളതാണ്. ഇടക്കാലത്തുണ്ടായ ശിക്ഷയും തിക്താനുഭവങ്ങളുമെല്ലാം മറപ്പിക്കുന്ന തരത്തിൽ അത്ര ഭയങ്കരമാണ് അന്നത്തെ അനുഭവങ്ങൾ. കഴിഞ്ഞതെല്ലാം ഉറക്കത്തിലുണ്ടായ അനുഭവങ്ങൾ പോലെ തോന്നും.

“അവർ പറയും: ആരാണ് നമ്മെ ഉറക്കത്തിൽ നിന്ന് ഉണർത്തിയത്? (വിശ്വാസികൾ പറഞ്ഞു) ഇതായിരുന്നു പരമകാരുണികൻ വാഗ്ദത്തം ചെയ്തത്. പ്രവാചകന്മാർ സത്യമായും പറഞ്ഞിരുന്നത്.” (വി.ക്വു. 36:52)

ഈ ലോകത്തെ ജീവിതം വളരെ കുറഞ്ഞ സമയം മാത്രമേ ഉണ്ടായിട്ടുള്ളൂ എന്ന് അവർക്ക് തോന്നും. പരലോകത്തിന്റെ ഭയങ്കരതയും ദൈർഘ്യവും അനന്തതയും അവരുടെ മുമ്പിലുള്ളപ്പോൾ, കഴിഞ്ഞതെല്ലാം നിസ്സാരമായിട്ടേ തോന്നുകയുള്ളൂ.

“ഭൂമിയിൽ നിങ്ങൾ താമസിച്ച കൊല്ലങ്ങളുടെ എണ്ണമെത്രയെന്ന് അല്ലാഹു ചോദിക്കും. അവർ പറയും: ഞങ്ങൾ ഒരു ദിവസമോ, അല്ലെങ്കിൽ അല്പസമയമോ താമസിച്ചു. എണ്ണുന്നവരോടു ചോദിച്ചു നോക്കുക.” (വി.ക്വു. 23:112,113)

മരണത്തിനും പുനരുത്ഥാനത്തിനും ഇടയിൽ ഒരു ശിക്ഷയും ഉണ്ടാകുകയില്ല എന്നതിന് തെളിവായിട്ട് പരലോകത്തുവെച്ച് പറയുന്ന ഇത്തരം കാര്യങ്ങൾ എടുത്തുപറയുന്നതിൽ അർഥമില്ല. ഫിർഔനിന്റെ കൂട്ടുകാർക്ക് പുനരുത്ഥാന ദിവസം വരെയുള്ള ശിക്ഷയെപ്പറ്റി ക്വുർആൻ പ്രസ്താവിച്ചത് നാം കണ്ടല്ലോ. അവരും മഹ്ശറിൽ വെച്ച് ആ ശിക്ഷയെപ്പറ്റി പറയുന്നില്ല. അതുകൊണ്ട് അതില്ല എന്നു വെക്കാൻ പറ്റുമോ?

മരണത്തോടുകൂടി എല്ലാം കഴിഞ്ഞു. പിന്നെ വെറും ശൂന്യതയാണ്,

ആത്മാവ് എന്നൊന്നില്ല എന്നെല്ലാം പറയുന്നത് ഭൗതികവാദത്തിലേക്കുള്ള കാൽവെപ്പാണ്. മരണത്തിനുശേഷം ആത്മാവ് എന്നൊന്ന് ബാക്കിയാകുന്നുണ്ടെങ്കിൽ, അതിന് എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടാകണം. അദൃശ്യമായ ഇത്തരം കാര്യങ്ങളെപ്പറ്റി അല്ലാഹുവും പ്രവാചകനും നമുക്ക് അറിയിച്ചുതന്നത് അപ്പടി സ്വീകരിക്കുകയല്ലാതെ നമുക്ക് നിവൃത്തിയില്ല. നമ്മുടെ സ്വന്തം അനുമാനങ്ങളും ഭാവനകളും നമ്മെ ആപത്തിലേക്കാണ് എത്തിക്കുക.

"തമ്മത്തമ്മിൽ മേന്മ നടിക്കൽ നിങ്ങളെ അശ്രദ്ധരാക്കിക്കളഞ്ഞു; നിങ്ങൾ ക്വബ്റുകൾ സന്ദർശിക്കുന്നതുവരെ! അങ്ങനെ വേണ്ട; പിന്നീട് നിങ്ങൾ അറിയും." (വി.ക്വു. 102:1-3)

## പിശാചിന്റെ വലകൾ

പുനരുത്ഥാനവും പരലോകവും നിലവിൽവരും എന്ന കാര്യം അല്ലാഹു ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദത്തം സത്യമാണെന്ന കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. പക്ഷേ ഈലോക ജീവിതത്തിന്റെ ലഹരിയും മഹാവഞ്ചകനും അദൃശ്യനുമായ പിശാച് ഈ മഹാസത്യത്തെ നിഷേധിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. ജിന്നിൽ നിന്നുള്ള ഇബ്‌ലീസും അവന്റെ കൂട്ടുകാരും, മനുഷ്യർക്ക് ഈലോക ജീവിതത്തെ സുന്ദരമായും അനശ്വര തുല്യമായും മനസ്സിൽ തോന്നിപ്പിക്കുകയും പരലോക ജീവിതത്തിലും പുനരുത്ഥാനത്തിലും അവിശ്വാസം ജനിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധക്വുർആൻ മനുഷ്യനു നല്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു മുന്നറിയിപ്പും വിജ്ഞാനവുമാണ് ഇബ്‌ലീസിനെയും കൂട്ടാളികളെയും സംബന്ധിച്ച് അതു നല്കുന്ന വിവരണങ്ങൾ. പിശാചുക്കൾ (ജിന്നുകളിൽ പെട്ടത്), അദൃശ്യരാണെങ്കിലും അവരുടെ പ്രവർത്തനങ്ങൾ വളരെ വ്യക്തവും ദൃശ്യവുമാണ്. "തീർച്ചയായും പിശാച് നിങ്ങൾക്ക് ശത്രുവാണ്. അവനെ ശത്രുവായിത്തന്നെ വെക്കുക. നരകവാസികളാകാൻ വേണ്ടി മാത്രമാണ് അവൻ തന്റെ പാർട്ടിയെ ക്ഷണിക്കുന്നത്." (വി.ക്വു. 35:6)

പിശാചിന്റെ വഞ്ചനയിൽ പെടാതിരിക്കണമെങ്കിൽ, അവന്റെ പ്രവർത്തനങ്ങളും പരിപാടികളും മനസ്സിലാക്കേണ്ടതുണ്ട്. വളരെ വിപുലവും സാർവത്രികവുമാണ് പിശാചിന്റെ പ്രവർത്തനം. മനുഷ്യരെ എല്ലാ മണ്ഡലങ്ങളിലും വഴിതെറ്റിക്കാൻ അവൻ ശ്രമിക്കുന്നു. മനുഷ്യന്റെ ആരാധനയുടെ കാര്യത്തിലാണ് അവൻ ഏറ്റവുമധികം പാടുപെട്ട് വഴിപിഴപ്പിക്കാൻ ശ്രമിക്കുന്നത്. അതിന്റെ ഫലമായി ബുദ്ധിയും വിവേകവുമെല്ലാമുള്ള മനുഷ്യർ പോലും വളരെയധികം വഴിതെറ്റിപ്പോകുന്നു. ആരാധനയുടെ കാര്യത്തിൽ യാതൊരു തന്റേടവുമില്ലാതെ, എന്തിനെയെങ്കിലും എങ്ങനെയെങ്കിലും ആരാധിക്കുക എന്ന സ്വഭാവം, മനുഷ്യരുടെ ഇടയിൽ വളരെ വിപുലമായി പടർന്നുപിടിക്കാൻ കാരണം പിശാചിന്റെ

പ്രവർത്തനമാണ്. ഇത് വളരെവലിയ ഒരു വിഷയമാണ്. അത് സ്വന്തമായിത്തന്നെ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഇവിടെ ഈ കാര്യം എടുത്തു പറയുന്നത്. പിശാച് അദൃശ്യനാണെങ്കിലും, അവന്റെ പ്രവർത്തനം മനുഷ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വിശേഷിച്ച് 'ആരാധന'യുടെ മണ്ഡലത്തിൽ വളരെ ദൃശ്യവും വ്യക്തവുമാണ് എന്ന് ചൂണ്ടിക്കാണിക്കാനാണ്. അല്ലാഹുവല്ലാത്തവരോടുള്ള എല്ലാ ആരാധനകളുടെയും പിന്നിൽ പിശാചിന്റെ കൈയുണ്ട്. രാഷ്ട്രീയത്തിലും സാഹിത്യത്തിലും കലയിലും എല്ലാ മണ്ഡലങ്ങളിലും അവന്റെ പ്രേരണയും പ്രവർത്തനവും കാണാം. പരിശുദ്ധ ക്വുർആൻ ഈ വിഷയത്തിൽ തരുന്ന മുന്നറിയിപ്പ് വകവെക്കാതെ, പിശാചിനെത്തന്നെ നിഷേധിക്കുന്നവർക്ക് ഒരിക്കലും നേർമാർഗം പ്രാപിക്കുവാൻ സാധ്യമാകില്ല. ജിന്നിൽ നിന്നുള്ള അദൃശ്യനായ പിശാചിനെ നിഷേധിക്കൽ, ഗ്വയ്ബ് മുഴുവൻ നിഷേധിക്കുന്നതിനുള്ള ചവിട്ടുപടിയാണെന്നത് വളരെ അർഥവത്താണ്. 'ഗ്വയ്ബി'നെപ്പറ്റി പ്രതിപാദിക്കുമ്പോൾ, ശൈത്വാനെപ്പറ്റിയും ജിന്നിനെപ്പറ്റിയും ക്വുർആൻ പറയുന്ന കാര്യങ്ങൾ തീരെ അവഗണിക്കാൻ പറ്റുകയില്ലല്ലോ. അതുകൊണ്ട് ആ വിഷയം ഒന്നു തൊട്ടുപോകുന്നു എന്ന് മാത്രം.

"മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ നാഥനെ സൂക്ഷിക്കുക: ഒരു പിതാവും തന്റെ മകന് യാതൊരുപകാരവും ചെയ്യാത്തതും, ഒരു മകനും പിതാവിനൊരുപകാരവും ചെയ്യാത്തതുമായ ദിവസത്തെ നിങ്ങൾ ഭയപ്പെടുവിൻ! നിശ്ചയം, അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. അതുകൊണ്ട് ഐഹികജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ; മഹാ വഞ്ചകൻ(പിശാച്) നിങ്ങളെ അല്ലാഹുവിനെക്കുറിച്ച് വഞ്ചിക്കാതിരിക്കട്ടെ; നിശ്ചയം അല്ലാഹു, അവന്റെയടുക്കൽ മാത്രമാണ് അന്ത്യനാളിനെപ്പറ്റിയുള്ള അറിവ്. മഴ അവൻ ഇറക്കുന്നു. ഗർഭാശയങ്ങളിലുള്ളത് അവൻ അറിയുന്നു. നാളെ താനെന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുന്നില്ല. ഏത് സ്ഥലത്തുവെച്ചാണ് താൻ മരിക്കുകയെന്നും ഒരാളും അറിയുന്നില്ല. അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു; തീർച്ച." (വി.ക്വു.31:34)

# അദൃശ്യം
# ഇസ്‌ലാമും ഇതരരും

ഈ വലിയ വിഷയത്തിന്റെ ഒരു വശത്തു കൂടി ചില കാര്യങ്ങളെല്ലാം ഭാഗികമായി പ്രതിപാദിച്ചുകൊണ്ട് പോകുവാനേ എനിക്കു സാധിച്ചിട്ടുള്ളൂ. പരിശുദ്ധ ക്വുർആനും നബിവചനങ്ങളും ഈ വിഷയകമായി മനുഷ്യർക്കുതന്ന വിജ്ഞാനത്തിന്റെ എല്ലാ വശങ്ങളും സ്പർശിക്കാൻ തന്നെ എനിക്ക് സാധിച്ചിട്ടില്ല. എല്ലാ മതങ്ങളും അദൃശ്യമായതിനെപ്പറ്റിയുള്ള പല തരം വിശ്വാസങ്ങളിന്മേലാണ് നിലകൊള്ളുന്നത്. പലതരം കെട്ടുകഥകളും ഐതിഹ്യങ്ങളും  ഊഹാപോഹങ്ങളും അദൃശ്യലോകത്തെപ്പറ്റി മനുഷ്യരുടെ ഭാവനകൾ നിർമിച്ചുണ്ടാക്കിയിട്ടുണ്ട്. ഗ്രീക്ക് മിത്തോളജിയും ഹിന്ദു മിത്തോളജിയും പൗരാണിക ഈജിപ്ത്യൻ മിത്തോളജിയും മറ്റു പല തരം മിത്തോളജികളും എല്ലാംകൂടി ലൈബ്രറികൾ നിറയ്ക്കാൻ മാത്രം ഗ്രന്ഥങ്ങൾ ഈ വിഷയകമായുണ്ടായിരിക്കും. ഇവയെല്ലാം കവികളുടെയും സാഹിത്യകാരന്മാരുടെയും ഭാവനകളും കെട്ടുകഥകളുമാണെന്ന് കുറച്ചു ചിന്തിക്കുന്നവർക്കെല്ലാം മനസ്സിലാകും.

## അദൃശ്യത്തെക്കുറിച്ച മുന്നറിയിപ്പുകൾ

'അദൃശ്യ'മായതിനെപ്പറ്റി ക്വുർആൻ തരുന്ന മുന്നറിയിപ്പുകളും വിജ്ഞാനങ്ങളും ഈ വകുപ്പിൽ തന്നെ പെടുത്തി അവഗണിച്ചുകളയുക എന്ന അബദ്ധം മനുഷ്യരിലുള്ള ഭൂരിപക്ഷം ബുദ്ധിജീവികൾക്കും പിണഞ്ഞുപോകുന്നു എന്നതാണ് ഏറ്റവും പരിതാപകരമായിട്ടുള്ളത്. അദൃശ്യലോകത്തെ ദേവീദേവന്മാരെപ്പറ്റിയും അവരുടെ എണ്ണമറ്റ ചെയ്തികളെപ്പറ്റിയും വായിച്ചും കേട്ടും മടുത്ത്  അദൃശ്യമായ യാതൊന്നും തന്നെ ഇല്ല എന്ന നിഗമനത്തിലേക്കാണ് അവർ നീങ്ങിയത്. നാം കാണുന്ന പ്രപഞ്ചം മാത്രമാണ് യാഥാർഥ്യമെന്നും ശാസ്ത്രീയ ഗവേഷണങ്ങളിൽക്കൂടി അതിനെപ്പറ്റി നമുക്കുണ്ടാവുന്ന അറിവു മാത്രമാണ് സത്യമെന്നും വേറെയുള്ളതെല്ലാം കെട്ടുകഥകളാണെന്നും മറ്റുമാണ് അവരുടെ നിലപാട്. അദൃശ്യലോകത്തെപ്പറ്റി കേൾക്കുന്നതെല്ലാം വിശ്വസിക്കുന്ന അന്ധതയുടെയും ഒന്നും വിശ്വസിക്കാത്ത അന്ധതയുടെയും ഇടയിലാണ് സത്യം നിലകൊള്ളുന്നത്. പ്രവാചകന്മാർ മുഖേന അല്ലാഹു മനുഷ്യർക്ക് എത്തിച്ചുകൊടുത്ത അദൃശ്യമായതിനെപ്പറ്റിയുള്ള വിജ്ഞാനത്തിൽകൂടി

മനുഷ്യരും പിശാചും അവരുടെ ഭാവനകളും കെട്ടുകഥകളും ഐതി ഹ്യങ്ങളും കൂടിച്ചേർത്തുണ്ടാക്കിയതായിരിക്കാം പൗരാണിക മിത്തോള ജികളെല്ലാം! പ്രവാചകന്മാരുടെ സന്ദേശം തീരെ ഗ്രസിക്കപ്പെടാത്തവണ്ണം പൈശാചിക ഭാവനകളും കെട്ടുകഥകളും സമൃദ്ധമായി വികസിക്കു കയും ചെയ്തിരിക്കാം. എന്നാൽ ആത്മാർഥതയുള്ള ഒരു സത്യാന്വേഷിക്ക് കലർപ്പ് ചേരാത്ത, ഒരക്ഷരത്തിന് വ്യത്യാസം വരാത്ത ദൈവിക സന്ദേശം ഇതാ ഇവിടെയുണ്ട്; അതാണ് പരിശുദ്ധ ക്വുർആൻ!

പ്രപഞ്ചകർത്താവായ അല്ലാഹുവിങ്കൽനിന്ന് മനുഷ്യവർഗത്തിന് വന്നിട്ടുള്ള മഹാസന്ദേശമാണത്. 'ഗ്വയ്ബി'നെപ്പറ്റിയുള്ള സത്യം, സത്യം മാത്രം! യാതൊരു വക്രതയുമില്ലാതെ ലളിതമായ ശൈലിയിൽ ആശയ ഗാംഭീര്യത്തോടെ അത് പ്രതിപാദിക്കുന്നു. ഈ ആശ്ചര്യകരമായ പ്രപ ഞ്ചത്തിന്റെയും ആസ്തിക്യത്തിന്റെയും ജീവിതത്തിന്റെയുമെല്ലാം പിന്നി ലുള്ള രഹസ്യവും അർഥവും ലക്ഷ്യവുമെല്ലാം എന്താണ് എന്ന് ചിന്തിച്ച് അറ്റം കിട്ടാത്ത സത്യാന്വേഷിക്ക് അത് വ്യക്തമായ ഉത്തരം നല്കുന്നു. അത് സ്വയം പ്രകാശിതമാണ്. അല്ലാഹുവിങ്കൽ നിന്നുള്ളതിന് അതുതന്നെ സാക്ഷ്യം വഹിക്കുന്നു. ഈ പ്രപഞ്ചവും അതിലുള്ള സൃഷ്ടികളും ഓരോ പരമാണുവുമെല്ലാം എത്ര വ്യക്തമായി അവരുടെ സ്രഷ്ടാവായ, അദൃശ്യനായ അല്ലാഹുവിങ്കലേക്ക് വിരൽ ചൂണ്ടുന്നുവോ, അതിലെല്ലാം പതിന്മടങ്ങ് വ്യക്തമായും ശക്തമായും 'പരിശുദ്ധ ക്വുർആൻ' അതിന്റെ വക്താവായ അല്ലാഹുവിങ്കലേക്ക് ചൂണ്ടുന്നു. അതിലെ ഓരോ വാചകവും അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങളാണ്; അവന്റെ വചനങ്ങളാണ്! ആത്മാർഥതയുള്ള അഹംഭാവമില്ലാത്ത സത്യാന്വേഷിയായ ഒരു മനു ഷ്യന് പരിശുദ്ധ ക്വുർആൻ പരിശോധിച്ചാൽ വ്യക്തമായി മനസ്സിലാ ക്കാവുന്ന കാര്യങ്ങൾ മാത്രമാണിതെല്ലാം. പരിശുദ്ധ ക്വുർആൻ അല്ലാ ഹുവിങ്കൽ നിന്നുള്ള ഗ്രന്ഥമാണ് എന്ന് ബോധ്യപ്പെട്ടാൽ, അത് ശരിക്കും ദൃഢമായി വിശ്വസിച്ചാൽ എല്ലാം ശരിപ്പെട്ടു എന്നുതന്നെ പറയാം.

മുഹമ്മദ് നബി(സ്വ) അല്ലാഹുവിന്റെ പ്രവാചകനാണെന്ന കാര്യ ത്തിൽ പിന്നെ  സംശയമില്ലല്ലോ. നബി(സ്വ)യുടെ ജീവിതവും സത്യസ ന്ധതയും വിശ്വസ്തതയുമെല്ലാം അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്നും ക്വുർആന്റെ ദൈവികത്വത്തിന്നും തെളിവാകുന്നു. എന്നാൽ അതിനേ ക്കാൾ ഉപരിയായി ക്വുർആന്റെ ദൈവികത്വം പ്രവാചകത്വത്തിന്നുള്ള തെളിവുമായിത്തീരുന്നു. രണ്ടും പരസ്പരം ശക്തിപ്പെടുത്തുന്നു! രണ്ടും കൂടി അല്ലാഹുവിലുള്ള വിശ്വാസത്തെ പിന്നെയും ശക്തിപ്പെടുത്തുന്നു. പുനരുത്ഥാനത്തിലും പരലോകത്തിലും വിചാരണയിലും നരകശിക്ഷ യിലും സ്വർഗസുഖത്തിലും എല്ലാമുള്ള 'ഗ്വയ്ബി'ലുള്ള വിശ്വാസത്തിന്റെ എല്ലാ വശങ്ങളും പരിശുദ്ധ ക്വുർആൻ അല്ലാഹുവിങ്കൽ നിന്നുള്ള ഗ്രന്ഥ മാണ് എന്ന് വ്യക്തമായ സത്യത്തിന്മേൽ അധിഷ്ഠിതമാണ്. ആ സത്യം ഇന്നും വ്യക്തമായിത്തന്നെ നിലകൊള്ളുന്നു. പ്രപഞ്ചകർത്താവായ അല്ലാ

ഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തമായും അവനെ കണ്ടുമുട്ടുന്നതിനെപ്പറ്റി ദൃഢമായ വിശ്വാസം നല്കുന്ന ലക്ഷ്യമായും അത് ഇന്നും നിലകൊള്ളുന്നു.

'നിങ്ങൾ നിങ്ങളുടെ നാഥനെ കണ്ടുമുട്ടുന്നതിൽ ദൃഢമായി വിശ്വസിക്കാൻ തക്കവണ്ണം അവൻ ലക്ഷ്യങ്ങൾ വിശദീകരിക്കുന്നു.' (വി.ക്വു. 13:2)

ജീവിതത്തെയും പ്രപഞ്ചത്തെയും ഗൗരവത്തോടെ വീക്ഷിക്കുന്ന സത്യാന്വേഷിയായ ഒരു മനുഷ്യന്, ഈ പ്രപഞ്ചത്തിന്റെ അർഥവും ലക്ഷ്യവുമെല്ലാം എന്താണ് എന്ന് ആത്മാർഥമായും അറിയാൻ ആഗ്രഹിക്കുന്ന ചിന്താശീലനായ മനുഷ്യന് ഈ പ്രപഞ്ചത്തിന്റെ പിന്നിൽ മറഞ്ഞുകിടക്കുന്ന ഗ്വയ്ബിനെപ്പറ്റി അവൻ മനസ്സിലാക്കേണ്ട കാര്യങ്ങൾ അവന് ദൃഢവിശ്വാസം വരത്തക്കവണ്ണം പരിശുദ്ധ ക്വുർആൻ വിശദീകരിച്ചുകൊടുത്തു. ഇസ്‌ലാമിന്റെ അടിസ്ഥാനമായ ഗ്വയ്ബിലുള്ള വിശ്വാസം വെറും അന്ധമായ വിശ്വാസമല്ല. ശരിയായ നിലക്ക് ബുദ്ധിയും യുക്തിയും ഉപയോഗിച്ച്, സംഗതികളുടെ എല്ലാ വശങ്ങളും കണക്കിലെടുത്തുകൊണ്ട് ആഴത്തിൽ ചിന്തിക്കുന്ന മനുഷ്യന് പരിശുദ്ധ ക്വുർആൻ പ്രപഞ്ചസ്രഷ്ടാവായ അല്ലാഹുവിങ്കൽനിന്നുള്ള ഗ്രന്ഥമാണെന്ന് സംശയാതീതമായി ബോധ്യപ്പെടുന്നു. ആ ഗ്രന്ഥം തരുന്ന വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിലാണ് ആ വിശ്വാസം നിലകൊള്ളുന്നത്.

"പറയുക: ഇതാണ് എന്റെ മാർഗം. തെളിവുസഹിതം അല്ലാഹുവിങ്കലേക്ക് ഞാൻ ക്ഷണിക്കുന്നു; ഞാനും എന്നെ പിന്തുടർന്നവരും. അല്ലാഹു പരിശുദ്ധനാകുന്നു; ഞാൻ ബഹുദൈവ വിശ്വാസികളിൽ പെട്ടവനുമല്ല." (വി.ക്വു. 12:108)

## അടിസ്ഥാനം ഗ്വയ്ബിലുള്ള വിശ്വാസം തന്നെ

മതങ്ങളുടെയെല്ലാം അടിസ്ഥാനം ഏതെങ്കിലും തരത്തിലുള്ള ഗ്വയ്ബിലുള്ള വിശ്വാസമാണ്. മതം മതമാകുന്നതു തന്നെ ഇതുകൊണ്ടാണ്. കർമങ്ങളുടെ വെറും ലൗകികവും ഭൗതികവുമായ ഫലങ്ങളിലും പ്രത്യാഘാതങ്ങളിലും വിശ്വാസമർപ്പിച്ചുകൊണ്ടുള്ള പ്രസ്ഥാനങ്ങളോ പ്രത്യയ ശാസ്ത്രങ്ങളോ മതങ്ങളായിത്തീരുന്നില്ല. കർമങ്ങളുടെ അദൃശ്യവും പാരത്രികവുമായ ഫലങ്ങളിലും പ്രത്യാഘാതങ്ങളിലും വിശ്വസിക്കുമ്പോഴേ മതത്തിന്റെ പ്രശ്നം ഉണ്ടാകുന്നുള്ളൂ. ഭൗതികവാദികളായ സോഷ്യലിസ്റ്റുകളോ കമ്യൂണിസ്റ്റുകളോ ഡമോക്രാറ്റുകളോ വെറും ലൗകികവും ഭൗതികവുമായ ലക്ഷ്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ അത് അവരുടെ 'ദീൻ' ആണെന്ന് പറയുന്നത് ദീനിന്റെ അടിസ്ഥാന സ്വഭാവം ഗ്രഹിക്കാത്തതുകൊണ്ടാണ്. സോഷ്യലിസ്റ്റ് ദീൻ, കമ്യൂണിസ്റ്റ് ദീൻ എന്നെല്ലാം ഒന്നായിപ്പറഞ്ഞ് എല്ലാറ്റിനെയും 'ദീൻ' ആക്കാൻ ശ്രമിച്ചവരുണ്ട്. ദീൻ എന്നു പറയുന്നത് ഗ്വയ്ബിലുള്ള വിശ്വാസത്തിന്റെ

അടിസ്ഥാനത്തിൽ ജീവിതത്തെ നിയന്ത്രിക്കുന്നതിന്നാണ്. ഒരാൾ വെറും ആരോഗ്യപരമായ ഉദ്ദേശ്യത്തോടെ ജീവിതത്തെ നല്ല നിലക്ക് ചിട്ടപ്പെടുത്തി ഭക്ഷണവും വ്യായാമവും മറ്റെല്ലാ കാര്യങ്ങളും വളരെ നിയന്ത്രണത്തിൽ കൊണ്ടുപോയാൽ അത് അയാളുടെ 'ദീൻ' ആകുകയില്ല. ഇതേ കാര്യം തന്നെ തൃപ്തിയും അനുഗ്രഹവും ആശിച്ചുകൊണ്ടും ലക്ഷ്യം വെച്ചുകൊണ്ടും ആകുമ്പോൾ അത് അവന്റെ ദീൻ തന്നെയായിത്തീരുന്നു! നയതന്ത്ര പ്രതിനിധികളും അമ്പാസഡർമാരും മറ്റും വളരെനല്ല നിലക്ക് പ്രോട്ടോകോൾ മര്യാദകൾ പാലിക്കും. യാതൊരു മര്യാദയും പെരുമാറ്റവും ആതിഥേയ സൽക്കാരവും മറ്റും ഏത് മതവിശ്വാസിയെയും ആശ്ചര്യപ്പെടുത്തുന്ന തരത്തിലുള്ളതായേക്കും. വെറും ഭൗതികവും ലൗകികവും ദൃശ്യവുമായ ലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ള ഇത്തരം കാര്യങ്ങളൊന്നും 'മത'മായിത്തീരുന്നില്ല. ഗ്വയ്ബിനെ സംബന്ധിച്ച തെറ്റായ ധാരണകളുടെയും ഊഹാപോഹങ്ങളുടെയും അടിസ്ഥാനത്തിൽ പിശാചിന്റെ പ്രേരണക്ക് വിധേയരായി മനുഷ്യർ പലവിധ മതവിശ്വാസങ്ങളിലും ആചാരങ്ങളിലും എത്തിച്ചേരുന്നു. ബഹുദൈവ വിശ്വാസവും, ദൈവ സന്താനങ്ങളെപ്പറ്റിയുള്ള വിശ്വാസവും, ക്വബ്റാരാധനയും മറ്റു പലതരം അനാചാരങ്ങളുമെല്ലാം ഇങ്ങനെ വളർന്നുവന്നതാണ്.

ഇസ്‌ലാമിന്റെ അടിസ്ഥാനം ഗ്വയ്ബിനെ സംബന്ധിച്ച കലർപ്പു ചേരാത്ത സത്യവിശ്വാസമാണ്. അദൃശ്യനായ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടും, അവൻ അദൃശ്യലോകത്ത് വാഗ്ദത്തം ചെയ്തിട്ടുള്ള സ്വർഗത്തെ ആശിച്ചുകൊണ്ടും, നരകശിക്ഷയെ പേടിച്ചുകൊണ്ടും, കർമങ്ങളുടെ അദൃശ്യവും പാരത്രികവുമായ ഫലങ്ങളെയും പ്രത്യാഘാതങ്ങളെയും കണക്കിലെടുത്തുകൊണ്ടും ഈ ജീവിതത്തെ അല്ലാഹുവിന്റെ കല്പനക്കനുസരിച്ച് നയിക്കുന്നതിന്നാണ് 'ഇസ്‌ലാം ദീൻ' എന്ന് പറയുന്നത്. അല്ലാഹുവിന്റെ പ്രതിഫലം ആശിച്ചുകൊണ്ടും പാപമോചനം ഉദ്ദേശിച്ചുകൊണ്ടും നോമ്പു പിടിച്ച ഒരു മനുഷ്യന്റെ വയറ്റിൽ വേദനയും മറ്റു രോഗങ്ങളും സുഖപ്പെട്ടു എന്നു വരാം. ഇതറിഞ്ഞ ഒരുത്തൻ വയറ്റിൽ വേദന സുഖപ്പെടാൻ നോമ്പു പിടിച്ചാൽ അത് അവന്റെ ദീൻ കാര്യമാകുന്നില്ല. വയറ്റിൽ വേദന സുഖപ്പെടാൻ നോമ്പു പിടിക്കലാണ് ദീൻ എന്ന് ധരിക്കുന്നവൻ ദീൻ എന്നാൽ ഒരു ചികിത്സാസമ്പ്രദായമാണ് എന്ന നിഗമനത്തിലെത്തും! എന്നിട്ട് അലോപതിക് ദീൻ, ഹോമിയോപതിക് ദീൻ, ആയുർവേദ ദീൻ എന്നെല്ലാം പറയാൻ തുടങ്ങിയേക്കും. ദീൻ എന്നാൽ 'സ്റ്റേറ്റ്' എന്നാണ് ഉദ്ദേശ്യം എന്നു പറയുന്നതും ദീൻ എന്നാൽ ചികിത്സാസമ്പ്രദായം എന്നാണ് ഉദ്ദേശ്യം എന്നു പറയുന്നതും തമ്മിൽ വലിയ വ്യത്യാസങ്ങളൊന്നുമില്ല.

## ഭൂമിയിൽ സ്വർഗരാജ്യം പണിയുന്നവരോട്

ഗ്വയ്ബിലുള്ള വിശ്വാസമാണ് ഇസ്‌ലാമിന്റെ അടിസ്ഥാനം. ചിലർക്ക്

ഈ വിശ്വാസത്തിന് കമ്മി വരുമ്പോൾ ഇസ്‌ലാമിന്റെ ഭൗതികവും ലൗകികവുമായ നേട്ടങ്ങൾക്കുള്ള പ്രധാന്യം പതിന്മടങ്ങ് വർധിക്കുന്നു. അവയുടെ മഹത്വവും പ്രാധാന്യവും അതിശയോക്തിയോടെ പ്രതിപാദിക്കുമ്പോൾ ഇസ്‌ലാമിനെപ്പറ്റിയുള്ള ഈ പ്രശംസ ആളുകളെ വഞ്ചിതരാക്കുന്നു. ഈലോക ജീവിതം സമാധാനപൂർണവും സമ്പന്നവുമാക്കാനുള്ള ഒരു പരിപൂർണ ജീവിതപദ്ധതിയായി 'ഇസ്‌ലാം' അവതരിപ്പിക്കപ്പെടുന്നു. പിന്നെ അത് സത്യപ്രസ്ഥാനമായി മാറുന്നു. 'ഇസ്‌ലാം മതം' എന്ന് പറയുന്നത് തന്നെ പഴഞ്ചനായിത്തീരുന്നു. പിന്നെ ഈ ലോകത്തിലെ സാമ്പത്തികവും സാമൂഹികവും സാമുദായികവുമായ എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് 'സ്വർഗ രാജ്യം' ഭൂമിയിൽ തന്നെ സ്ഥാപിക്കാനുള്ള ഒരു പ്രസ്ഥാനമായി ഇസ്‌ലാം പുനഃസ്ഥാപിക്കപ്പെടുകയുണ്ടായി. പ്രസ്ഥാനം എന്ന് പറയുമ്പോൾ തന്നെ അത് മനുഷ്യനിർമിതമാണെന്ന് ധ്വനിപ്പിക്കുന്നു. പല പ്രസ്ഥാനങ്ങളും ഉടലെടുക്കുന്നു, നശിക്കുന്നു. ലൗകികവും ഭൗതികവുമായ പല ലക്ഷ്യങ്ങൾക്കുവേണ്ടി ഉടലെടുക്കുന്നവയാണ് ഈ പ്രസ്ഥാനങ്ങളെല്ലാം; ചിട്ടിപ്രസ്ഥാനം മുതൽ കമ്യൂണിസ്റ്റ് പ്രസ്ഥാനം വരെ. ഇസ്‌ലാമിനെ ഇങ്ങനെ ഒരു പ്രസ്ഥാനമാക്കി ചിത്രീകരിക്കുന്നതു തന്നെ അതിന്റെ ഗ്വയ്ബിലുള്ള വിശ്വാസം എന്ന അടിസ്ഥാനം തീരെ മറന്നുപോകുന്നതുകൊണ്ടാണ്. അല്ലാഹു മുഹമ്മദ് നബി(സ്വ)ക്ക് ഈ പ്രസ്ഥാനം വഹ്‌യായി ഇറക്കിക്കൊടുത്തു എന്ന് പറയാൻ പറ്റുമോ? മുഹമ്മദ് നബി(സ്വ) സ്വന്തം നിലക്ക് അറബികളെ ഉദ്ധരിക്കാൻ തുടങ്ങിയതാണ് ഇസ്‌ലാമെങ്കിൽ അതിനെ ഒരു പ്രസ്ഥാനമെന്ന് പറയാമായിരുന്നു– ഒരു പദത്തിന്മേൽ അത്ര കാര്യമായി പിടിക്കുന്നില്ല– ഏതായാലും ഇവർക്ക് സോഷ്യലിസ്റ്റ് ദീനും കമ്യൂണിസ്റ്റ് ദീനും ജനാധിപത്യ ദീനും പോലെ ഇസ്‌ലാം ദീനും ഗ്വയ്ബിലുള്ള വിശ്വാസമില്ലാത്ത 'ദീൻ' അല്ലെങ്കിൽ 'പ്രസ്ഥാന' മായി മാറുന്നതു സൂക്ഷിക്കണം. മനുഷ്യരുടെ നാവുകളിൽ നിന്ന് പുറപ്പെടുന്നത് ചിലപ്പോൾ അല്ലാഹു യാഥാർഥ്യമാക്കിക്കളയും!

ഇസ്‌ലാമിന്റെ അടിസ്ഥാനമായ ഗ്വയ്ബിലുള്ള വിശ്വാസത്തിന് ഇടിവ് പറ്റുമ്പോൾ ഇസ്‌ലാമിന്റെ ഭൗതികവും ലൗകികവുമായ നേട്ടങ്ങളുടെ വശങ്ങൾക്ക് അതിൽ കവിഞ്ഞ പ്രാധാന്യം ലഭിക്കുന്നുവെന്ന് പറഞ്ഞുവല്ലോ. നമസ്കാരത്തെപ്പറ്റി ഒന്നും പറയാതെ, നമസ്കാരം ഉണ്ടാക്കുന്ന ഐക്യബോധത്തെപ്പറ്റിയും, അച്ചടക്ക ബോധത്തെപ്പറ്റിയും സാംസ്കാരിക വളർച്ചയെപ്പറ്റിയുമെല്ലാം ഈ പ്രസ്ഥാനത്തിന്റെ നേതാവ് ആവർത്തിച്ചു പറയുന്നു. ഇതിനെപ്പറ്റി ആരോ അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം നല്കിയ ഉത്തരം ചിന്താർഹമാണ്. അത് ഏകദേശം ഇങ്ങനെയാണ്: 'നമസ്കാരത്തിനു പരലോകത്തുള്ള പ്രതിഫലത്തെപ്പറ്റി എല്ലാവർക്കുമറിയാം. എന്നിട്ട് ആരും അതിൽ വ്യാപൃതമാകുന്നില്ല. നമസ്കാരത്തിന്റെ സാംസ്കാരികവും മറ്റുമായ വശങ്ങളെപ്പറ്റിയാണ് ആളുകൾ അറിയാ

ത്തത്. അതുകൊണ്ടാണ് അതിന് ഞാൻ പ്രാധാന്യം നല്കുന്നത്. പരലോക വിശ്വാസം ഉണ്ടായിട്ടും മുസ്‌ലിംകൾ കർമനിരതരാകുന്നില്ല. അതുകൊണ്ട് ലൗകികമായി അവരെ ബോധവാന്മാരാക്കാനുള്ള ശ്രമമാണ്. യഥാർഥത്തിൽ ശരിയായ പരലോക വിശ്വാസത്തിന്റെ അഭാവമാണ് നമസ്കാരാദി കർമങ്ങളിൽ നിന്ന് മുസ്‌ലിംകൾ വിമുഖരാകാൻ കാരണം. പരലോകത്തെപ്പറ്റി കൂടുതൽ ശക്തിയായി അവരെ ഉദ്ബോധിപ്പിക്കുകയാണ് ഇതിനുള്ള പരിഹാരം. അതിന് പകരം നമസ്കാരത്തിന്റെ ഭൗതികവും ലൗകികവുമായ ഫലങ്ങൾക്ക് എല്ലാ പ്രാധാന്യവും കൊടുത്തുകൊണ്ടുള്ള ഉദ്ബോധനം മതത്തിന്റെ അടിസ്ഥാനപരമായ ഗ്വയ്ബിലുള്ള വിശ്വാസത്തെ നാമാവശേഷമാക്കി, ഇസ്‌ലാമിനെ വെറും ഒരു പ്രസ്ഥാനവും പദ്ധതിയുമാക്കി മാറ്റുവാനേ ഉപകരിക്കൂ. ഈ ലക്ഷ്യങ്ങൾക്കു വേണ്ടി നമസ്കരിക്കുന്നവനും, വയറു വേദന സുഖപ്പെടുത്താൻ വേണ്ടി നോമ്പു പിടിക്കുന്നവനും തമ്മിൽ വ്യത്യാസമൊന്നുമില്ല. ഇസ്‌ലാമിലെ എല്ലാ ഇബാദത്തുകളും, നമസ്കാരം, നോമ്പ് മുതലായവയെല്ലാം ഇസ്‌ലാമിക സ്റ്റേറ്റിലെ ഭരണനിയമങ്ങൾ അനുസരിച്ച് ജീവിക്കുക എന്ന ഏറ്റവും വലിയ ഇബാദത്തിനുള്ള പരിശീലനങ്ങൾ മാത്രമാണ് എന്നും ഇവർ വാദിക്കുന്നു. അങ്ങനെ വെറും ഭൗതികവും ലൗകികവുമായ ലക്ഷ്യങ്ങൾക്കു വേണ്ടിയുള്ള ഒരു പ്രസ്ഥാനമായും പദ്ധതിയായും ഇസ്‌ലാമിനെ പുനഃസ്ഥാപിക്കാൻ വേണ്ടിയുള്ള ഈ സംരംഭത്തെ സഹായിക്കാൻ അതിന്റേതായ പ്രത്യേക തരം സാഹിത്യങ്ങളും നിലവിൽവന്നിരിക്കുന്നു. 'ഗ്വയ്ബിലുള്ള വിശ്വാസത്തിന്മേൽ' അധിഷ്ഠിതമായ ഇസ്‌ലാമിനെ, ഈ സാഹിത്യങ്ങളിൽ കൂടി കൂടുതൽ പരിചയപ്പെടുകയും പഠിക്കുകയും ചെയ്യുമ്പോൾ ആളുകൾക്ക് അറിയാതെത്തന്നെ 'ഗ്വയ്ബ്' അപ്രധാനവും അപ്രസക്തവുമായ കാര്യമായിത്തീരുന്നു. 'ഗ്വയ്ബ്' ഇല്ലെങ്കിലും സമ്പൂർണ ജീവിതപങ്കാളിക്ക് ഒരു തകരാറും പറ്റാനില്ലല്ലോ! ക്വുർആനും സുന്നത്തും 'ഗ്വയ്ബി'ന് കൊടുക്കുന്ന പ്രാധാന്യവും ഊന്നലും ഭരണസംസ്ഥാപനത്തിന്മേലും ലൗകിക ലക്ഷ്യങ്ങളിന്മേലും ആക്കി മാറ്റുകയും പരലോക ജീവിതവും സ്വർഗവും നരകവുമെല്ലാം അടങ്ങുന്ന 'ഗ്വയ്ബ്' അത്ര വലിയ ഒരു കാര്യമല്ല എന്ന പ്രതീതിയുണ്ടാക്കുകയും ചെയ്യുന്നു. ഇബാദത്തിന്റെ അർഥത്തിലും ഇലാഹിന്റെ അർഥത്തിലും എല്ലാമുള്ള വ്യതിചലനങ്ങൾക്കുള്ള അടിസ്ഥാന കാരണം 'ഗ്വയ്ബി' നെപ്പറ്റിയുള്ള ഈ അവഗണനയും ലൗകിക ലക്ഷ്യങ്ങൾക്ക് നല്കിയ അമിത പ്രാധാന്യവുമാണെന്നു കാണാം!

## ഗ്വയ്ബിൽ വിശ്വസിക്കാതെ വഴിയില്ല

പരലോക ജീവിതം അനശ്വരമാണ്. എന്നെന്നും നിലനില്ക്കുന്ന സ്വർഗ ജീവിതമാണ് സത്യവിശ്വാസികൾക്ക് അല്ലാഹു വാഗ്ദത്തം ചെയ്യുന്നത്. ഇഹലോക ജീവിതം അതുമായി തുലനം ചെയ്യുമ്പോൾ എത്ര

നിസ്സാരം! എന്നാൽ ഇഹലോകജീവിതത്തെ, പരലോക ജീവിതത്തെക്കാൾ ഇഷ്ടപ്പെടുന്നവർക്ക് ദൈവിക മാർഗമായ ഇസ്‌ലാം മതിയാകില്ല.

"ഇഹലോക ജീവിതത്തെ പരലോകത്തെക്കാൾ ഇഷ്ടപ്പെടുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് തടുക്കുകയും അതിന് വക്രത ആഗ്ര ഹിക്കുകയും ചെയ്യുന്നവരാണവർ...." (വി.ക്വു. 14:3)

അതുകൊണ്ട് ക്വുർആനും സുന്നത്തും നമുക്ക് പഠിപ്പിച്ചുതരുന്ന 'ഗ്വയ്ബി'നെപ്പറ്റിയുള്ള ശരിയായ വിശ്വാസത്തിന് യാതൊരു പാളിച്ചയും തകരാറും സംഭവിക്കാതെ, അതിന്റെ അടിസ്ഥാനത്തിലുള്ള ഇസ്‌ലാമിന്റെ യഥാർഥ അനുയായികളായി ജീവിക്കാൻ അല്ലാഹു നമ്മെ തുണക്കട്ടെ. ആമീൻ!